# മസ്ദൂർ ഭാരതി

ഡിസംബർ 2023

## ഓപ്പറേഷൻ സിൽക്യാര
## രാജ്യം കണ്ട വലിയ രക്ഷാദൗത്യം






ബി.എം.എസ്. അഖിലേന്ത്യാ ജനറൽ സെക്രട്ടറി രവീന്ദ്ര ഹിംതെയുടെ നേതൃത്വത്തിൽ കേന്ദ്ര ധനകാര്യവകുപ്പ് മന്ത്രി ശ്രീമതി നിർമ്മല സീതാരാമന് ഓൾഡ് പെൻഷൻ സ്കീം പുനഃസ്ഥാപിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം നൽകുന്നു.



ബി.എം.എസ്. ദേശീയ ഭാരവാഹി യോഗം എറണാകുളം തൊഴിലാളി പഠന പരിശീലന ഗവേഷണ കേന്ദ്രത്തിൽ ദേശീയ പ്രസിഡന്റ് ഹിരണ്മയ് പാണ്ഡ്യ ഉദ്ഘാടനം ചെയ്യുന്നു.



ബി.എം.എസ് എറണാകുളം ജില്ലാ സമ്മേളനം സംസ്ഥാന പ്രസിഡന്റ് സി. ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ ഉദ്ഘാടനം ചെയ്യുന്നു.




G20 L20 INDIA 2023

# മസ്ദൂർ ഭാരതി

MAZDOORBHARATHI MONTHLY
തൊഴിലാളി വാർത്താ മാസിക

ഭാരതീയ മസ്ദൂർ സംഘം കേരളപ്രദേശ് മുഖപത്രം

Volume: 40 2023 DECEMBER Issue 12

മസ്ദൂർഭാരതി
കല്ലായ് റോഡ്, കോഴിക്കോട് - 673002
ഫോൺ : 0495 2305040
e-mail : mazdoorbharathi@gmail.com

**മുഖപ്രസംഗം** ജനഹൃദയം കേന്ദ്ര സർക്കാരിനൊപ്പം 4

കടക്കെണിയിലൂടെ കർഷകരെ കൊല്ലുന്ന ഭരണം..........6
ഇ.ദിവാകരൻ
ഇടത് സർക്കാർ കേരളത്തെ തൊഴിലാളികളുടെ ശവപ്പറമ്പാക്കുന്നു..........8
പി.ആർ.ശിവശങ്കരൻ
അരക്ഷിത കേരളം..........11
ടി.എം.നാരായണൻ
ഓപ്പറേഷൻ സിൽക്യാര: രാജ്യം കണ്ട വലിയ രക്ഷാദൗത്യം..........13
സ്വന്തം ലേഖകൻ
രാഷ്ട്രഹിതം തന്നെ തൊഴിലാളി ഹിതം..........15
ടി.വിജയൻ
കേരള ആഭരണതൊഴിലാളി ക്ഷേമ പദ്ധതി..........17
ദേവു ഉണ്ണി
തിരുവണ്ണൂർ കോട്ടൺ മില്ലിന്റെ തകർച്ചക്ക് കാരണം കെടുകാര്യസ്ഥത..........19
വിജയൻ കൊളത്തറ

വാർത്തകൾ..........26-50

നിരീക്ഷണങ്ങൾ വിശകലനങ്ങൾ കല്ലറ അജയൻ — കാനഡ തനിച്ചല്ല 22

**മസ്ദൂർ ഭാരതി**

**ഉപദേശക സമിതി**
അഡ്വ.സി.കെ.സജി നാരായണൻ
കെ.ഗംഗാധരൻ
പി.ഗോപാലൻകുട്ടി മാസ്റ്റർ
വി.രാധാകൃഷ്ണൻ
ഡോ.എം.വി.നടേശൻ
ഡോ.കെ.ആർ.രാധാകൃഷ്ണപിള്ള
കല്ലറ അജയൻ
എം.എസ്. ശ്യാംകുമാർ
കെ.വി.രാജേന്ദ്രൻ

മാനേജർ : ഇ.ദിവാകരൻ

**പത്രാധിപസമിതി**
എഡിറ്റർ : കെ.കെ.വിജയകുമാർ
അസി.എഡിറ്റർ : ടി.എം.നാരായണൻ
സബ് എഡിറ്റർ : കെ.പി.അഖിലേഷ്

സി.ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ
ജി.കെ.അജിത്ത്
കെ.മഹേഷ്
എം.പി.രാജീവൻ

അദ്ധ്വാനം ആരാധനയാണ്

മസ്ദൂർ ഭാരതി
MAZDOORBHARATHI MONTHLY
തൊഴിലാളി വാർത്താ മാസിക

പുസ്തകം: 40 2023 ഡിസംബർ ലക്കം 12

# ജനഹൃദയം കേന്ദ്ര സർക്കാരിനൊപ്പം

അഞ്ച് സംസ്ഥാന നിയമസഭാ തിരഞ്ഞെടുപ്പുകളിൽ മൂന്നിടത്തും വിജയംനേടി ഭാരതീയ ജനതാ പാർട്ടി ഒരിക്കൽകൂടി ജനവിശ്വാസം തെളിയിച്ചിരിക്കുന്നു. മധ്യപ്രദേശിൽ വൻ ഭൂരിപക്ഷത്തിൽ വിജയിച്ച് രണ്ട് പതിറ്റാണ്ടായി തുടരുന്ന ഭരണം നിലനിർത്തിയപ്പോൾ രാജസ്ഥാനും ഛത്തീസ്ഗഡും കോൺഗ്രസ്സിൽനിന്ന് പിടിച്ചെടുക്കുകയായിരുന്നു. 230 സീറ്റിൽ 165 സീറ്റ് നേടിയാണ് മധ്യപ്രദേശിൽ ബിജെപി തുടർഭരണം ഉറപ്പിച്ചത്. മുഖ്യമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ ഒരു ലക്ഷത്തിലധികം വോട്ടുകൾക്കാണ് വിജയിച്ചത്. രാജസ്ഥാനിൽ 199 സീറ്റിൽ 115 സീറ്റ് നേടിയാണ് ബി.ജെ.പി. കോൺഗ്രസ്സിനെ പരാജയപ്പെടുത്തിയത്. ഛത്തീസ്ഗഡിൽ 90-ൽ 54 സീറ്റുകൾ നേടിയാണ് ബി.ജെ.പി. ഭരണം പിടിച്ചെടുത്തത്. തെലുങ്കാനയിൽ മാത്രമാണ് കോൺഗ്രസ്സിന് വിജയിക്കാനായത്. മിസ്സോറാമിൽ പ്രാദേശികകക്ഷിയായ ഇസഡ്.പി.എം വിജയിച്ചു. തെലുങ്കാനയിലും മിസ്സോറാമിലും ബിജെപിയുടെ ശക്തി വർധിച്ചിട്ടുമുണ്ട്.

കഴിഞ്ഞ കുറച്ചു വർഷങ്ങളായി ദുർബ്ബലമായിക്കഴിഞ്ഞിരുന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന് രാഹുൽ ഗാന്ധിയുടെ നേതൃത്വത്തിൽ നടത്തിയ ജോഡോയാത്രയിലൂടെ പുതിയ ഊർജ്ജം നേടാനായി എന്നാണ് പ്രചരിപ്പിക്കപ്പെട്ടിരുന്നത്. ഇന്ത്യൻ നാഷണൽ ഡെവലപ്മെന്റൽ ഇൻക്ലൂസീവ് അലയൻസ് എന്ന ഇൻഡി സഖ്യം 28 കക്ഷികൾ ചേർന്ന് രൂപവൽക്കരിച്ചപ്പോൾ അത് ബിജെപിക്ക് ബദലാകുമെന്നും പ്രചരിപ്പിക്കപ്പെട്ടിരുന്നു. 2024-ലെ ലോക്സഭാ തിരഞ്ഞെടുപ്പിന്റെ സെമിഫൈനൽ എന്നു വിശേഷിപ്പിക്കപ്പെട്ട നിയമസഭാ തെരഞ്ഞെടുപ്പിൽപോലും മിക്ക സംസ്ഥാനത്തും ഇൻഡി സഖ്യത്തിലെ കക്ഷികൾക്ക് ഒന്നിക്കാൻ കഴിഞ്ഞില്ലെന്നു മാത്രമല്ല പരസ്പരം മൽസരിക്കുകയും ചെയ്തു. അതുകൊണ്ടാണ് രാജസ്ഥാനിൽ സിപിഎമ്മിന് ഉണ്ടായിരുന്ന രണ്ടുസീറ്റു കൂടി നഷ്ടമായത്. ഉത്തരേന്ത്യയിലെ മൂന്നു സംസ്ഥാനത്തും സ്വന്തം സ്ഥാനാർത്ഥികളെ നിർത്തിയ ആം

ആദ്മി പാർട്ടിക്കും ഒരിടത്തും ജയിക്കാനായില്ല.

മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിന്റെ പേരിൽ രാജ്യത്തെ ജാതിതിരിച്ച് വിഭജിക്കാൻ പണ്ട് വി.പി. സിംഗ് നടത്തിയ ശ്രമത്തിന്റെ തുടർച്ചയായി എല്ലാ സർക്കാർ അവസരങ്ങളും ആനുകൂല്യങ്ങളും ഓരോ ജാതിക്കാർക്കും അവരുടെ എണ്ണത്തിനനുസരിച്ച് വീതം വെയ്ക്കണമെന്ന ആവശ്യവുമായി വന്ന രാഹുൽഗാന്ധിയെ തിരഞ്ഞെടുപ്പ് എഴുതിത്തള്ളി. നാരീശക്തി, യുവശക്തി, കർഷകശക്തി, ദരിദ്രജനത എന്നീ ജാതികളെയാണ് താൻ പരിപോഷിപ്പിക്കാൻ ആഗ്രഹിക്കുന്നതെന്നാണ് പ്രധാനമന്ത്രി നരേന്ദ്രമോദി തിരഞ്ഞെടുപ്പ് വിജയത്തിന് നന്ദി പ്രകടിപ്പിച്ചുകൊണ്ട് നടത്തിയ പ്രസംഗത്തിൽ വ്യക്തമാക്കിയിരിക്കുന്നത്. പ്രീണനരാഷ്ട്രീയത്തിനും കുടുംബവാഴ്ചയ്ക്കും അഴിമതിക്കും എതിരായ ജനവിധിയാണ് തിരഞ്ഞെടുപ്പ് ഫലം എന്നാണ് അദ്ദേഹം പറഞ്ഞത്.

പുതിയ സാഹചര്യത്തിൽ 12 സംസ്ഥാനങ്ങളിൽ ബി.ജെ.പി.ക്ക് സ്വന്തം മുഖ്യമന്ത്രിമാരാവുകയാണ്. ഇതിനുപുറമെ മഹാരാഷ്ട്രയിലും മേഘാലയയിലും നാഗാലാന്റിലും സിക്കിമിലും ബി.ജെ.പി. സഖ്യമാണ് ഭരണം കയ്യാളുന്നത്. കോൺഗ്രസ്സിന് ഇനി മൂന്ന് സംസ്ഥാനത്തേ ഭരണമുള്ളു. പ്രധാനമന്ത്രി പറയാറുള്ള ഡബിൾ എഞ്ചിൻ ഭരണം രാജ്യത്തിന്റെ വികസനത്തിന് കൂടുതൽ കുതിപ്പ് നല്കും. ബി.ജെ.പി. നേതൃത്വത്തിലുള്ള കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ തുടർഭരണം മധ്യപ്രദേശിൽ ജനക്ഷേമവും വികസനവും ഉറപ്പുവരുത്താൻ ഉപകരിച്ചു. അതോടൊപ്പം താഴെ തട്ടുവരെ വളർത്തിയെടുത്ത സംഘടനാശക്തിയും മധ്യപ്രദേശിനെ ബിജെപിയുടെ ഉരുക്കുകോട്ടയാക്കി മാറ്റിയിരിക്കുകയാണ്. രാജസ്ഥാനിൽ സ്ത്രീകൾക്കുനേരെ ആക്രമണങ്ങൾ കൂടിയിട്ടും അതിനെതിരായ നടപടികൾ കൈക്കൊള്ളാൻ കോൺഗ്രസ്സ് സർക്കാരിന് കഴിഞ്ഞിരുന്നില്ല. പലവിധ ജനപ്രിയ പദ്ധതികളും പ്രഖ്യാപിച്ചിട്ടും ഗെഹ്ലോട്ടിൽ ജനങ്ങൾ അസംതൃപ്തി രേഖപ്പെടുത്തുകയാണുണ്ടായത്. ഛത്തീസ്ഗഡിൽ വനവാസി മേഖലകളിലെല്ലാം ബിജെപിയാണ് വിജയം കൈവരിച്ചത്. മുൻ മുഖ്യമന്ത്രിയായ ഡോ. രമൺസിംഗ് 45,000 വോട്ടുകൾക്കാണ് വിജയം കൈവരിച്ചത്, മൂന്നു സംസ്ഥാനങ്ങളിലും പ്രധാനമന്ത്രിയുടേയും കേന്ദ്രമന്ത്രിമാരുടെയും നേതൃത്വത്തിലാണ് ബിജെപി തിരഞ്ഞെടുപ്പ് പ്രചരണം സംഘടിപ്പിച്ചിരുന്നത്. അതുകൊണ്ടുതന്നെ ഈ തിരഞ്ഞെടുപ്പ് ഫലം കേന്ദ്ര സർക്കാരിന്റെ ജനക്ഷേമ വികസന നയങ്ങൾക്കുള്ള പിന്തുണകൂടിയാണെന്ന് വ്യക്തമാണ്. ഈ മൂന്ന് സംസ്ഥാനങ്ങളിൽനിന്നായി 65 ലോക്സഭാ അംഗങ്ങളെ തിരഞ്ഞെടുക്കാനുണ്ട്. രണ്ടുമൂന്നു മാസങ്ങൾ കഴിഞ്ഞാൽ തിരഞ്ഞെടുപ്പ് കാഹളം മുഴങ്ങാൻ പോകുകയാണ്. അതിന്റെ മുന്നോടിയായി നടന്ന ജനവിധി പ്രകടമാക്കുന്നത് "ഒരിക്കൽകൂടി മോദി" എന്ന ബിജെപി മുദ്രാവാക്യം ലോക്സഭാ തിരഞ്ഞെടുപ്പിൽ വിജയം കൈവരിക്കുമെന്നതാണ്. ■

# കടക്കെണിയിലൂടെ കർഷകരെ കൊല്ലുന്ന ഭരണം



**ഇ. ദിവാകരൻ**

**കേ**രളത്തിലെ കൃഷി ആവശ്യമില്ലെന്നും കർഷകൻ മരിച്ചുകൊള്ളട്ടെ എന്നുമാണ് സംസ്ഥാനം ഭരിക്കുന്ന ഇടത് സർക്കാരിന്റെ നിലപാട് എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. കുട്ടനാട്ടിലെ പ്രസാദിന്റെ ആത്മഹത്യ സർക്കാർ നയവൈകല്യത്തിന്റെ ഭാഗമായതിനാൽ സർക്കാർ നടത്തിയ കൊലപാതകം എന്നു പറയുന്നതാണ് ശരി. കഴിഞ്ഞ അഞ്ചുവർഷത്തിനകം 26 കർഷകരാണ് സംസ്ഥാനത്ത് ആത്മഹത്യ ചെയ്തത്. കേരളത്തിന്റെ 'നെല്ലറ' എന്നറിയപ്പെടുന്ന കുട്ടനാട്ടിൽ നെൽകൃഷിയിൽ ഏർപ്പെട്ട പ്രസാദ് അംബേദ്കർ കോളനിയിലെ പ്രമുഖ കർഷകനും സാമൂഹ്യ പ്രവർത്തകനുമായിരുന്നു. ഭാരതീയ കിസാൻ സംഘിന്റെ ആലപ്പുഴ ജില്ലാ പ്രസിഡന്റും ബി.എം.എസ്. തകഴി പഞ്ചായത്ത് സെക്രട്ടറിയുമായിരുന്ന പ്രസാദിന്റെ ഭാര്യ ഓമന, മക്കൾ അഥീന, അഥിക് എന്നിവരടങ്ങിയ കുടുംബത്തിന്റെ പ്രതീക്ഷയാണ് അദ്ദേഹത്തിന്റെ മരണം മൂലം നഷ്ടമായിരിക്കുന്നത്.

വായ്പകിട്ടാത്തതുകാരണം കൃഷിചെയ്യാൻ വയ്യാതെ ജീവിതം വഴിമുട്ടിയപ്പോഴാണ് പ്രസാദ് ആത്മഹത്യ ചെയ്തത്. വായ്പയ്ക്ക് ബാങ്കിനെ സമീപിച്ചുവെങ്കിലും പി. ആർ.എസ്. വായ്പ കുടിശ്ശിക ചൂണ്ടിക്കാട്ടി ബാങ്ക് വായ്പ നിഷേധിച്ചു. ഇതിൽ മനം



കെ.ജി.പ്രസാദ്

നൊന്താണ് പ്രസാദ് ആത്മഹത്യ ചെയ്തത്. പ്രസാദിന് നെല്ലുവിലയായി കൊടുത്ത ബാങ്കുവായ്പ സർക്കാർ യഥാസമയം അടക്കാതിരുന്നതാണ് വായ്പ കുടിശ്ശികയായത്. ഇതോടെ മറ്റു മാർഗ്ഗമില്ലാതെ പ്രസാദ് ജീവനൊടുക്കി. പി. ആർ.എസ്. വായ്പ കർഷകരെ ബാധിക്കില്ലെന്നും സർക്കാർ അടയ്ക്കുമെന്നുമുള്ള മന്ത്രിമാരുടെയും സർക്കാരിന്റെയും ഉറപ്പുകൾ പാഴ്‌വാക്കായി മാറി. സർക്കാറാണ് തന്റെ മരണത്തിന് ഉത്തരവാദിയെന്ന് എഴുതിവെച്ചാണ് ആത്മഹത്യ ചെയ്തത്.

1975 മുതൽ 2020 വരെയുള്ള കാൽനൂറ്റാണ്ടിനിടയ്ക്ക് കേരളത്തിൽ ജീവനൊടുക്കിയത് 26576 പേരാണ്. 2013-ൽ നാഷണൽ സാമ്പിൾ സർവ്വേ ഓർഗനൈസേഷൻ നടത്തിയ പഠനത്തിൽ കാർഷികവൃത്തി ജീവിതമാർഗ്ഗമായി സ്വീകരിച്ച കേരളത്തിലെ 78 ശതമാനം പേരും കടത്തിലാണ്. ഇവർ അടച്ചുതീർക്കേണ്ട ശരാശരി വായ്പ 2.13 ലക്ഷമാണ്. ഇതിൽ 20 ശതമാനവും ബാങ്കിങ് ഇതര സ്ഥാപനങ്ങളിൽനിന്നാണ്.

കഴിഞ്ഞ ദിവസം മന്ത്രി സജി ചെറിയാൻ പറഞ്ഞത് കേരളത്തിൽ കൃഷിയില്ലെങ്കിലും സാരമില്ല തമിഴ് നാട്ടിൽനിന്ന് അരി കിട്ടുമെന്നാണ്. സർക്കാർ കർഷകരോട് കാണിക്കുന്ന നിലപാടാണ് ഇതിൽനിന്നു വ്യക്തമാകുന്നത്. ആത്മഹത്യ ചെയ്ത കർഷകരെ അവഹേളിക്കുന്ന നിലപാടാണ് സി.പി.എം. സോഷ്യൽ മീഡിയ വഴി സ്വീകരിക്കുന്നത്.

# “എന്റെ മരണത്തിനു കാരണം കേരള സർക്കാർ”

**ക**ർഷകനെ കടക്കെണിയിലാക്കി മരണത്തിലേക്ക് തള്ളിവിടുന്ന ഇടതു സർക്കാർ എത്രയെത്ര കുടുംബങ്ങളെ കണ്ണീരിലാഴ്ത്തുന്നു എന്നതിന്റെ ചിത്രം വ്യക്തമാക്കുന്ന ഒരു കത്താണിത്.

‘‘എന്റെ മരണത്തിനു കാരണം കേരള സർക്കാരും എസ്.ബി.ഐ,ഫെഡറൽ ബാങ്ക്, വിജയ ബാങ്ക് എന്നിവയുമാണ്. ഞാൻ 2011ൽ എസ്.ബി.ഐയിൽ നിന്ന് ഒരു കൃഷിക്കു വായ്പ്പയെടുത്ത് കുടിശ്ശികയാകുകയും പല പ്രാവശ്യമായി 20,000 രൂപ തിരിച്ചടയ്ക്കുകയും ചെയ്തു. 2020ൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം പലിശയും പിഴപ്പലിശയും കഴിച്ചുള്ള തുക തിരിച്ചടയ്ക്കുകയും ചെയ്തു. അതിനു ശേഷം എനിക്ക് ഒരു ബാങ്കിൽ നിന്നും കൃഷി വായ്പ തരുന്നില്ല.

ഞാൻ എന്റെ നെല്ലു കൊടുത്തതിന്റെ വിലയാണ് പിആർഎസ് വായ്പയായി തന്നത്. ആയത് പലിശ സഹിതം കൊടുത്തു തീർക്കേണ്ട ബാധ്യത സർക്കാരിനാണ്. അതിനാൽ എന്റെ മരണത്തിനു കാരണം സർക്കാരാണ്.’’

എന്ന്

കെ.ജി.പ്രസാദ്

## ഭരണകൂടം നടത്തിയ കൊലപാതകം – കിസാൻ സംഘ്

**തകഴി:** കെ.ജി.പ്രസാദിന്റെ ആത്മഹത്യ സർക്കാരിന്റെ വികലമായ കാർഷിക നയം മൂലമുണ്ടായതാണെന്ന് ഭാരതീയ കിസാൻ സംഘ് സംസ്ഥാന സമിതി. ഈ ഭരണകൂടം നടത്തിയ കൊലപാതകമാണിത്. ഇതിന്റെ ഉത്തരവാദിത്തം ഏറ്റെടുത്ത് കൃഷിമന്ത്രി രാജി വയ്ക്കണം. കേരളത്തിലെ രണ്ടര ലക്ഷത്തോളം നെൽക്കർഷകരനുഭവിക്കുന്ന ദുരിത ജീവിതത്തിന്റെ പ്രതീകമാണ് പ്രസാദെന്ന് സമിതി ചൂണ്ടിക്കാട്ടി.

സർക്കാരിന്റെ കെടുകാര്യസ്ഥതയും ധൂർത്തും മൂലം ആത്മഹത്യ ചെയ്യുന്ന കർഷകർ വർധിക്കുകയാണ്. സർക്കാരിന് കൊടുത്ത നെല്ലിന്റെ വിലയായി പ്രസാദിന് ലഭിച്ച ബാങ്ക് വായ്പ പാട്ട സംഖ്യ കൊടുക്കാനേ തികഞ്ഞുള്ളൂ. സ്വന്തം കൃഷിയിടത്തിൽ വിളവിറക്കാൻ വായ്പ തേടിയ പ്രസാദിന് സിബിൽ സ്കോർ കുറഞ്ഞെന്നു പറഞ്ഞു അത് നിഷേധിക്കുകയായിരുന്നു. പിആർഎസിനു മേൽ വായ്പ കിട്ടിയ തുക ബാങ്കുകൾക്കു സർക്കാർ നൽകിയിരുന്നെങ്കിൽ ഈ ആത്മഹത്യ ഉണ്ടാകുമായിരുന്നില്ല. പ്രസാദിന്റെ മരണാനന്തര ക്രിയകൾക്ക് സർക്കാർ ഉടൻ സഹായം നൽകണം. കുടുംബത്തിന് 25 ലക്ഷം രൂപ നഷ്ടപരിഹാരം നൽകണമെന്ന് കിസാൻ സംഘ് സംസ്ഥാന ജനറൽ സെക്രട്ടറി ഇ.നാരായണൻകുട്ടി ആവശ്യപ്പെട്ടു.

## കുടുംബത്തിന് 25 ലക്ഷം രൂപ നഷ്ടപരിഹാരം നൽകണം: ബി.എം.എസ്.

**കൊച്ചി:** കെ.ജി.പ്രസാദിന്റെ ആത്മഹത്യയ്ക്ക് സംസ്ഥാന സർക്കാരാണ് പൂർണ ഉത്തരവാദിയെന്ന് ബി.എം.എസ്. സംസ്ഥാന ജനറൽ സെക്രട്ടറി ജി.കെ.അജിത്ത്. സർക്കാരിന്റെ കർഷകദ്രോഹ നടപടികളെ അപലപിച്ച ബി.എം.എസ്, പ്രസാദിന്റെ കുടുംബത്തിന് നഷ്ടപരിഹാരമായി സർക്കാർ 25 ലക്ഷം രൂപ നൽകണമെന്നും ആവശ്യപ്പെട്ടു.

ഇതിലൂടെ സർക്കാരിന്റെ ചതിയാണ് വെളിവായത്. നെല്ല് അളന്ന് സപ്ലൈകോ പിആർഎസ് നൽകുമ്പോൾ, ബാങ്കുകൾ പണം നൽകുന്നത് വായ്പയായാണ്. ഇത് തിരിച്ചടയ്ക്കേണ്ട ഉത്തരവാദിത്തം സർക്കാരിനാണ്. കേരളത്തിലെ സർക്കാർ ഇത് തിരിച്ചടയ്ക്കാത്തതിനാൽ, പാവപ്പെട്ട കർഷകർ ക്രൂശിക്കപ്പെടുകയാണ്. സർക്കാർ ക്രൂരതയുടെ അവസാനത്തെ ഇരയാണ് പ്രസാദ്. ഈ ആത്മഹത്യയുടെ പൂർണ ഉത്തരവാദിത്തം സംസ്ഥാന സർക്കാരിനാണ്. കർഷകരോട് ഒരു ദയയും കാണിക്കാത്ത സർക്കാരാണ് കേരളീയത്തിന് കോടികൾ ധൂർത്തടിച്ചത്. 23,691 കർഷകർക്ക് സർക്കാർ ഇനിയും പണം നൽകാനുണ്ട്. പണം ലഭിച്ചവരാകട്ടെ അടുത്ത കെണിയിൽ പെട്ടിരിക്കുകയാണ്, അദ്ദേഹം പ്രസ്താവനയിൽ ചൂണ്ടിക്കാട്ടി.

# ഇടത് സർക്കാർ കേരളത്തെ തൊഴിലാളികളുടെ ശവപ്പറമ്പാക്കുന്നു



**പി. ആർ. ശിവശങ്കരൻ**

**ക**മ്മ്യൂണിസ്റ്റ് പാർട്ടികൾ നയിക്കുന്ന സർക്കാരുകൾ തൊഴിലാളികൾക്ക് അനുകൂലമായ നയസമീപനങ്ങൾ ആയിരിക്കും എടുക്കുക എന്നതാണല്ലോ മലയാളികളുടെ പൊതുബോധം. എന്നാൽ കേരളത്തിൽ ഇന്ന് അധികാരത്തിലുള്ള പിണറായി സർക്കാർ കേരളചരിത്രത്തിലെ ഏറ്റവും വലിയ തൊഴിലാളി വിരുദ്ധ സർക്കാരായി മാറിയിരിക്കുന്നു. തൊഴിലാളിവർഗ്ഗത്തിന്റെ പിൻബലത്തോടെ അധികാരത്തിൽ വന്ന ഇടതുപക്ഷ സർക്കാർ സമ്പന്നവർഗ്ഗത്തിന്റെ സംരക്ഷകരായി മാറിയിരിക്കുന്നു.



**പിണറായി സർക്കാർ കേരളചരിത്രത്തിലെ ഏറ്റവും വലിയ തൊഴിലാളി വിരുദ്ധ സർക്കാരായി മാറിയിരിക്കുന്നു. തൊഴിലാളിവർഗ്ഗത്തിന്റെ പിൻബലത്തോടെ അധികാരത്തിൽ വന്ന ഇടതുപക്ഷ സർക്കാർ ഇന്ന് സംസ്ഥാനത്തെ സമ്പന്നവർഗ്ഗത്തിൽ പോലും സ്വജനപക്ഷപാതം കാണിക്കുന്ന സർക്കാരും അവരുടെ സംരക്ഷകരായിരിക്കുന്നു.**

നിലവിലുള്ള 30 ഓളം ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായിരുന്നവർക്ക് മാസംതോറും നൽകുവാനുള്ള ക്ഷേമനിധി പെൻഷൻ നൽകിയിട്ട് നിരവധി മാസങ്ങൾ കഴിഞ്ഞു. ഉദാഹരണത്തിന് കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമെടുക്കുന്ന 60 വയസ്സ് പൂർത്തിയാക്കിയവർക്ക് ആണ് പെൻഷൻ ലഭിക്കുക. പരമാവധി 1600 രൂപയാണ് പെൻഷൻ. എന്നാൽ ഈ പെൻഷനും മറ്റു അനുകൂല്യങ്ങളായ അവശത പെൻഷൻ, കുടുംബ പെൻഷൻ, ചികിത്സ, അപകട ചികിത്സ തുടങ്ങിയ ആനുകൂല്യങ്ങളും മാസങ്ങളായി മുടങ്ങിയിരിക്കുന്നു. ഈ തൊഴിലാളികൾ പ്രതിമാസം 50 രൂപ അംശദായം നൽകുകയും, കൂടാതെ 10 ലക്ഷം രൂപയിൽ കൂടുതൽ നിർമ്മാണ ചെലവ് വരുന്ന വീടുകളുടെ നിർമ്മാണ ചെലവിന്റെ ഒരു ശതമാനവും ഈടാക്കുന്നതും. വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ ചെലവിന്റെ 1% തുകയും സെസ്സായി ഈടാക്കേണ്ടതാണ്. എന്നാൽ സെസ്സ് പിരിവ് സമയബന്ധിതമായി നടത്താതെ




**എട്ടു മണിക്കൂർ ജോലിക്കായി ലോകം മുഴുവൻ മുദ്രാവാക്യം വിളിക്കുന്ന കമ്മ്യൂണിസ്റ്റുകാർ, കെ.എസ്. ആർ.ടി.സി.യിൽ പന്ത്രണ്ടുമണിക്കൂർ പണിയെടുപ്പിക്കുന്നു. ഇങ്ങനെ പണിയെടുക്കുന്ന തൊഴിലാളിയുടെ ശമ്പളവും പെൻഷനുമാണ് തടഞ്ഞുവെക്കുന്നത്. ഓരോ വർഷവും നൽകേണ്ട യൂണിഫോം നിർത്തിവെച്ചിട്ട് ആറു കൊല്ലമായി. ആശ്രിത നിയമനം നിർത്തിവെച്ചിട്ട് ആറു കൊല്ലമായി. മെഡിക്കൽ ആനുകൂല്യങ്ങൾ നൽകുന്നില്ല.**

ക്ഷേമനിധി ബോർഡിനെ സാമ്പത്തിക പ്രതിസന്ധിയിലാക്കിയ കേരള സർക്കാർ നിർമ്മാണ തൊഴിലാളികളോട് കാണിക്കുന്ന കൊടുംചതിയാണ്. മിക്ക ക്ഷേമനിധി പെൻഷനുകളും സാമൂഹ്യ സുരക്ഷാ പെൻഷനും മാസങ്ങളായി കുടിശ്ശികയാണ്. കേരളം ഭരിക്കുന്ന പിണറായി സർക്കാർ, അവർ വാങ്ങിച്ച വിഹിതംവരെ വകമാറ്റി ചിലവാക്കി തൊഴിലാളികൾക്കുള്ള ന്യായമായ അവകാശം, അവർ സർക്കാരിന് നൽകിയ പണം പോലും തിരിച്ചുനൽകാതെ തൊഴിലാളികളെ വഞ്ചിക്കുന്നു.

**കെ.എസ്.ആർ.ടി.സിയുടെ തകർച്ച പൂർണ്ണമാക്കി**

കെ.എസ്.ആർ.ടി.സിയിൽ പണിയെടുക്കുന്നവർക്ക് ശമ്പളം കൊടുക്കേണ്ടത് എല്ലാമാസവും പത്താം തീയതിക്ക് അകമാണ്. അത് ശമ്പളമായി തന്നെ നൽകണം. എന്നാൽ കെ.എസ്.ആർ.ടി.സിയിൽ അത് ഗഡുക്കളായും കൂപ്പണായും നൽകപ്പെടുന്നു. പെൻഷൻ ആനുകൂല്യങ്ങൾ തടഞ്ഞുവയ്ക്കുന്നു. എട്ടു മണിക്കൂർ ജോലിക്കായി ലോകം മുഴുവൻ മുദ്രാവാക്യം വിളിക്കുന്ന കമ്മ്യൂണിസ്റ്റുകാർ, കെ.എസ്.ആർ.ടി.സിയിൽ പന്ത്രണ്ടു മണിക്കൂർ പണിയെടുപ്പിക്കുന്നു. ഇങ്ങനെ പണിയെടുക്കുന്ന തൊഴിലാളിയുടെ ശമ്പളവും പെൻഷനുമാണ് തടഞ്ഞുവെക്കുന്നത്. ഓരോ വർഷവും നൽകേണ്ട യൂണിഫോം നിർത്തിവെച്ചിട്ട് ആറു കൊല്ലമായി. ആശ്രിത നിയമനം നിർത്തിവെച്ചിട്ട് ആറു കൊല്ലമായി. മെഡിക്കൽ ആനുകൂല്യങ്ങൾ നൽകുന്നില്ല. തൊഴിലാളികളിൽ നിന്നും പിടിക്കുന്ന പ്രൊവിഡന്റ് ഫണ്ട് വകമാറ്റാൻ പാടില്ലെന്ന നിയമമുണ്ടായിരിക്കെ നിയമവിരുദ്ധമായി അത് പിണറായി സർക്കാർ വകമാറ്റി ചെലവിടുന്നു. നാഷണൽ പെൻഷൻ സ്കീം പ്രകാരം പ്രതിമാസം തൊഴിലാളികളിൽ നിന്നും എല്ലാ മാസവും പിടിക്കുന്ന തുക സ്കീമിൽ അടയ്ക്കാതെ വകമാറ്റുന്നു. മിക്കവാറും പേർക്ക് സ്വന്തം നാട്ടിൽ ജോലിയില്ല, പ്രൊമോഷനുകൾ തടഞ്ഞുവെച്ചിരിക്കുന്നു. രാജ്യത്ത് എല്ലായിടത്തും ബസ്സ് ഓടിക്കുന്നവർക്ക് നൽകുന്ന അടിസ്ഥാന ബാറ്റപോലും കുറുക്കുവഴികളിലൂടെ തടഞ്ഞുവെക്കപ്പെടുന്നു. പതിനായിരത്തോളം താത്കാലിക തൊഴിലാളികളെയാണ് ഈയിടെയായി പിരിച്ചുവിട്ടത്.

ഈ കുടിശിക എല്ലാം തീർക്കുവാനായി നൽകുമെന്ന് പ്രഖ്യാപിച്ച തുക കേരള സർക്കാറും ധനവകുപ്പും കെ.എസ്.ആർ.ടി.സിക്ക് സമയത്ത് നൽകുന്നില്ലാത്തതിനാൽ ഹൈക്കോടതി ഇടപെടേണ്ടിവന്നത് പലതവണയാണ്. പ്രതിമാസം 230 കോടിയോളം വരുമാനം ഉണ്ടാക്കുന്ന കേരളത്തിലെ ഏറ്റവും വലിയ പൊതുമേഖലാസ്ഥാപനത്തിനെയാണ് ഇടതുസർക്കാർ തകർത്തുകളഞ്ഞത്. പകരം തുടങ്ങിവെച്ച 'സ്വിഫ്റ്റ്' പദ്ധതിയിലും ഇതേ ചൂഷണം തന്നെയാണ് നടക്കുന്നത്. കെ.എസ്.ആർ.ടി.സി യിൽ മാത്രം പെൻഷൻ കിട്ടാതെ എത്രപേരാണ് ആത്മഹത്യ ചെയ്തത്? മുൻ കോൺഗ്രസ്സ് സർക്കാരിന്റെ കാലത്ത് 22 കെ.എസ്.ആർ.ടി.സി. ജീവനക്കാർ ആത്മഹത്യചെയ്തിട്ടുണ്ട്. കെ.എസ്.ആർ.ടി.സിയിലെ പെൻഷനും ശമ്പളവും മാത്രം ആശ്രയിച്ച് കഴിയുന്ന 42000 ത്തോളം കുടുംബ



ങ്ങൾ ഈ സർക്കാരിന്റെ തെറ്റായ നടപടികൾ മൂലം ഇന്ന് ആത്മഹത്യയുടെ മുനമ്പിലാണ്.

**ക്ഷാമബത്തയും കുടിശികയാക്കി**

സംസ്ഥാനത്തെ സർക്കാർ ജീവനക്കാരെയും ഈ സർക്കാർ പൂർണ്ണമായും അവഗണിക്കുന്നു. സർക്കാർ ജീവനക്കാർക്ക് നൽകേണ്ട ക്ഷാമബത്തയിൽ (Dearness allowence ) 22% വും കുടിശിക ആയിട്ട് മാസങ്ങളായി. 2021 മുതലുള്ള ആനുകൂല്യങ്ങൾ കേരള സർക്കാർ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ നിർദ്ദേശമുണ്ടായിട്ടുപോലും ഇതുവരെ നൽകിയിട്ടില്ല. സംസ്ഥാന ജീവനക്കാർക്ക് നൽകുവാനുള്ള കുടിശിക മാത്രം ഏതാണ്ട് 18000 കോടിരൂപ കടന്നിരിക്കുന്നു. സംസ്ഥാന ജീവനക്കാർക്ക് നൽകുവാനുള്ള മറ്റു പല കുടിശികകൾ എല്ലാംകൂടികണക്കാക്കിയാൽ ഇത് ഏതാണ്ട് 23000 കോടി വരും. പെൻഷൻകാർക്ക് നൽകേണ്ട ക്ഷാമബത്തയും, പെൻഷൻ പരിഷ്ക്കരണത്തിന്റെ രണ്ടു ഗഡുക്കളും സർക്കാർ നൽകിയിട്ടില്ല. ഏതാണ്ട് 75000 പെൻഷൻകാർ ഈ തുക കിട്ടാതെ ഈ കാലയളവിൽ മരിച്ചുപോയിട്ടുണ്ട്.

**ശമ്പള പരിഷ്കരണ കുടിശിക പൂർണമായി നഷ്ടപ്പെടുമോ എന്ന പരിഭ്രാന്തിയിലാണ് സംസ്ഥാനസർക്കാർ ജീവനക്കാർ. പൂർണ്ണമായി തകർന്ന കേരളത്തിലെ ഖജനാവിന്റെ സ്ഥിതി അറിയാവുന്ന സർക്കാർ ജീവനക്കാർ ശമ്പളം കൂടി മുടങ്ങുന്ന കാലഘട്ടത്തെക്കുറിച്ചുള്ള ഭീതിയിൽകൂടിയാണ് ഇന്ന് ജീവിക്കുന്നത്.**

സംസ്ഥാന ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശികയുടെ രണ്ടാം ഗഡുവും പ്രോവിഡന്റ് ഫണ്ടിൽ (പിഎഫ്) ലയിപ്പിക്കുന്നത് അനിശ്ചിത കാലത്തേക്കു പിണറായി സർക്കാർ നീട്ടികൊണ്ട് ഉത്തരവായി. നേരത്തേ ഒന്നാം ഗഡുവും ഇതുപോലെ ഈ തൊഴിലാളി വിരുദ്ധ സർക്കാർ നീട്ടിയിരുന്നു. മൂന്നാം ഗഡു അടുത്ത ഏപ്രിൽ 1, ഒക്ടോബർ 1 എന്നീ ദിവസങ്ങളിൽ ലയിപ്പിക്കും എന്നായിരുന്നു മുൻ ഉത്തരവ്. അതും സാമ്പത്തിക പ്രതിസന്ധി മൂലം നീട്ടിവെയ്ക്കാൻ തന്നെയാണ് സാധ്യത. ശമ്പള പരിഷ്കരണ കുടിശിക പൂർണമായി നഷ്ടപ്പെടുമോ എന്ന പരിഭ്രാന്തിയിലാണ് സംസ്ഥാനസർക്കാർ ജീവനക്കാർ. പൂർണ്ണമായി തകർന്ന കേരളത്തിലെ ഖജനാവിന്റെ സ്ഥിതി അറിയാവുന്ന സർക്കാർ ജീവനക്കാർ ശമ്പളം കൂടി മുടങ്ങുന്ന കാലഘട്ടത്തെക്കുറിച്ചുള്ള ഭീതിയിൽ കൂടിയാണ് ഇന്ന് ജീവിക്കുന്നത്.

■

# അരക്ഷിത കേരളം



ടി. എം. നാരായണൻ



കുട്ടിയെതട്ടിക്കൊണ്ടുപോകാൻ ഉപയോഗിച്ച കാർ

**കേരളത്തിൽ പലയിടത്തും കുട്ടികളെ തട്ടിക്കൊണ്ടുപോകുന്ന സംഭവങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. ഈ വർഷം സെപ്തംബർ വരെ 115 കുട്ടികളെയാണ് കേരളത്തിൽ കാണാതായത്. 2022–ൽ 269 കുട്ടികളെയും 2021–ൽ 257 കുട്ടികളെയും തട്ടിക്കൊണ്ടുപോയതായി പോലീസ് രേഖകൾ ചൂണ്ടിക്കാട്ടുന്നു. ഇതിനു പുറമെ കുട്ടികൾക്കെതിരായ അതിക്രമങ്ങളും ധാരാളം ഉണ്ടാകുന്നു.**

**കൊ**ല്ലം ജില്ലയിലെ ഓയൂരിൽനിന്ന് ആറുവയസ്സുകാരി പെൺകുട്ടിയെ തട്ടിക്കൊണ്ടുപോയ വാർത്ത കേരളത്തെ ഞെട്ടിക്കുകയുണ്ടായി. പകൽസമയത്ത് സഹോദരനോടൊപ്പം വീട്ടിൽനിന്ന് അടുത്തുത്തന്നെയുള്ള സ്ഥലത്തേയ്ക്ക് ട്യൂഷന് പോകുമ്പോഴാണ് രണ്ടുകുട്ടികളെയും തട്ടിയെടുക്കാൻ ശ്രമമുണ്ടായത്. ഒൻപത് വയസ്സുള്ള സഹോദരന്റെ ചെറുത്തുനില്പു കൊണ്ടാണ് അവൻ രക്ഷപ്പെട്ടത്. പ്രതികളെ കണ്ടെത്തുന്നതിനു സഹായിച്ചതും അവന്റെ മൊഴികളാണ്.

പ്രതികളെ തിരയാൻ പോലീസ് വലവിരിച്ചു എന്നു പറയുമ്പോഴും യാതൊരു കൂസലുമില്ലാതെ പ്രതികൾ ഒരു കടയിൽനിന്ന് ബിസ്ക്കറ്റ് വാങ്ങുകയും കുട്ടിയുടെ വീട്ടിലേക്ക് കടയിലെ ഫോണിൽനിന്ന് വിളിക്കുകയും മോചനദ്രവ്യം ആവശ്യപ്പെടുകയും ചെയ്തു. പിറ്റേദിവസം പ്രതികൾ മാസ്ക് ധരിച്ച് ഓട്ടോറിക്ഷയിൽ കയറി കൊല്ലം നഗരത്തിലെ ആശ്രാമം മൈതാനത്ത് കുട്ടിയെ കൊണ്ടുവന്നിരുത്തി കുട്ടിയെ കുറച്ചുനേരം നിരീക്ഷിച്ച് സ്ഥലം വിട്ടു. ഒരു ദമ്പതികളേയും മകളേയുമാണ് പ്രതികളായി കണ്ടെത്തി പോലീസ് അറസ്റ്റു ചെയ്തിരിക്കുന്നത്. നല്ല വിദ്യാഭ്യാസമുള്ള വ്യക്തികൾ, മാസം 5 ലക്ഷം രൂപ വരുമാനമുള്ള മകൾ എന്നിവരടങ്ങുന്ന കോടിക്കണക്കിന് രൂപ കടമുള്ള കുടുംബം. 5 ലക്ഷംരൂപയാണ് മോചനദ്രവ്യമായി ആവശ്യപ്പെട്ടത്. തികച്ചും ദുരൂഹമായ ഒരു സംഭവമാണ് കുട്ടിയെ തട്ടിക്കൊണ്ടു പോകലിനു പിന്നിലുള്ളത്. പകൽസമയത്ത് കാറിൽവന്ന് കുട്ടിയെതട്ടിക്കൊണ്ടുപോകുക, വളരെ ദൂരത്തല്ലാത്ത സ്ഥലത്ത് കുട്ടിയെ കൊണ്ടുപോയി താമസിപ്പിക്കുക, കുട്ടിയെ നന്നായി പരിപാലിക്കുക, പകൽസമയത്തുതന്നെ പുറത്തിറങ്ങി ഒരു കടയിൽ വന്ന് അവരുടെ ഫോൺ വാങ്ങി കുട്ടിയുടെ വീട്ടിലേക്ക് വിളിച്ച് മോചനദ്രവ്യം ആവശ്യപ്പെടുക, പിറ്റേദിവസം നഗരമധ്യത്തിൽ ഏതുസമയത്തും ജനങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ള നഗരത്തിലെ

മൈതാനത്ത് കുട്ടിയെ കൊണ്ടിരുത്തി മടങ്ങുക തുടങ്ങിയ കാര്യങ്ങൾ ഒരു കഥയിലായിരുന്നുവെങ്കിൽ ആരും വിശ്വസിക്കുമായിരുന്നില്ല. ഒരു മാസ്ക് ധരിച്ചാൽ കേരളം മുഴുക്കെ പോലീസ് തിരഞ്ഞുകൊണ്ടിരിക്കുന്ന പ്രതികൾക്ക് നഗരത്തിൽ കുട്ടിയുമായി വരാൻ ധൈര്യമുണ്ടായി എന്നുപറഞ്ഞാൽ, പോലീസിനെ അവർ വെല്ലുവിളിച്ചു എന്നാണ് അർത്ഥം.

പലയിടത്തും കുട്ടികളെ തട്ടിക്കൊണ്ടുപോകുന്ന സംഭവങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. ഈ വർഷം സെപ്തംബർ വരെ 115 കുട്ടികളെയാണ് കേരളത്തിൽ കാണാതായത്. 2022-ൽ 269 കുട്ടികളെയും 2021-ൽ 257 കുട്ടികളെയും തട്ടിക്കൊണ്ടുപോയതായി പോലീസ് രേഖകൾ ചൂണ്ടിക്കാട്ടുന്നു. ഇതിനു പുറമെ കുട്ടികൾക്കെതിരായ അതിക്രമങ്ങളും ധാരാളം ഉണ്ടാകുന്നു. ആലുവയിൽ അഞ്ചുവയസ്സുള്ള പെൺകുട്ടിയെ മധുരംനൽകി സ്നേഹം പ്രകടിപ്പിച്ച് കൂട്ടിക്കൊണ്ടുപോയി ബലാത്സംഗം ചെയ്തുകൊന്ന സംഭവത്തിന്റെ ഞെട്ടൽ മാറുന്നതിനു മുൻപാണ് ഓയൂരിലെ തട്ടികൊണ്ടുപോകൽ സംഭവിച്ചിട്ടുള്ളത്.

കുട്ടികൾക്കെതിരായ അതിക്രമങ്ങൾക്ക് 2022-ൽ 4586 കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെടുകയുണ്ടായി. അതിനു മുൻപുള്ള വർഷങ്ങളിലും കേസ്സുകൾക്ക് കുറവൊന്നുമില്ല. ആലുവ സംഭവത്തിൽ പരാതി ലഭിച്ച് ആറുമണിക്കൂറിനകം പ്രതിയെ പിടികൂടി. 35 ദിവസംകൊണ്ട് അന്വേഷണം പൂർത്തിയാക്കി. 26 ദിവസം കൊണ്ട് അതിവേഗകോടതി വിചാരണ പൂർത്തിയാക്കി കുറ്റകൃത്യം നടന്നതിന്റെ നൂറ്റിപ്പത്താം ദിവസം പ്രതിക്ക് വധശിക്ഷ വിധിക്കുകയും ചെയ്തു. എന്നാൽ പല കേസ്സുകളിലും അന്വേഷണം നടക്കുന്നില്ല. കോടതിയിലെത്തുന്ന കേസ്സുകളിൽ പലതിലും പ്രതികൾ രക്ഷപ്പെടുന്നു. പല കേസ്സുകളിലും വിചാരണ മാസങ്ങളായിട്ടും തുടങ്ങുന്നില്ല എന്നതാണ് സ്ഥിതി. ഈ സാഹചര്യങ്ങളിലാണ് ഏതു കുറ്റവും ചെയ്യാൻ പ്രതികൾക്ക് ആത്മധൈര്യം ഉണ്ടാകുന്നത്. എല്ലാ കുറ്റകൃത്യങ്ങളിലും യഥാസമയം അന്വേഷണം ഉറപ്പുവരുത്താനും കുറ്റപത്രം നൽകാനും പോലീസ് സംവിധാനത്തിന് കഴിയണം. ക്രിമിനൽ സംഘങ്ങളെ മുൻകൂട്ടി കണ്ടെത്തി ജാഗ്രത പുലർത്താനും കഴിയേണ്ടതുണ്ട്. ഓയൂരിലേതിനു സമാനമായ പല സംഭവങ്ങളും നടന്നതായി പരാതി ലഭിച്ചിട്ടും പോലീസ് സത്വരനടപടികളൊന്നുമെടുത്തില്ല എന്ന ആക്ഷേപവും കേൾക്കുന്നുണ്ട്. ഇത്തരം നിരുത്തരവാദപരമായ പെരുമാറ്റം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് ഉണ്ടാകുന്നില്ല എന്ന് സർക്കാർ ഉറപ്പുവരുത്തുകയും ചെയ്യേണ്ടതുണ്ട്. ■



**ഒരു ദമ്പതികളേയും മകളേയുമാണ് പ്രതികളായി കണ്ടെത്തി പോലീസ് അറസ്റ്റു ചെയ്തിരിക്കുന്നത്. നല്ല വിദ്യാഭ്യാസമുള്ള വ്യക്തികൾ, മാസം 5 ലക്ഷംരൂപ വരുമാനമുള്ള മകൾ എന്നിവരടങ്ങുന്ന കോടിക്കണക്കിന് രൂപ കടമുള്ള കുടുംബം. 5 ലക്ഷംരൂപയാണ് മോചനദ്രവ്യമായി ആവശ്യപ്പെട്ടത്.**

## ഓപ്പറേഷൻ സിൽക്യാര

# രാജ്യം കണ്ട വലിയ രക്ഷാദൗത്യം



ഉത്തരാഖണ്ഡിലെ സിൽക്യാരയിലെ നിർമ്മാണത്തിലിരിക്കുന്ന തുരങ്കത്തിനകത്ത് 17 ദിവസമാണ് ഝാർഖണ്ഡ്, ഉത്തർപ്രദേശ്, ബിഹാർ, ഒഡീഷ എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ള 41 തൊഴിലാളികൾ പുറം ലോകം കാണാതെ കുടുങ്ങി കിടന്നത്. വളരെ സാഹസികമായി അവരെ ജീവാപായം കൂടാതെ പുറത്തെത്തിക്കാൻ നടത്തിയ ഭഗീരഥ പ്രയത്നം ഒടുവിൽ ഫലം കണ്ടു.2023 നവംബർ 12 ഞായറാഴ്ച പുലർച്ചെ നാലുമണിയോടെയാണ് സിൽക്ക്യാരയിൽ നിർമ്മാണത്തിലിരുന്ന തുരങ്കത്തിൽ അപകടമുണ്ടായത്. ഉത്തരകാശിയിലെ ദണ്ഡൽഗാവിനേയും സിൽക്യാരയേയും ബന്ധിപ്പിക്കുന്ന യമുനോത്രി ദേശീയപാതയിലാണ് ഈ തുരങ്കം. നാലര കിലോമീറ്റർ നീളമുള്ള തുരങ്കത്തിന്റെ 150 മീറ്റർ ഭാഗം നിലം പൊത്തി. 17 ദിവസത്തെ നിരന്തര പരിശ്രമമായ 'ഓപ്പറേഷൻ സിൽക്ക്യാര' എന്ന രക്ഷാദൗത്യം വൻ വിജയമായി.

ONGC, ദേശീയ ദുരന്ത നിവാരണ സേന,കരസേന, വ്യോമസേന തുടങ്ങിയ കേന്ദ്ര ഏജൻസികളുടെ അതിനൂതനമായ രക്ഷാദൗത്യവും അവസാനഘട്ടത്തിലെ റാറ്റ്ഹോൾ മൈനിങ്ങുമാണ് (Rat Hole Mining) തുരങ്കത്തിൽ കുടുങ്ങിയ 41 തൊഴിലാളികളേയും സുരക്ഷിതരായി പുറത്തെത്തിച്ചത്. പേര് സൂചിപ്പിക്കുന്നതു പോലെ 'എലി മാളം' പോലുള്ള ചെറുതുരങ്കങ്ങൾ നിർമ്മിക്കുന്ന പ്രക്രിയയാണ് റാറ്റ് ഹോൾ മൈനിങ്. നവംബർ 28-ന് രാത്രി എട്ടോടെയാണ് ആദ്യത്തെ തൊഴിലാളിയെ തുരങ്കത്തിന് പുറത്തെത്തിച്ചത്. തുടർന്ന് മുഴുവൻ തൊഴിലാളികളേയും ആംബുലൻസിൽ ഋഷികേശിലെ ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിലേക്ക് നീക്കിയതോടെ ആശ്വാസത്തിന്റെ കാറ്റുവീശി.

### ബി. എം. എസ്സിന്റെ അഭിനന്ദനം

ഉത്തരാഖണ്ഡിലെ മണ്ണിടിച്ചിലിൽ കുടുങ്ങിയ തൊഴിലാളികളുടെ രക്ഷാപ്രവർത്തനം വിജയിച്ചു. ഉത്തരാഖണ്ഡിലെ ഉത്തരകാശിയിലെ ബ്രഹ്മകൽ-യമുനോത്രി ഹൈവേയിലെ സിൽക്യാര-ദണ്ഡൽഗാവ് തുരങ്കത്തിൽ മണ്ണിടിച്ചിലിനെത്തുടർന്ന് കുടുങ്ങിയ 41 തൊഴിലാളികളെ 17 ദിവസത്തെ ഓപ്പറേഷനിലൂടെ സാഹസികമായി രക്ഷപ്പെടുത്തിയ കേന്ദ്ര-സംസ്ഥാന സർക്കാരിനെയും അതിൽ പങ്കെടുത്ത എല്ലാവരെയും ഭാരതീയ മസ്ദൂർ സംഘം അഭിനന്ദിച്ചു.

ഈ മഹത്തായ രക്ഷാപ്രവർത്തനത്തിൽ പങ്കെടുത്ത എല്ലാ വ്യക്തികൾക്കും മസ്ദൂർ സംഘം ആദ്യം നന്ദി പറയുന്നു. അവരുടെ വിശ്രമമില്ലാത്ത കഠിനാധ്വാനത്തെയും ധീരതയെയും ഞങ്ങൾ അഭിവാദ്യം ചെയ്യുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കാണിക്കുന്ന ഗൗരവത്തിന്റെ നിലവാരത്തെയും

ഉത്തരാഖണ്ഡിലെ പ്രവചനാതീതമായ ഭൂപ്രദേശത്ത് വിവിധ ഏജൻസികളെ വിന്യസിക്കുക മാത്രമല്ല, അന്താരാഷ്ട്ര വിദഗ്ധരെ കൊണ്ടുവരികയും ചെയ്ത് രക്ഷാ പ്രവർത്തനം ദ്രുതഗതിയിൽ ആക്കിയതിനെ അഭിനന്ദിക്കുന്നു. എന്നാൽ, അതേ സമയം തുരങ്കത്തിൽ അകപ്പെട്ടിട്ടും തങ്ങളുടെ മനോവീര്യം ഉയർത്തിപ്പിടിച്ച് ക്ഷമയോടെയും വിശ്വാസത്തോടെയും കാത്തുനിന്ന തൊഴിലാളികൾ കാണിച്ച ധൈര്യവും നാം മറക്കരുത്.



അവസാന ഘട്ടത്തിൽ, തൊഴിലാളികളെ രക്ഷിക്കുന്നതിന് ഭീഷണിയായ ഏകദേശം 60 മീറ്ററോളം പാറ തുരക്കാൻ ഹൈടെക് യന്ത്രങ്ങളോ ഓഗറുകളോ പരാജയപ്പെട്ട സാഹചര്യത്തിൽ മാനുവൽ 'റാറ്റ്-ഹോൾ' ഖനന സാങ്കേതികതയെ ആശ്രയിച്ചായിരുന്നു പ്രവർത്തനം എന്നത് എടുത്ത് പറയേണ്ടതുണ്ട്. യന്ത്രങ്ങളുടെ പരിമിതികളും മനുഷ്യർക്കും യന്ത്രങ്ങൾക്കും പരസ്പരം പൂരകമാകുമ്പോൾ ചെയ്യാൻ കഴിയുന്ന അത്ഭുതവും ഉത്തരകാശിയിൽ ഓപ്പറേഷൻ സിൽക്യാര വിജയകരമായി നടപ്പാക്കിയ കേന്ദ്ര ഗവൺമെന്റിന് ഞങ്ങളുടെ ഊഷ്മളമായ അഭിനന്ദനങ്ങൾ അറിയിക്കുന്നു. ഈ ഓപ്പറേഷനിൽ പ്രദർശിപ്പിച്ച ദൃഢനിശ്ചയം, പൗരന്മാരുടെ ജീവിതവും ക്ഷേമവും സംരക്ഷിക്കുന്നതിനുള്ള സർക്കാരിന്റെ പ്രതിബദ്ധതയ്ക്ക് അടിവരയിടുന്നു.

ദൗത്യത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവരും പ്രകടമാക്കിയ സൂക്ഷ്മമായ ആസൂത്രണത്തിന്റെയും ഏകോപനത്തിന്റെയും ധീരതയുടെയും തെളിവായി ഓപ്പറേഷൻ സിൽക്യാര നിലകൊള്ളുന്നു.



**തുരങ്കത്തിൽ നിന്നും രക്ഷിക്കപ്പെട്ട തൊഴിലാളികളുമായി പ്രധാനമന്ത്രി നരേന്ദ്രമോദി ആശയവിനിമയം നടത്തുന്നു.**

ഉത്തരകാശിയിൽ കുടുങ്ങിക്കിടന്ന തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കാൻ കേന്ദ്ര സർക്കാർ കാണിച്ച സമർപ്പണ മനോഭാവമാണ് ഈ പ്രവർത്തനത്തിൽ പ്രതിഫലിപ്പിക്കുന്നത്. സങ്കീർണ്ണമായ വെല്ലുവിളികളെ അഭിമുഖീകരിക്കുമ്പോൾ, കേന്ദ്ര ഗവൺമെന്റ് അചഞ്ചലമായ നിശ്ചയദാർഢ്യത്തോടെ പ്രശ്നത്തെ ഫലപ്രദമായി നേരിടാൻ കഴിവ് പ്രകടിപ്പിച്ചു. ക്രിയാത്മകമായ ഈ നിലപാടിന് ഗവൺമെന്റിനെ ഞങ്ങൾ അഭിനന്ദിക്കുകയും വിവിധ ഏജൻസികളുടെ പ്രതിരോധശേഷിയെയും പ്രൊഫഷണലിസത്തെയും അഭിനന്ദിക്കുകയും ചെയ്യുന്നു.

ഭാരതീയ മസ്ദൂർ സംഘ് എന്ന നിലയിൽ, ഓപ്പറേഷൻ സിൽക്യാരയിലെ കേന്ദ്ര സർക്കാരിന്റെ നേട്ടങ്ങളെ അംഗീകരിക്കുന്നതിലും ഉയർത്തിപ്പിടിക്കുന്നതിലും ഞങ്ങൾ അഭിമാനിക്കുന്നു. ഈ പ്രവർത്തനത്തിന്റെ വിജയകരമായ ഫലം നമ്മുടെ രാജ്യത്തിന്റെ ശക്തിയുടെയും ഐക്യത്തിന്റെയും തെളിവാണ്.

ഉത്തരകാശിയിലെ ഓപ്പറേഷൻ സിൽക്യാരയുടെ വിജയത്തിൽ നിർണായക പങ്ക് വഹിച്ച ധീരരായ പ്രവർത്തകർക്ക് ഞങ്ങൾ ആത്മാർത്ഥമായ നന്ദി രേഖപ്പെടുത്തുന്നു. ഉത്തരകാശിയിലെ പൗരന്മാരുടെയും മുഴുവൻ രാജ്യത്തിന്റെയും സുരക്ഷ ഉറപ്പാക്കാനുള്ള സർക്കാരിന്റെ ശ്രമങ്ങളിൽ ഇനിയും വിജയമുണ്ടാകട്ടെ എന്നാശംസിക്കുന്നു.

# രാഷ്ട്രഹിതം തന്നെ തൊഴിലാളിഹിതം








ടി. വിജയൻ

**1980** ജനുവരി 13-17 തീയതികളിലായി മഹാരാഷ്ട്രയിലെ പൂനെയിൽ നടന്ന മസ്ദൂർ സംഘത്തിന്റെ തൃതീയ അഖിലഭാരതീയ കാര്യകർത്താ അഭ്യാസ വർഗ് ഉദ്ഘാടനം ചെയ്തുകൊണ്ട് ബി.എം.എസ്. സ്ഥാപകനായ സ്വർഗ്ഗീയ ദത്തോപാന്ത് ഠേംഗ്ഡിജി പറഞ്ഞു നമ്മുടെ പ്രവർത്തനങ്ങൾ യഥാർത്ഥ ട്രേഡ് യൂണിയന്റെ അടിസ്ഥാനത്തിലാണ് നടക്കുന്നത്. തൊഴിലാളികൾക്കായി തൊഴിലാളികൾ നടത്തുന്ന തൊഴിലാളി സംഘടനയാണത്. മാത്രമല്ല, ദേശീയഹിതം തൊഴിലാളി നന്മയുടെ പ്രവേശനകവാടം എന്ന ഒരൊറ്റ ഉദ്ദേശ്യത്തിലൂടെ മുന്നേറുകയും ചെയ്യുന്നു. അതായത് മുതലാളിമാരുടെ സ്വാധീനം, സർക്കാറിന്റെ സ്വാധീനം, വ്യക്തിനേതാക്കളുടെ സ്വാധീനം തുടങ്ങി എല്ലാ തലത്തിലും തരത്തിലുമുള്ള ബാഹ്യസ്വാധീനങ്ങളിൽനിന്നും മുക്തമായ വിശുദ്ധ ട്രേഡ് യൂണിയനാണ് ഭാരതീയ മസ്ദൂർസംഘ്. (ദത്തോപാന്ത് ഠേംഗ്ഡിജി, ദിശാദർശനം, വാല്യം 2, പേജ് 108)

ഭാരതീയ മസ്ദൂർസംഘം സ്ഥാപിതമാകുന്നതിന് മുമ്പ് എന്താണ് നിഷ്പക്ഷ ട്രേഡ്‌യൂണിയൻ എന്ന് പലർക്കും മനസ്സിലായിരുന്നില്ല. ട്രേഡ് യൂണിയനുകൾ എന്നാൽ രാഷ്ട്രീയപാർട്ടികളുടെ പോഷകസംഘടന എന്നതായിരുന്നു ധാരണ. തൊഴിലാളിയുടെ ആഹാര ചിന്ത മാത്രമായിരുന്നു തൊഴിലാളി സംഘടനയ്ക്കുണ്ടായിരുന്നത്. അത് നേടാൻ രാഷ്ട്രീയമായ ട്രേഡ് യൂണിയൻ അല്ലെങ്കിൽ സാമ്പത്തിക രംഗത്തെ കേന്ദ്രമാക്കിയുള്ള ട്രേഡ് യൂണിയൻ എന്നിവ മാത്രമാണുണ്ടായിരുന്നത്. ഈ രീതിയിലുള്ള തൊഴിലാളി സംഘടനകൾക്ക് രണ്ട് യജമാനന്മാരെ പ്രീതിപ്പെടുത്തണം. ഒന്ന് രാഷ്ട്രീയ നേതൃത്വത്തെ, മറ്റേത് തൊഴിലാളികളെ. രണ്ടു യജമാനന്മാരെ ഒരേസമയത്ത് സേവിക്കാൻ ഒരാൾക്ക് കഴിയില്ല. (Thou shall not serve two masters) എന്നതാണ് വാസ്തവം. അതോടെ ട്രേഡ് യൂണിയൻ രാഷ്ട്രീയക്കാരുടെ ചട്ടുകമായി അധഃപതിച്ചു, ഇത്തരമൊരു സാഹചര്യത്തിൽ രാഷ്ട്രീയബന്ധമില്ലാത്ത തൊഴിലാളി സംഘടനയായി ബി.എം.എസ്സിനും പിടിച്ചുനില്ക്കാനാവില്ല എന്നായിരുന്നു കണക്കുകൂട്ടൽ.

തൊഴിലാളി ട്രേഡ് യൂണിയനിൽ അംഗമാകുന്നത് സ്വന്തം അന്നം നേടാൻ വേണ്ടി മാത്രമല്ല, അയാൾ തൊഴിലാളി സംഘടനയുടെ അംഗമാകുന്നതോടൊപ്പം രാഷ്ട്രത്തിലെ അംഗവും കൂടിയാണ്. രാഷ്ട്രഹിതവും തൊഴിലാളിഹിതവും ഒന്നാകണം. രാഷ്ട്രം പ്രതിസന്ധി നേരിടുമ്പോൾ തൊഴിലാളി സംഘടന രാഷ്ട്രത്തിനൊപ്പം നിൽക്കണം. 1962-ലെ ചൈനായുദ്ധവേളയിലും 1971-ലെ ബംഗ്ലാദേശ് യുദ്ധവേളയിലും 1965-ലെ പാകിസ്ഥാൻ ആക്രമണസമയത്തും ഭാരതീയ മസ്ദൂർസംഘം രാഷ്ട്രത്തിനൊപ്പം നിന്നു. അതേസമയം ചൈന ഭാരതത്തെ ആക്രമിച്ച സമയത്ത് കമ്മ്യൂണിസ്റ്റു തൊഴിലാളി സംഘടനകൾ നിശ്ശബ്ദത പാലിക്കുകയോ ചൈനയെ പിന്തുണയ്ക്കുകയോ ആണ് ചെയ്തത്. ഭാരതം സ്വതന്ത്രമായ വേളയിൽ പട്ടിണിമരണം മാറ്റാൻ ഭാരതപ്രധാനമന്ത്രി നെഹറു വിദേശരാജ്യങ്ങളോടാവശ്യപ്പെട്ടു. അമേരിക്ക നല്കിയ ഭക്ഷ്യധാന്യങ്ങൾ കപ്പലിലെത്തിച്ചപ്പോൾ കമ്മ്യൂ

ണിസ്റ്റ് പാർട്ടി തൊഴിൽസമരം പ്രഖ്യാപിച്ചു. പട്ടാളത്തിന്റെ സഹായത്തോടെ കപ്പലിൽ നിന്ന് ഭക്ഷ്യധാന്യങ്ങൾ പുറത്തെത്തിച്ചപ്പോൾ റെയിൽ സമരം പ്രഖ്യാപിച്ചു. ഇതിനെയെല്ലാം മറികടന്ന് ഭക്ഷണദ്രവ്യങ്ങൾ എത്തിക്കുമ്പോഴും പട്ടിണിമരണം ഉണ്ടായി. പുതിയ സർക്കാരിനെ അട്ടിമറിക്കാനുള്ള കമ്മ്യൂണിസ്റ്റു നീക്കത്തിന്റെ ഉപകരണമായി തൊഴിലാളികൾ മാറി. ഈ അവസ്ഥ മാറി തൊഴിലാളി താല്പര്യവും രാഷ്ട്ര താല്പര്യവും ഒന്നായി കാണണമെന്ന കാഴ്ചപ്പാട് ബി.എം.എസ്. മുന്നോട്ടുവെച്ചു. അടിയന്തിരാവസ്ഥ കാലത്ത് സ്വേച്ഛാധിപത്യഭരണത്തിനെതിരെ ഉറച്ചുനിന്ന ബി.എം.എസ്. തൊഴിലാളികളെ രാഷ്ട്രനീതിക്കൊപ്പം നിർത്തി.

കർഷകത്തൊഴിലാളികളും ഗ്രാമീണ കുലത്തൊഴിൽ ചെയ്യുന്നവരും പട്ടിണികിടക്കുന്നതിനു കാരണം 800 രൂപ കൂലി വാങ്ങുന്ന തൊഴിലാളിയാണോ അതോ സമ്പന്നരായ വ്യക്തികളാണോ? ഇത്തരം ചോദ്യങ്ങൾ സംഘടിത തൊഴിലാളികൾക്കെതിരെ അസംഘടിത തൊഴിലാളികളെ ഇളക്കിവിടാനുള്ള ശ്രമത്തിന്റെ ഭാഗമാണ്. രാഷ്ട്രം ഒന്നാണ് എന്ന സമഗ്ര കാഴ്ചപ്പാടിലൂടെ ഈ ചോദ്യത്തിന് ഉത്തരം കണ്ടെത്തണം എന്നതാണ് ബി.എം.എസ്സിന്റെ നിലപാട്. ദൗർഭാഗ്യകരമെന്നു പറയട്ടെ, ഇത്തരം ചിന്തയല്ല നടന്നുകൊണ്ടിരിക്കുന്നത്. തൊഴിലാളി താല്പര്യം, മുതലാളിതാല്പര്യം, കർഷകരുടെയും കർഷകതൊഴിലാളികളുടെയും താല്പര്യം, വ്യാപാരികളുടെ താല്പര്യം എന്നിവയെല്ലാം പരിഗണിക്കുകയാണ് വേണ്ടത്. അതിനു ഇത്തരം താല്പര്യക്കാരുടെ പ്രതിനിധികൾ ഒരു മേശയ്ക്കു ചുറ്റുമിരിക്കണം. രാഷ്ട്രഹിതത്തിനു പ്രാധാന്യം നൽകുന്ന യഥാർത്ഥ തൊഴിലാളി സംഘടന എന്ന നിലയ്ക്ക് ഇതാണ് ബി.എം.എസ്സിന്റെ കാഴ്ചപ്പാട്.

**1962–ലെ ചൈനാ യുദ്ധവേളയിലും 1971–ലെ ബംഗ്ലാദേശ് യുദ്ധവേളയിലും 1965–ലെ പാകിസ്ഥാൻ ആക്രമണസമയത്തും ഭാരതീയ മസ്ദൂർസംഘം രാഷ്ട്രത്തിനൊപ്പം നിന്നു. അതേസമയം ചൈന ഭാരതത്തെ ആക്രമിച്ച സമയത്ത് കമ്മ്യൂണിസ്റ്റു തൊഴിലാളി സംഘടനകൾ നിശ്ശബ്ദത പാലിക്കുകയോ ചൈനയെ പിന്തുണയ്ക്കുകയോ ആണ് ചെയ്തത്. ഭാരതം സ്വതന്ത്രമായ വേളയിൽ പട്ടിണിമരണം മാറ്റാൻ ഭാരതപ്രധാനമന്ത്രി നെഹറു വിദേശരാജ്യങ്ങളോടാ വശ്യപ്പെട്ടു.**

ഇത്തരം കാഴ്ചപ്പാടിലൂടെയുള്ള പ്രവർത്തനത്തിനുള്ള തടസ്സം ഔദ്യോഗിക കാര്യങ്ങളിലും നിയമങ്ങളിലും ബന്ധങ്ങളിലുമൊക്കെയുള്ള പടിഞ്ഞാറൻ സംവിധാനമാണ്. "ഇവിടുത്തെ ഔദ്യോഗിക ഘടനയാകട്ടെ പടിഞ്ഞാറുനിന്നു കൊണ്ടുവന്നതാണ്. ഔദ്യോഗിക ഇടപാടുകൾക്കുള്ള നിയമങ്ങളും സംവിധാനങ്ങളും പടിഞ്ഞാറൻ മാതൃക അതേപടി പിന്തുടരുന്നു.'' ('ഠേംഗ്ഡിജി, ദിശാദർശനം, വാള്യം 2, പേജ് 105)

ഭാരതീയ സാഹചര്യത്തിൽ പാശ്ചാത്യ സംവിധാനവും നിയമവും കൈകാര്യം ചെയ്തുകൊണ്ടുള്ള പ്രവർത്തനം പ്രയാസമേറിയതാണ്. അവസരത്തിനൊത്ത് ഹ്രസ്വവീക്ഷണത്തോടും ദീർഘവീക്ഷണത്തോടും പ്രവർത്തിക്കുക എന്നതാണ് ഹിതകരമായ കാര്യം എന്ന് ഠേംഗ്ഡിജി ഉപദേശിക്കുന്നു. പൊതുസമൂഹത്തിൽ നിന്നുയർന്നുവരുന്ന ഒരു ചോദ്യം അദ്ദേഹം ഉദാഹരണമായി എടുക്കുന്നു. "ഈ രാജ്യത്ത് കോടിക്കണക്കിനാളുകൾ രണ്ടുനേരത്തെ ഭക്ഷണം കഴിക്കാനില്ലാതെ കഷ്ടപ്പെടുന്നവരാണ്. ഇവിടുത്തെ 60 ശതമാനംപേരും ദാരിദ്ര്യരേഖയ്ക്ക് താഴെയാണ്. തൊഴിൽ രഹിതരുടെയും അർദ്ധതൊഴിൽ രഹിതരുടെയും സംഖ്യ വളരെ വലുതാണ്. അത്തരക്കാരുടെ ദുരിതാശ്വാസത്തിനു ഒരു പ്രവർത്തനവും നടത്താതെ തൊഴിലാളികൾ സ്വന്തം വേതനം വർധിപ്പിക്കാൻ ശ്രമിക്കുന്നത് ശരിയാണോ?. നൂറോ എണ്ണൂറോ രൂപ ശമ്പളം പറ്റുന്നവൻ ഇത്തരത്തിൽ പാവപ്പെട്ടവനെ ചൂഷണം ചെയ്യുന്നവനാണ് എന്നു ചിന്തിക്കുന്നത് ശരിയായ കാഴ്ചപ്പാടല്ല എന്നതാണ് ഠേംഗ്ഡിജിയുടെ വിലയിരുത്തൽ.


ഇത്തരം വിഷയങ്ങളിൽ സമ്പൂർണ്ണ ദേശത്തിനും യോജിച്ച നയം സ്വീകരിക്കണം. സമ്പത്തിന്റെ സമാനമായ വിതരണത്തെക്കുറിച്ച് തിരഞ്ഞെടുപ്പു വേളയിൽ സാമ്പത്തിക വിദഗ്ധർ പറയാറുണ്ട്. എല്ലാ വിഭാഗങ്ങളുടെയും പ്രതിനിധികൾ ഒരു മേശയ്ക്ക് ചുറ്റുമിരുന്ന് ഇക്കാര്യം ചർച്ചചെയ്യണം. ഒരു നയം മറ്റൊരു നയത്തെ ബാധിക്കുന്നതാകാൻ സാധ്യതയുള്ളതിനാൽ തുറന്ന ചർച്ചകൾ ഉണ്ടാവണമെന്നും അദ്ദേഹം പറയുന്നു.

ചുരുക്കത്തിൽ രാഷ്ട്രഹിതവും തൊഴിലാളിഹിതവും ഒന്നു തന്നെയാണ് എന്നതാണ് ബി.എം.എസ്സിന്റെ കാഴ്ചപ്പാട്. ഠേംഗ്ഡിജി പറയുന്നു ''ഓരോ തൊഴിലാളിയും തൊഴിലാളി എന്നതു പോലെതന്നെ തങ്ങളുടെ സംഘടനയിൽ ഒരംഗവുമാണ്. അതുപോലെ മൊത്തത്തിൽ രാഷ്ട്രത്തിന്റെ ഒരംഗമാണ്, അവിഭാജ്യ അംഗമാണ്. രാഷ്ട്രഹിതവും തൊഴിലാളിഹിതവും ഒരേ ദിശയിൽ സഞ്ചരിക്കുന്നതാണ്.'' (അതേ പുസ്തകം, പേജ് – 106)

# കേരള ആഭരണ തൊഴിലാളി ക്ഷേമപദ്ധതി



**ദേവു ഉണ്ണി**
**പ്രസിഡന്റ്**
**കേരള പ്രദേശ് ആഭരണ നിർമാണ തൊഴിലാളി ഫെഡറേഷൻ**



**സം**സ്ഥാനത്തെ സ്വർണ്ണം, വെള്ളി, പ്ലാറ്റിനം, ചെമ്പ്, പിച്ചള, ഓട്, തങ്കം, രത്നം, മുത്ത്, പേപ്പർ എന്നിവ ഉപയോഗിച്ച് ആഭരണങ്ങൾ നിർമ്മിക്കുന്ന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടേയും സ്വയം തൊഴിൽ ചെയ്യുന്നവരുടെയും ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി ഒരു നിധി രൂപീകരിക്കയും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കുവേണ്ടി കേരള സർക്കാർ നടപ്പാക്കിയിട്ടുള്ള താണ് 2010-ലെ കേരള ആഭരണതൊഴിലാളി ക്ഷേമപദ്ധതി.

1. **അംഗത്വവും രജിസ്ട്രേഷനും**

ക്ഷേമനിധി അംഗത്വം

പദ്ധതി പ്രാബല്യത്തിൽ വരുന്നതിന് തൊട്ടുമുൻപ് 3 മാസത്തിൽ കുറയാത്ത കാലയളവിൽ ഒരു തൊഴിലാളിയോ സ്വയം തൊഴിൽ ചെയ്യുന്ന ആൾ ആയോ ജോലി ചെയ്ത് അംഗത്വം നിലവിൽ വന്നാലും തുടർന്ന് കൊണ്ടിരിക്കുന്നു.

18 വയസ് പൂർത്തിയായവരും 55 വയസ്സ് പൂർത്തിയാകാത്തതുമായ ഏത് ആൾക്കും അംഗത്വമെടുക്കാം.

2. **അംഗത്വം നഷ്ടപ്പെടലും പുനഃസ്ഥാപനവും**

തുടർച്ചയായി ഒരു വർഷത്തേയ്ക്ക് അംശദായം അടയ്ക്കാതിരുന്നാൽ തൊഴിലാളികളുടെയും സ്വയംതൊഴിൽ ചെയ്യുന്നവരുടെയും അംഗത്വം സ്വമേധയാ റദ്ദായി പോവുന്നതാണ് (നഷ്ടപ്പെടുന്നതാണ്) അംശദായം അടയ്ക്കാതിരിക്കുന്നത് ന്യായമായ കാരണത്താലാണ് എന്ന് ചീഫ് ഓഫീസർക്കോ എക്സിക്യൂട്ടീവ് ഓഫീസർക്കോ ബോധ്യമായാൽ നിശ്ചിത സമയപരിധിക്കകം കുടിശ്ശിക അംശദായം, ബോർഡ് നിശ്ചയിക്കുന്ന പിഴപ്പലിശയും ഒന്നിച്ചടച്ച് അംഗത്വം പുനഃസ്ഥാപിക്കാവുന്നതാണ്

3. **ആരെല്ലാം അംഗങ്ങളാവാം**

സ്വർണ്ണം, വെള്ളി, പ്ലാറ്റിനം, ചെമ്പ്, പിച്ചള, ഓട്, തങ്കം, രത്നം, മുത്ത്, പേപ്പർ എന്നിവകൊണ്ട് ജോലി ചെയ്യുന്നവർക്ക് അംഗങ്ങളാവാം.

4. **അംശദായം അടയ്ക്കലും മറ്റും**

1. ആക്റ്റിലെ 4-ാം വകുപ്പിൽ നിശ്ചയിച്ചിട്ടുള്ള അംശദായം എല്ലാമാസവും 10-ാം തീയതിക്കകം ഓരോ അംഗവും മുൻകൂറായി അടയ്ക്കേണ്ടതാണ്.
2. 6 മാസത്തേയോ, ഒരു വർഷത്തേയോ അംശദായ തുക ഒന്നിച്ച് മുൻകൂട്ടി അടയ്ക്കണം
3. മാസത്തിൽ 2 രൂപയാണ്

സമയപരിധി കഴിഞ്ഞാൽ പിഴ ഈടാക്കുന്നത്.

4. 2020 മെയ്മാസം മുതൽ അംശദായം 50 രൂപ ആയി വർദ്ധിപ്പിച്ചു.

**ആനുകൂല്യങ്ങൾ**

**1. പെൻഷൻ**

പദ്ധതി പ്രാബല്യത്തിൽ വന്നതിനുശേഷം തുടർച്ച യായി 5 വർഷം അംശദായം അടച്ചുവരുന്ന അംഗത്തിന് 60 വയസ് പൂർത്തിയായതിനു ശേഷം അയാൾ എന്നാണോ സുപ്പറിനേഷ്യൻ ആകുന്നത് ആ തിയ്യതിയുടെ തൊട്ടടുത്ത മാസം മുതൽ പെൻഷന് അർഹതയുണ്ട്.

**2. അവശത പെൻഷൻ**

നിധിയിൽ 10 വർഷത്തിൽ കുറയാത്ത കാലം അംശദായം അടച്ചിട്ടുള്ളതും രോഗംമൂല മോ, അപകടംമൂലമോ സ്ഥിര മായ ശാരീരിക അവശത അനുഭവിച്ച് തുടർന്ന് ജോലി ചെയ്യാൻ കഴിയാതെ രോഗിക്ക് അതുവരെ അംശദായം അടച്ചു അംഗത്വം നില നിർത്തുന്ന അംഗങ്ങൾക്ക് പ്രതിമാസ അവശത പെൻഷന് അർഹതയുണ്ട്. (ബോർഡിൽനിന്ന് മറ്റ് ആനു കൂല്യങ്ങൾ പിന്നീട് ലഭിക്കുന്ന തല്ല)

**3. കുടുംബപെൻഷൻ:** പദ്ധതിയിൽ കുറഞ്ഞത് 10 വർഷത്തിലെങ്കിലും അംശ ദായം അടച്ചതിനുശേഷം മര ണമടയുന്ന അംഗത്തിന്റെയും അത്രയും കാലം അംശദായം അടച്ച് പെൻഷൻ കൈപ്പറ്റുന്ന തിനിടയിൽ മരണം സംഭവി ക്കുന്ന പെൻഷൻകാരന്റെയും കുടുംബത്തിന് കുടുംബ പെൻഷന് അർഹതയുണ്ടായി രിക്കുന്നതാണ്.

**4. ചികിത്സാ സഹായം:** നിധിയിൽ ഒരു വർഷത്തിൽ കുറയാത്ത കാലം പണമടച്ചു വരുന്ന അംഗത്തിനും (അംഗ ത്തിന്റെ കുടുംബാംഗങ്ങൾക്ക് മാരകരോഗങ്ങൾക്ക്)

**നിധിയിൽ അംഗമായിരിക്കെ മരണമടയുന്ന അംഗത്തിന്റെ അവകാശികൾക്ക് ആദ്യം 5 വർഷം വരെയുള്ള അംഗത്തിന് 10,000 രൂപയും പിന്നീടുള്ള ഓരോ വർഷവും പൂർത്തിയായ അംഗത്തിന് 1000 രൂപ വീതം കണക്കാക്കി പരമാവധി 25,000 രൂപവരെ മരണാനന്തര സഹായമായി ലഭിക്കുന്നതാണ്.**

സർക്കാർ ആശുപത്രിയിലോ ബോർഡ് അംഗീകരിക്കുന്ന ആശുപത്രിയിലോ ചികി ത്സയ്ക്ക് ചെലവാകുന്ന തുക അംഗത്വകാലത്തേയ്ക്ക് പരമാ വധി 25000 രൂപ ലഭിക്കുന്നതാ ണ്.

**5. വിദ്യാഭ്യാസാനുകൂല്യം:** രണ്ട് വർഷം തുടർച്ചയായി അംശദായം അടച്ചിട്ടുള്ള അംഗങ്ങളുടെ മക്കൾക്ക് 10 ക്ലാസ് മുതൽ ഉന്നത വിദ്യാ ഭ്യാസത്തിന് 600 രൂപ മുതൽ 2500 രൂപ ധനസഹായം ലഭി ക്കുന്നതാണ് (ഗവൺമെന്റ് സ്ഥാപനത്തിൽ പഠിക്കുന്ന കുട്ടികൾക്ക് മാത്രം)

**6. വിവാഹധനസഹായം:** മൂന്ന് വർഷത്തിൽ കുറ യാത്ത അംശദായം അടച്ചി ട്ടുള്ള അംഗങ്ങളുടെ പെൺകുട്ടികൾക്കും വനിത അംഗങ്ങൾക്കും വിവാഹ ത്തിന് 3000 രൂപ ധനസ ഹായം ലഭിക്കുന്നതാണ്.

**7. പ്രസവാനുകൂല്യം:**

2 വർഷത്തിൽ കുറ യാത്ത അംശദായം അടച്ചി ട്ടുള്ള വനിത അംഗത്തിന് ക്ഷേമനിധിയിൽ ചേരുന്നതി നുശേഷമുള്ള 2 പ്രസവ ത്തിന് 15000 രൂപ ലഭിക്കുന്ന താണ്.

**8. മരണാനന്തരധനസ ഹായം:**

നിധിയിൽ അംഗമായി രിക്കെ മരണമടയുന്ന അംഗ ത്തിന്റെ അവകാശികൾക്ക് ആദ്യം 5 വർഷം വരെയുള്ള അംഗത്തിന് 10,000 രൂപയും പിന്നീടുള്ള ഓരോ വർഷവും പൂർത്തിയായ അംഗത്തിന് 1000 രൂപ വീതം കണക്കാക്കി പര മാവധി 25,000 രൂപവരെ മര ണാനന്തര സഹായമായി ലഭി ക്കുന്നതാണ്.

**9. പെൻഷൻകാർക്കുള്ള മരണാനന്തര ധനസഹായം**

ക്ഷേമനിധിയിൽ അംഗ മായി പെൻഷനോ, അവശതാ പെൻഷനോ അർഹത നേടി മൂന്ന് വർഷത്തിനകം മരണമ ടയുന്ന പെൻഷൻകാരുടെ അവകാശികൾക്ക് മൂന്ന് വർഷ ക്കാലത്തേക്ക് അർഹതപ്പെട്ട പെൻഷൻ തുകയിൽനിന്ന് അംഗം കൈപറ്റിയ തുക കുറവ് ചെയ്ത് ബാക്കി വരുന്ന തുകയോ 3000 രൂപയോ പ്രത്യേക ധനസഹായമായി ലഭിക്കുന്നു.

**10. അംശദായം തിരിച്ചു നൽകൽ:**

അഞ്ചുവർഷം തുടർച്ചയായി ക്ഷേമനിധിയിൽ അംശദായം അടച്ച് സ്ഥായിയായി അവശത മൂലം ജോലിയിൽ തുടരാൻ കഴി യാത്തതും അവശതാ പെൻഷന് അർഹതയില്ലാത്തതുമായ അംഗ ത്തിന് അംഗത്വം പൂർത്തിയാ ക്കിയ ഓരോ വർഷത്തേയ്ക്ക് 250 രൂപ നിരക്കിൽ കുറഞ്ഞത് 3000 രൂപ റിട്ടയർമെന്റ് ആനുകൂ ല്യത്തിന് അർഹതയുണ്ടായിരി ക്കുന്നതാണ്.

**11. ലൈഫ് സർട്ടിഫിക്കറ്റും പെൻഷൻ കുടിശ്ശികയും:** ക്ഷേമനിധി ഓഫീസിൽ നിന്ന് നേരിട്ട് പെൻഷൻ കൈപ്പറ്റാത്ത വർ (ബാങ്ക്, പോസ്റ്റ് ഓഫീസ്) ഓരോ വർഷവും ഏപ്രിൽ 30 തിയ്യതിക്കകം താൻ ജീവിച്ചിരി ക്കുന്നു എന്ന് തെളിയിക്കു ന്നതിനുള്ള ഗസറ്റഡ് ഓഫീസറു ടെ സാക്ഷ്യപത്രം (ലൈഫ് സർ ട്ടിഫിക്കറ്റ്) ഹാജരാക്കണം. ■

# തിരുവണ്ണൂർ കോട്ടൺമില്ലിന്റെ തകർച്ചയ്ക്കു കാരണം കെടുകാര്യസ്ഥത



വിജയൻ കൊളത്തറ




**കോ**ഴിക്കോട്ടെ പൊതുമേഖലാ സ്ഥാപനമായ കേരളാ സ്റ്റേറ്റ് ടെക്സ്റ്റയിൽ കോർപ്പറേഷന്റെ കീഴിൽ കോഴിക്കോട് ജില്ലയിൽ തിരുവണ്ണൂരിൽ പ്രവർത്തിച്ചുവരുന്ന ടെക്സ്റ്റയിൽ വ്യവസായ സ്ഥാപനമാണ് തിരുവണ്ണൂർ കോട്ടൺമിൽ എന്ന പേരിലറിയപ്പെടുന്ന മലബാർ സ്പിന്നിംഗ് ആന്റ് വീവിങ്ങ് മിൽസ്. പരുത്തി ഉപയോഗിച്ച് നൂൽ ഉല്പാദിപ്പിക്കുന്ന മില്ലിൽ വിവിധ തസ്തികകളിലായി നൂറിൽപ്പരം സ്ത്രീ തൊഴിലാളികൾ ഉൾപ്പെടെ ഇരുന്നൂറ്റി എഴുപതോളം തൊഴിലാളികൾ ജോലി ചെയ്ത് ഉപജീവനം കഴിച്ചുവരുന്ന സ്ഥാപനം കടുത്ത സാമ്പത്തിക പ്രതിസന്ധികാരണം, പ്രവർത്തനം ആകെ താളംതെറ്റിയ അവസ്ഥയിലാണ്. പല വഹകളിലായി കോടിക്കണക്കിന് രൂപ കുടിശ്ശികയായി നിരവധി ഏജൻസികൾക്ക് കമ്പനി നൽകാനുണ്ട്. പരുത്തി വാങ്ങിയ വകയിൽ 3 കോടി രൂപ, വൈദ്യുതി ചാർജ് 13 കോടിരൂപ, പ്രൊവിഡന്റ്ഫണ്ട് 1.97 കോടി, ഇഎസ്ഐസി - 3 ലക്ഷം, ഗ്രാറ്റിവിറ്റി - 17ലക്ഷം എന്നിങ്ങനെ നീളുന്നതാണ് കുടിശ്ശികയുടെ പട്ടിക.

കഴിഞ്ഞ ഒക്ടോബർ മാസത്തിൽ കമ്പനിയിലെ തൊഴിലാളികൾക്ക് ജോലി നൽകാൻ കഴിയാതെ സ്ഥാപനം ലേ-ഓഫ് ചെയ്തിരിക്കുന്നു. ഈ സമയത്ത് തൊഴിലാളികൾക്ക് നൽകാനുള്ള വേതനവും കുടിശ്ശികയായി നില്ക്കുകയാണ്.

വളരെയേറെ ചരിത്രപ്രാധാന്യമുള്ള ഒരു വ്യവസായ സ്ഥാപനമാണ് മലബാർ സ്പിന്നിങ്ങ് ആന്റ് വീവിങ്ങ് മിൽസ്. 1883ൽ സ്വകാര്യ മേഖലയിൽ ഒരു ജോയന്റ് സ്റ്റോക്ക് കമ്പനിയായി രജിസ്റ്റർ ചെയ്തത് ഇതിന്റെ പ്രമോട്ടറായ വേലായുധൻ മുതലിയാർ എന്ന വ്യക്തിയായിരുന്നു. മലബാർ സ്പിന്നിംഗ് ആന്റ് വീവിങ്ങ് കമ്പനി എന്ന പേരിൽ രജിസ്റ്റർ ചെയ്ത കമ്പനി 200 രൂപ മുഖവിലയ്ക്ക് 3000 ഓഹരികൾ പൊതുവിപണിയിൽ ഇറക്കിക്കൊണ്ടാണ് മൂലധനം സമാഹരിച്ചത്.

തിരുവണ്ണൂരിൽ കമ്പനി തുടങ്ങാനാവശ്യമായ 14.75 ഏക്ര ഭൂമി കോഴിപ്പുറം തറവാട്ടുകാർ 99 വർഷത്തേയ്ക്ക് പാട്ടത്തിന് (ലീസ്) നൽകുകയായിരുന്നു. മില്ലിന്റെ തറക്കല്ലിട്ടത് അന്നത്തെ ജില്ലാ സെഷൻസ് ജഡ്ജിയായിരുന്ന ഡബ്ല്യു.എച്ച്. വിൽക്കിങ്ങ്സ്റ്റൺ ആയിരുന്നു. എന്നാൽ മില്ലിന്റെ നിർമ്മാണ പ്രവർത്തി തുടങ്ങി അധികം വൈകാതെ, സാമ്പത്തികപ്രയാസം കാരണം പ്രവർത്തി നിർത്തിവയ്ക്കേണ്ടി വന്നു. ഈ സന്ദർഭത്തിലാണ് കോഴിപ്പുറത്ത് തറവാടുമായി ബന്ധമുണ്ടായിരുന്ന തൃശൂരിലെ പ്രശസ്തമായ ദേശമംഗലം മനയിലെ എകെടികെ എം ഗുപ്തൻ നമ്പൂതിരിപ്പാട്, കോഴിപ്പുറത്തുകാരുടെ താല്പര്യവും നിർദ്ദേശവും സ്വീകരിച്ച് കമ്പനിയുടെ പ്രവർത്തനവുമാ

യി സഹകരിക്കാനും സാമ്പത്തിക നിക്ഷേപം നടത്താനും തയ്യാറായത്.

1890ലാണ് മില്ലിന്റെ പ്രവർത്തനം തുടങ്ങിയത്. തുടക്കത്തിൽ 200 തൊഴിലാളികളും 3000 സ്പിന്റലുകളുമാണുണ്ടായിരുന്നത്. കമ്പനി തുടങ്ങിയതിനുശേഷം പല തരത്തിലുള്ള സാമ്പത്തിക പ്രതിസന്ധികളേയും അഭിമുഖീകരിക്കേണ്ടിവരികയും പലപ്പോഴും കമ്പനി അടച്ചുപൂട്ടേണ്ടതായും വന്നിട്ടുണ്ട്. അതിനെയെല്ലാം അതിജീവിച്ചുകൊണ്ട് മില്ലിന്റെ പ്രവർത്തനം തുടർന്നുകൊണ്ടിരുന്നു.

1954–ൽ മില്ലിൽ 100 യന്ത്രത്തറികൾ (പവർ ലൂമ്സ്) അനുബന്ധ വിഭാഗങ്ങൾ (warping, sizing, drawing, pirm winding) എന്നിവ സ്ഥാപിക്കുകയും കോറ (Gray cloth) നെയ്ത് തുടങ്ങുകയും ചെയ്തു. 1970 ആകുമ്പോഴേക്കും മില്ലിന്റെ ഉല്പാദനശേഷി വർദ്ധിപ്പിച്ച് 18280 സ്പിന്റൽ കപ്പാസിറ്റിയായും തൊഴിലാളികളുടെ എണ്ണം എണ്ണൂറോളമായി ഉയരുകയും ചെയ്തു. 1975–ൽ വിദേശങ്ങളിലേക്ക് തുണി കയറ്റുമതി ചെയ്തതിന് കേന്ദ്രഗവൺമെന്റിന്റെ സർട്ടിഫിക്കറ്റ് ഓഫ് മെറിറ്റ് ഫോർ ഔട്ട്സ്റ്റാന്റിംഗ് പെർഫോർമൻസ് അവാർഡ് മില്ലിന് ലഭിക്കുകയുണ്ടായി.

1976–ൽ അടിയന്തരാവസ്ഥ കാലത്ത് സാമ്പത്തിക പ്രയാസം കാരണം കമ്പനി പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കില്ല എന്ന നിലക്ക്, അന്നത്തെ നടപടിക്രമമനുസരിച്ച് നിലവിലുണ്ടായിരുന്ന 'വാച്ച് ഡോഗ് കമ്മറ്റി'യുടെ (watch dog committee) അനുമതിയോടുകൂടി ഒരുമാസക്കാലത്തേക്ക് ലേ-ഓഫ് ചെയ്യുകയും ചെയ്തു. എന്നാൽ മാസങ്ങൾ പലത് കഴിഞ്ഞിട്ടും നിലവിലുണ്ടായിരുന്ന സ്വകാര്യമാനേജ്മെന്റിന് ഒരു നിലക്കും മില്ല് തുറക്കാനും പ്രവർത്തിപ്പിക്കാനും സാധിക്കാതെ വരികയും ചെയ്തു. തുടർന്ന് 'മില്ല് സർക്കാർ ഏറ്റെടുത്ത് നടത്തണമെന്ന്' ആവശ്യപ്പെട്ടുകൊണ്ട് മില്ലിലെ തൊഴിലാളി സംഘടനകളുടെ നേതൃത്വത്തിൽ ശക്തമായ സമരം നടന്നു. ഇതിന്റെ ഫലമായി മില്ലിന്റെ പ്രവർത്തനം ഏറ്റെടുത്ത് നടത്താൻ സർക്കാർ തയ്യാറാവുകയും 1978ൽ 'സിക്ക് മിൽസ് റിലീഫ് അണ്ടർ ടേക്കിംഗ് ആക്ടനുസരിച്ച് മില്ലിന്റെ പ്രവർത്തനം ഏറ്റെടുക്കാൻ കേരളാ സ്റ്റെയ്റ്റ് ടെക്സ്റ്റയിൽ കോർപ്പറേഷൻ രൂപീകരിക്കുകയും അധികാരപ്പെട്ട ചുമതലക്കാരായി കോർപ്പറേഷനെ നിയോഗിക്കുകയും ചെയ്തു. ഇതിനുശേഷമാണ് കമ്പനിയുടെ പേര് മലബാർ സ്പിന്നിങ് ആൻഡ് വീവിങ് മിൽസ് എന്ന് അറിയപ്പെടുന്നത്.

**1983ൽ സർക്കാർ നിയോഗിച്ച 'ക്ലെയിം കമ്മീഷന്റെ' തീരുമാനമനുസരിച്ചുള്ള നഷ്ടപരിഹാരം നൽകികൊണ്ട് കമ്പനി ദേശവൽക്കരണം നടത്തി. പൂർണ്ണമായും സർക്കാരിന്റെ ഉടമസ്ഥതയിലാകുകയും ചെയ്തു. 1954–ൽ തുടങ്ങിയ വീവിങ്ങ് ഡിപ്പോർട്ട്മെന്റ് നഷ്ടം കുറക്കാനെന്ന പേരിൽ 1989–ൽ നിർത്തൽ ചെയ്യുകയുണ്ടായി. പ്രായക്കൂടുതലുള്ള തൊഴിലാളികൾക്കായി വിആർഎസ് പദ്ധതി നടപ്പാക്കുകയും ബാക്കിയുള്ള 50% തൊഴിലാളികളെ നിലവിലുള്ള മറ്റു ഡിപ്പാർട്ടുമെന്റുകളിൽ പുനർ വിന്യസിക്കുകയും ചെയ്തു.**

1983ൽ സർക്കാർ നിയോഗിച്ച 'ക്ലെയിം കമ്മീഷന്റെ' തീരുമാനമനുസരിച്ചുള്ള നഷ്ടപരിഹാരം നൽകികൊണ്ട് കമ്പനി ദേശവൽക്കരണം നടത്തി. പൂർണ്ണമായും സർക്കാരിന്റെ ഉടമസ്ഥതയിലാകുകയും ചെയ്തു. 1954–ൽ തുടങ്ങിയ വീവിങ്ങ് ഡിപ്പാർട്ട്മെന്റ് നഷ്ടം കുറക്കാനെന്ന പേരിൽ 1989–ൽ നിർത്തൽ ചെയ്യുകയുണ്ടായി. പ്രായക്കൂടുതലുള്ള തൊഴിലാളികൾക്കായി വിആർഎസ് പദ്ധതി നടപ്പാക്കുകയും ബാക്കിയുള്ള 50% തൊഴിലാളികളെ നിലവിലുള്ള മറ്റു ഡിപ്പാർട്ടുമെന്റുകളിൽ പുനർ വിന്യസിക്കുകയും ചെയ്തു. 1993–ൽ മില്ലിലെ നിലവിലുള്ള ദീർഘകാല കരാർ (Longterm Agreement) കാലാവധി അവസാനിച്ചതിനെത്തുടർന്ന് തൊഴിലാളി സംഘടനകൾ കമ്പനിക്ക് പുതിയ അവകാശ പത്രിക (Charter of demands) സമർപ്പിച്ചിരുന്നുവെങ്കിലും നടപ്പാക്കാൻ മാനേജ്മെന്റ് തയ്യാറാവുകയുണ്ടായില്ല. പല തരത്തിലുള്ള പ്രതിസന്ധി പറഞ്ഞുകൊണ്ട് ചർച്ച നീട്ടിക്കൊണ്ടുപോവുകയും ചെയ്തു. 2000-ാംമാണ്ടിൽ സംസ്ഥാന സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളെപ്പറ്റി പഠിച്ചു റിപ്പോർട്ട് (Viability Report) സമർപ്പിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ആർ.സി. ചൗധരി കമ്മീഷനെ നിയോഗിക്കുകയും, അദ്ദേഹം 2002ൽ റിപ്പോർട്ട് സർക്കാറിന് നൽകുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ടിലെ ശുപാർശനുസരിച്ച് കേരളത്തിലെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടാൻ അദ്ദേഹം



നിർദ്ദേശിച്ചതിൽപ്പെട്ടതായിരുന്നു മലബാർ സ്പിന്നിങ്ങ് ആന്റ് വീവിങ്ങ് മിൽസ് ഉൾപ്പെടെ കേരളാ സ്റ്റേറ്റ് ടെക്സ്റ്റയിൽ കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന മറ്റ് 3 മില്ലുകൾ (1. എടരിക്കോട് ടെക്സ്റ്റയിൽസ്, 2. കോട്ടയം ടെക്സ്റ്റയിൽസ്, 3. പ്രഭുറാം മിൽസ്, ചെങ്ങന്നൂർ). ഈ ശുപാർശ നടപ്പിലാക്കുന്നതിന്റെ ഭാഗമായി സോഷ്യൽ സേഫ്റ്റി നെറ്റ് പ്രോഗ്രാം (SSNP) അനുസരിച്ച് സ്വയം പിരിഞ്ഞുപോകൽ പദ്ധതി (VRS) സർക്കാർ പ്രഖ്യാപിക്കുകയും മില്ലിൽ നടപ്പാക്കാൻ മാനേജ്മെന്റ് ശ്രമിക്കുകയും ചെയ്തു.

മൂന്നു വർഷക്കാലമായി അനധികൃതമായി പ്രഖ്യാപിക്കപ്പെട്ട ലേ ഓഫ് പിൻവലിച്ച് സ്ഥാപനം പ്രവർത്തിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സ്ഥാപനത്തിലെ തൊഴിലാളികൾ സമരരംഗത്തായിരുന്നു. ഇതിനിടയിൽ മില്ലിലിലുണ്ടായിരുന്ന 334 തൊഴിലാളികളിൽ 219 പേർ SSNP സ്കീമനുസരിച്ചുള്ള VRS പദ്ധതി ആനുകൂല്യം സ്വീകരിച്ചുകൊണ്ട് പിരിഞ്ഞുപോകുകയുണ്ടായി. ബാക്കിയുണ്ടായിരുന്ന 115 പേർ സമരത്തിൽ ഉറച്ചുനിൽക്കുകയും 2003 ആഗസ്ത് 5ന് പൂട്ടിയ മില്ല് 2006 ഡിസംബർ 16ന് തുടർന്നു പ്രവർത്തിക്കുകയും ചെയ്തു.

2010 ആവുമ്പോഴേക്കും അത്യാധുനികമായ മെഷിണറികൾ സ്ഥാപിച്ചു. പുതിയ 22 സ്പിന്നിങ്ങ് മെഷിനുകൾ ഓരോന്നിലും 1152 സ്പിന്ററുകൾ വീതം മൊത്തം 25344 സ്പിന്റൽ കപ്പാസിറ്റിയോടുള്ള മില്ലാണ് നിലവിലുള്ളത്. 2010 മെയ് 01 മുതൽക്കാണ് മില്ലിൽ പുതിയ ദീർഘകാലകരാർ (Long term Agreement) നടപ്പാക്കിയത് ഈ കരാറിലെ 7-ാം നമ്പർ തീരുമാനമനുസരിച്ച് (Internal Efficiency Accomodation - IFA) 90 -92% വരെ സ്പിന്നിങ്ങ് യൂട്ടിലൈസേഷൻ ഉണ്ടായാൽ മാസത്തിൽ 35000 രൂപയും 92-95% വരെ സ്പിന്നിങ്ങ് യൂട്ടിലൈസേഷൻ ഉണ്ടായാൽ 50,000 രൂപയും മില്ലിലെ മൊത്തം തൊഴിലാളികൾക്ക് ശമ്പളത്തിനുപുറമെ വീതിച്ചു നല്കുന്നതാണ്. ഇത്തരത്തിൽ മികച്ചതും ഉയർന്നതരത്തിലും ഉല്പാദനം നടത്തിയിരുന്ന സ്ഥാപനമാണ് ഇപ്പോൾ അസംസ്കൃത സാധനമായ പരുത്തി സ്റ്റോക്കില്ലാത്തതു കാരണം ഉല്പാദനം നടത്താൻ കഴിയാതെ തൊഴിലാളികളെ ലേ-ഓഫ് ചെയ്യേണ്ടി വരുന്നതും കൃത്യമായ വേതനം നൽകാതെ കഷ്ടപ്പെടുത്തുന്നതും.

മിൽ മാനേജ്മെന്റിന്റെ പിടിപ്പുകേടും ഉത്തരവാദിത്വമില്ലായ്മയുമാണ് ഈ ദുരവസ്ഥയ്ക്ക് പ്രധാന കാരണം. മില്ലിന്റെ ഉല്പാദനശേഷിയനുസരിച്ച് അസംസ്കൃത സാധനങ്ങൾ എത്രവേണം, അത് മിനിമം എത്ര സ്റ്റോക്ക് ചെയ്തിരിക്കണം, ഗുണമേന്മയുള്ള കോട്ടൺ ഏത് സമയത്താണ് കുറഞ്ഞ വിലയിൽ ലഭ്യമാക്കുക, അവ സമാഹരിച്ച് സ്റ്റോക്ക് ചെയ്യാൻ ആവശ്യമായ സാമ്പത്തിക സ്രോതസ്സ് കണ്ടെത്താൻ വിവിധ ഇനങ്ങളിലായി ചെലവുകൾ, (ഉദാ: വൈദ്യുതി, തൊഴിലാളികളുടെ വേതനം, ഇഎസ്ഐ, പിഎഫ്, നൽകേണ്ട പലിശ) എന്നീ കാര്യങ്ങളെല്ലാം കൃത്യമായി കണക്കാക്കികൊണ്ട് മുൻകൂട്ടി ആസൂത്രണം ചെയ്യാൻ കഴിഞ്ഞാൽ സ്ഥാപനം നല്ലരീതിയിൽ പ്രവർത്തിപ്പിക്കുവാനും തൊഴിലാളികളെ സംരക്ഷിക്കാനും കഴിയും എന്നതിൽ സംശയമില്ല.

# നിരീക്ഷണങ്ങൾ

## വിശകലനങ്ങൾ




**കല്ലറ അജയൻ**
**9446751163**


# കാനഡ തനിച്ചല്ല




**വിസ്തൃതിയിൽ കാനഡയേക്കാൾ ചെറുതാണെങ്കിലും അമേരിക്കൻ ഐക്യനാടുകൾ ഇന്ന് ലോകത്തിലെ ഒന്നാമത്തെ സാമ്പത്തിക സൈനികശക്തിയാണെന്ന കാര്യം ഏവർക്കുമറിയാം. വലിപ്പത്തിൽ ചെറിയവനെങ്കിലും കാനഡയെ മിക്കവാറും എല്ലാ കാര്യങ്ങളിലും നിയന്ത്രിക്കുന്നത് അമേരിക്കയാണെന്നതും ലോകത്തിനു മുഴുവൻ അറിയാവുന്ന വസ്തുതയാണ്.**

**വ**ലിപ്പത്തിൽ ലോകത്ത് രണ്ടാമത്തെ രാജ്യമാണ് കാനഡ. ഏകദേശം ഒരു കോടിയോളം ചതുരശ്രകിലോമീറ്ററാണ് വിസ്തീർണ്ണം. കൃത്യമായി പറഞ്ഞാൽ തൊണ്ണൂറ്റി ഒൻപതു ലക്ഷത്തി എൺപത്തിഅയ്യായിരത്തിലധികം. ഇന്ത്യയുടെ ഏകദേശം 3 ഇരട്ടി വലിപ്പം. എന്നാൽ ജനസംഖ്യയോ കേരളത്തിന്റേതിനേക്കാൾ അല്പം കൂടുതൽ മാത്രം. രണ്ടായിരത്തി ഇരുപത്തിയൊന്നിലെ കണക്കുപ്രകാരം 36991981 എന്നാണ് കാണുന്നത്. ഇരുപത്തിയൊന്നിലെ ജനസംഖ്യാ കണക്കെടുപ്പ് കേരളത്തിൽ നടന്നിട്ടില്ലാത്തതുകൊണ്ട് കൃത്യമായി ഇവിടുത്തെ കാര്യം പറയാൻ വയ്യ. മിക്കവാറും അതു കാനഡയെ മറികടന്നിട്ടുണ്ടാവും. വളരെ ചെറിയ ജനസംഖ്യയും വിപുലമായ ഭൂവിസ്തൃതിയും ഉള്ളതിനാൽ ലോകത്തിലെ അതിസമ്പന്നരാജ്യങ്ങളിൽ ഒന്നാണ് കാനഡ.

വിസ്തൃതിയിൽ കാനഡയേക്കാൾ ചെറുതാണെങ്കിലും അമേരിക്കൻ ഐക്യനാടുകൾ ഇന്ന് ലോകത്തിലെ ഒന്നാമത്തെ സാമ്പത്തിക സൈനികശക്തിയാണെന്ന കാര്യം ഏവർക്കുമറിയാം. വലിപ്പത്തിൽ ചെറിയവനെങ്കിലും കാനഡയെ മിക്കവാറും എല്ലാ കാര്യങ്ങളിലും നിയന്ത്രിക്കുന്നത് അമേരിക്കയാണെന്നതും ലോകത്തിനു മുഴുവൻ അറിയാവുന്ന വസ്തുതയാണ്.

കാനഡയെ മാത്രമല്ല, ബ്രിട്ടൻ, ആസ്ട്രേലിയ ന്യൂസിലാന്റ് ഈ മൂന്നുരാജ്യങ്ങൾകൂടി അമേരിക്കയുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ വരുന്ന രാജ്യങ്ങളാണ്. യൂറോപ്പിലെ റഷ്യ ഒഴികെയുള്ള മിക്കവാറും രാജ്യ

ങ്ങളും അമേരിക്കയുടെ ലോകാധിപത്യത്തെ പിൻതുണയ്ക്കുന്നവരാണെങ്കിലും യു.കെ., കാനഡ, ആസ്ട്രേലിയ, ന്യൂസിലാന്റ് എന്നിവരെപ്പോലെ എന്തിനും ഏതിനും അമേരിക്കയ്ക്ക് ഏറാൻ മൂളാറില്ല. ഇവർ അഞ്ചുപേരും ചേർന്ന സഖ്യത്തെ 'ദി ഫൈവ് ഐസ്' എന്നാണ് പറയുക. 1946-ൽ അതു സ്ഥാപിക്കുമ്പോൾ ബ്രിട്ടനും യു.എസ്.എയും മാത്രമേ ഉണ്ടായിരുന്നുള്ളു. 1956-ലാണ് മറ്റു മൂന്നുപേരെയും കൂട്ടി സഖ്യം വിപുലീകരിച്ചത്.

ഇവരുടെ സഖ്യത്തിന് വംശീയമായ ചില കാരണങ്ങളുണ്ട്. ഈ രാജ്യങ്ങളുടെ ഇന്റലിജൻസ് അലയൻസിന് സഖ്യം എന്നവർ പറയുന്നുണ്ടെങ്കിലും എല്ലാ അർഥത്തിലും അഞ്ചുപേരും ഒറ്റക്കെട്ടായാണ് ലോകവിഷയങ്ങളിൽ പ്രതികരിക്കുകയും ഇടപെടുകയും ചെയ്യുന്നത്. അതിനു പിന്നിലുള്ള വംശീയ കാരണം എല്ലാവരും ആംഗ്ലോസാക്സൻ പിൻതുടർച്ചക്കാരാണെന്ന ബോധ്യമാണ്. അമേരിക്കയിലും കാനഡയിലും ന്യൂസിലാന്റിലും ആസ്ട്രേലിയയിലും എല്ലാ യൂറോപ്യൻ വെള്ളക്കാരും കുടിയേറിയിട്ടുണ്ട്. എന്നാൽ മൃഗീയ ഭൂരിപക്ഷം ഇംഗ്ലീഷ് വംശജർ ആണെന്ന യാഥാർഥ്യം നിരാകരിക്കാൻ വയ്യ. ആ യാഥാർഥ്യം അവരെല്ലാം ഉൾക്കൊള്ളുന്നുണ്ട്. അതിന്റെ ഫലമാണ് ഈ ഐക്യബോധം.

വെള്ളക്കാരന്റെ ഉത്തരവാദിത്വം (വൈറ്റ് മെൻസ് ബർഡൻ) എഴുതിയ ബ്രിട്ടീഷ് കവിയും നോവലിസ്റ്റുമായിരുന്ന റഡ്യാർഡ് കിപ്ലിങ് (Rudyad Kipling)- ആ കവിത എഴുതാനിടയായ സന്ദർഭം അമേരിക്കയും ഫിലിപ്പിനോകളും തമ്മിലുള്ള യുദ്ധമായിരുന്നു. യുദ്ധത്തിൽ ഫി



ഖാലിസ്ഥാൻ നേതാവ് ഹർദ്ദീപ്സിംഗ് നിജ്ജാർ

**ഇന്ത്യയ്ക്കെതിരായി നടക്കുന്ന ഒരു വലിയ ഗൂഢാലോചനയുടെ ഫലമാണ് ഖാലിസ്ഥാൻ പ്രസ്ഥാനം. അതു പലരും പ്രചരിപ്പിക്കുന്നതുപോലെ ക്യാനഡയിലെ ഒൻപതുലക്ഷത്തോളം വരുന്ന സിഖ്കാരുടെ വോട്ടുകിട്ടാൻ ജസ്റ്റിൻ ട്രൂഡോ എന്ന രാഷ്ട്രീയക്കാരൻ നടത്തുന്ന 'അപ്പീസ്മെന്റ് പൊളിറ്റിക്സ്' അല്ല. അതു ക്യാനഡ ഒറ്റയ്ക്കു നടത്തുന്നതുമല്ല.**

ലിപ്പൈൻസില്ല. കീഴടക്കി അമേരിക്ക ഭരണം നടത്തണമെന്നാണ് കവിയുടെ ആഗ്രഹം. കാരണം ലോകത്തെ നന്നാക്കേണ്ടത് വെള്ളക്കാരന്റെ ബാധ്യതയാണത്രേ! ആ മാനസികാവസ്ഥയിൽനിന്നും ഇന്നും അവർ പിന്നോട്ടു പോയിട്ടില്ല. ലോകാധിപത്യം തങ്ങൾക്കുതന്നെ വേണമെന്നവർ ആഗ്രഹിക്കുന്നു. എന്നാൽ അത് പഴയരീതിയിൽ കോളനികൾ സൃഷ്ടിച്ചുകൊണ്ടല്ല അവർ നേടിയെടുക്കുന്നത്. വിവിധതരം കരാറുകളിൽ രാജ്യങ്ങളെ കുരുക്കി വാണിജ്യാധിപത്യം നേടിയെടുത്തും രാജ്യങ്ങൾക്കുള്ളിൽ വംശീയകലാപങ്ങൾ ഇളക്കിവിട്ട് അവരെ തകർത്തും നിത്യമായി ലോകാധിപത്യം നിലനിർത്താമെന്ന് ആംഗ്ലോസാക്സൺ സായിപ്പ് കണക്കാക്കുന്നു. എന്നാൽ അങ്ങനെ ചെയ്തുകൊണ്ടിരിക്കുന്നതായി ഒരിക്കലും അവർ ഭാവിക്കുകയോ അംഗീകരിക്കുകയോ ചെയ്യില്ല.

ഇന്ത്യപോലെ വലിയ ജനസഞ്ചയമുള്ള ഒരു രാജ്യം സൈനികവും സാമ്പത്തികവുമായ മേന്മ കൈവരിച്ചുകഴിഞ്ഞാൽ ആംഗ്ലോസാക്സൺ സായിപ്പിന്റെ ലോകാധിപത്യമോഹങ്ങൾക്കു ചിറകുവിരിച്ചു പറക്കാൻ കഴിയാതെ വരുമോ എന്നവർ സംശയിക്കുന്നു. വലിയ ജനസഞ്ചയം എന്ന കുരുക്കിൽപ്പെട്ടുതന്നെ ഇന്ത്യ തകരും എന്നായിരുന്നു സായിപ്പു കരുതിയത്. എ

ന്നാൽ അസഹ്യമായ ജനപ്പെരുപ്പത്തേയും തോളിലേറ്റിക്കൊണ്ടുതന്നെ ഭാരതം സാമ്പത്തിക വളർച്ചയിലേക്കു നീങ്ങിയേക്കും എന്ന് അവർ സംശയിക്കുന്നു. ആ സംശയം ഉണ്ടായ കാലം മുതൽ പലതരത്തിലുള്ള ഇന്ത്യാവിരുദ്ധ നീക്കങ്ങൾക്ക് അവർ രഹസ്യസഹായങ്ങൾ നൽകികൊണ്ടിരിക്കുന്നു. പരിസ്ഥിതി പ്രസ്ഥാനങ്ങൾ എന്ന പേരിൽ സംഘടനകൾക്കു ഗ്രാന്റ് നൽകി വികസന പദ്ധതികൾ അട്ടിമറിക്കുക, മനുഷ്യാവകാശ സംഘടനകളുടെ പേരിൽ വിധ്വംസക ശക്തികൾക്കു താങ്ങും തണലുമാവുക. വിവിധ വംശീയ വിഭാഗങ്ങളെ ഇളക്കിവിടുക അങ്ങനെ പലതരം കലാപരിപാടികൾ ഇന്ത്യക്കെതിരെ നടത്താൻ തുടങ്ങിയിട്ട് കാലം കുറെയായി. ഇങ്ങനെയൊക്കെ നടക്കുന്നുണ്ടെങ്കിലും അതിലൊക്കെ തങ്ങളുടെ കൈയുണ്ടെന്ന് അവർ ഒരിക്കലും സമ്മതിച്ചുതരില്ല.

ഇത്തരത്തിൽ ഇന്ത്യയ്ക്കെതിരായി നടക്കുന്ന ഒരു വലിയ ഗൂഢാലോചനയുടെ ഫലമാണ് ഖാലിസ്ഥാൻ പ്രസ്ഥാനം. അതു പലരും പ്രചരിപ്പിക്കുന്നതുപോലെ ക്യാനഡയിലെ ഒൻപതുലക്ഷത്തോളം വരുന്ന സിഖ്കാരുടെ വോട്ടുകിട്ടാൻ ജസ്റ്റിൻ ട്രൂഡോ എന്ന രാഷ്ട്രീയക്കാരൻ നടത്തുന്ന 'അപ്പീസ്മെന്റ് പൊളിറ്റിക്സ്' അല്ല. അതു ക്യാനഡ ഒറ്റയ്ക്കു നടത്തുന്നതുമല്ല. പ്രത്യക്ഷത്തിൽ നമുക്ക് തോന്നുന്നത് അത് ട്രൂഡോയുടേയും അദ്ദേഹത്തിന്റെ അച്ഛൻ ട്രൂഡോയുടെയും പ്രീണന രാഷ്ട്രീയത്തിന്റെ ഫലവുമാണെന്നാണ്. എന്നാൽ അങ്ങനെ നിസ്സാരവൽക്കരിക്കുന്നതപകടമാണ്. ഫൈവ് ഐഡിലെ എല്ലാ രാജ്യങ്ങളും മുൻകൂട്ടി തയ്യാറാക്കിയ തിരക്കഥയുടെ ഭാഗമായി നടത്തുന്ന ഇന്ത്യാ വിരുദ്ധ പ്രവർത്തനമാണത്. നേരിട്ടു പങ്കെടുക്കുന്നത് ഈ അഞ്ചുരാജ്യങ്ങളാണെങ്കിലും യൂറോപ്പിലെ പല രാജ്യങ്ങളും നിശബ്ദ പിൻതുണ നൽകുന്നുമുണ്ട്.



**ഇന്ത്യപോലെ വലിയ ജനസഞ്ചയമുള്ള ഒരു രാജ്യം സൈനികവും സാമ്പത്തികവുമായ മേന്മ കൈവരിച്ചുകഴിഞ്ഞാൽ ആംഗ്ലോ സാക്സൺ സായിപ്പിന്റെ ലോകാധിപത്യമോഹങ്ങൾക്കു ചിറകുവിരിച്ചു പറക്കാൻ കഴിയാതെ വരുമോ എന്നവർ സംശയിക്കുന്നു.**

ഇന്ത്യയ്ക്കൊറ്റക്ക് ഇവർക്കൊക്കെ എതിരെ പൊരുതുക സാധ്യമല്ല എന്നിരിക്കിലും നമ്മുടെ ഭരണാധികാരികൾ ഇക്കാര്യങ്ങൾ മനസ്സിലാക്കി തന്ത്രപൂർവമുള്ള നിലപാടുകളിലൂടെ മുന്നേറുന്നുണ്ട്. അമേരിക്കയാണ് ട്രൂഡോയുടെ പ്രവർത്തനങ്ങളുടെ പിറകിൽ ഉള്ളതെങ്കിലും അവർ ഒരിക്കലും അതു ഭാവിക്കുന്നില്ല. ആ കാപട്യത്തെ മുതലെടുത്തു മുന്നോട്ടു നീങ്ങാനേ നമുക്കാവുകയുള്ളൂ. നിർണായക സന്ദർഭത്തിൽ വെള്ളക്കാരന്റെ ഒരു ഐക്യമുന്നണിയുണ്ടായേക്കും എന്ന ബോധത്തോടെയാവട്ടേ നമ്മുടെ മുന്നോട്ടുള്ള യാത്ര. ■


BMS
ഭാരതീയ
മസ്ദൂർ സംഘം
20-ാം
സംസ്ഥാന
സമ്മേളനം
പാലക്കാട്
2024
ഫെബ്രുവരി
09 10 11
പ്രസന്നലക്ഷ്മി
ഓഡിറ്റോറിയം
സെമിനാറുകൾ ▸ പ്രകടനം ▸ പൊതുസമ്മേളനം
വനിതാ സമ്മേളനം ▸ പ്രതിനിധി സമ്മേളനം
ജയ് ജയ് ബി.എം.എസ്
ജയ് ജയ് ഭാരത്മാതാ

# ഭാരതീയ പോസ്റ്റൽ എംപ്ലോയീസ് ഫെഡറേഷൻ ധർണ നടത്തി

## പഴയ പെൻഷൻ പദ്ധതി പുനഃസ്ഥാപിക്കുക




**വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ഭാരതീയ പോസ്റ്റൽ എംപ്ലോയിസ് ഫെഡറേഷൻ കോഴിക്കോട് പോസ്റ്റ് മാസ്റ്റർ ജനറൽ ഓഫീസിന് മുമ്പിൽ നടത്തിയ ധർണ്ണ ബി.എം.എസ്. സംസ്ഥാന വൈസ് പ്രസിഡന്റ് ഇ.ദിവാകരൻ ഉദ്ഘാടനം ചെയ്യുന്നു.**

**കോഴിക്കോട്** - പുതിയ പെൻഷൻ പദ്ധതി ഉപേക്ഷിക്കുക, പഴയ പെൻഷൻ പദ്ധതി പ്രകാരം അവസാന ശമ്പളത്തിന്റെ 50% പെൻഷൻ ഉറപ്പുവരുത്തുക. ജിഡിഎസ് ജീവനക്കാരെ കേന്ദ്രസർക്കാർ ജീവനക്കാരായി അംഗീകരിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ഭാരതീയ പോസ്റ്റൽ എംപ്ലോയിസ് ഫെഡറേഷൻ കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം റീജ്യനുകളിൽ ധർണയും അവകാശപത്രികാസമർപ്പണവും നടത്തി. നവംബർ 22ന് കേന്ദ്ര-സംസ്ഥാന ജീവനക്കാർ നടത്തുന്ന പാർലമെന്റ് മാർച്ചിനോട് അനുബന്ധിച്ചാണ് സമരം സംഘടിപ്പിച്ചത്.

കോഴിക്കോട് പിഎംജി ഓഫീസിനു മുമ്പിൽ നടത്തിയ ധർണ്ണ ഭാരതീയ മസ്ദൂർസംഘം സംസ്ഥാന ഉപാധ്യക്ഷൻ ഇ. ദിവാകരൻ ഉദ്ഘാടനം ചെയ്തു. ഭാരതീയ പോസ്റ്റൽ എംപ്ലോയീസ് ഫെഡറേഷൻ അഖില ഭാരതീയ ഓർഗനൈസിങ് സെക്രട്ടറി രമേശ് സി., ഭാരതീയ ആർഎംഎസ് & എംഎംഎസ് എംപ്ലോയീസ് യൂണിയൻ സർക്കിൾ പ്രസിഡന്റ് ശ്രീകൃഷ്ണൻ കെ.എം, ബി.എം.എസ്. കോഴിക്കോട് ജില്ലാ പ്രസിഡന്റ് രാജേഷ് സി.പി, ഭാരതീയ പോസ്റ്റൽ എംപ്ലോയീസ് അസോസിയേഷൻ ഗ്രൂപ്പ് സി സർക്കിൾ പ്രസിഡന്റ് ഷാജി ആനന്ദ് പി.കെ.,




**എറണാകുളം പി.എം.ജി ഓഫീസിനു മുൻപിലേക്ക് നടത്തിയ മാർച്ച്**

ഭാരതീയ പോസ്റ്റൽ എംപ്ലോയീസ് അസോസിയേഷൻ പോസ്റ്റ്മാൻ & എംടിഎസ് സർക്കിൾ പ്രസിഡന്റ് രാജേഷ് പി., സർക്കിൾ സെക്രട്ടറി ധനേഷ് കെ.സി., ഭാരതീയ ഗ്രാമീൺ ഡാക്ക് കർമ്മചാരി സംഘ് സർക്കിൾ പ്രസിഡന്റ് ജയേഷ് സി, ഭാരതീയ ആർഎംഎസ് & ആർഎംഎസ് എംപ്ലോയീസ് യൂണിയൻ എംജി & എംടിഎസ് സർക്കിൾ സെക്രട്ടറി അനന്ദു ജി. തുടങ്ങിയവർ സംസാരിച്ചു. ബിപിഇഎഫ് ഉത്തരമേഖല കൺവീനർ അജേഷ് കെ., സ്വാഗതവും കോഴിക്കോട് ഡിവിഷൻ സെക്രട്ടറി മനോജ് പി. നന്ദിയും പറഞ്ഞു.

**എറണാകുളം** – ഭാരതീയ പോസ്റ്റൽ എംപ്ലോയീസ് ഫെഡറേഷൻ പോസ്റ്റ്മാൻ & എംടിഎസ് സർക്കിൾ ട്രഷറർ രഘുനാഥ് കെ. അധ്യക്ഷത വഹിച്ചു. ഭാരതീയ മസ്ദൂർ സംഘം സംസ്ഥാന സെക്രട്ടറി കെ.വി. മധുകുമാർ ധർണ്ണ ഉദ്ഘാടനം ചെയ്തു. ഭാരതീയ പോസ്റ്റൽ എംപ്ലോയീസ് അസോസിയേഷൻ ഗ്രൂപ്പ് സി സർക്കിൾ സെക്രട്ടറി ഹർഷ് ഡി മുഖ്യപ്രഭാഷണം ചെയ്തു. ബിപിഇഎഫ് സർക്കിൾ ചെയർമാൻ രാജേഷ് സി., സർക്കിൾ കൺവീനർ കൃഷ്ണകുമാർ യു, ഭാരതീയ എസ്ബിസിഒ എംപ്ലോയീസ് അസോസിയേഷൻ സർക്കിൾ സെക്രട്ടറി ഹർഷ്.ഡി മുഖ്യപ്രഭാഷണം ചെയ്തു. ബിപിഇഎഫ്. സർക്കിൾ ചെയർമാൻ രാജേഷ് സി, സർക്കിൾ കൺവീനർ കൃഷ്ണകുമാർ യു, ഭാരതീയ എസ്ബിസിഒ എംപ്ലോയീസ് അസോസിയേഷൻ സർക്കിൾ സെക്രട്ടറി ധനൂപ് കൃഷ്ണ, ഭാരതീയ ഗ്രാമീൺ ഡാക്ക് കർമ്മചാരി സംഘ് സർക്കിൾ സെക്രട്ടറി വൈശാഖ് കെ.എ., സർക്കിൾ വൈസ് പ്രസിഡന്റ് രാമകൃഷ്ണൻ പി., ഭാരതീയ ആർഎംഎസ് & എംഎംഎസ് എംപ്ലോയീസ് യൂണിയൻ മെയിൽ ഗാർഡ് & എംടിഎസ് സർക്കിൾ പ്രസിഡന്റ് അരുൺ വി.കെ., ഭാരതീയ ആർഎംഎസ് & എംഎംഎസ് എംപ്ലോയീസ് യൂണിയൻ ഗ്രൂപ്പ് സി സർക്കിൾ വൈസ് പ്രസിഡന്റ് അനിതാ മേനോൻ സി തുടങ്ങിയവർ സമരത്തിന് അഭിവാദ്യങ്ങൾ അർപ്പിച്ച് സംസാരിച്ചു. ബിപിഇഎഫ് മധ്യമേഖല കൺവീനർ ബിനീഷ് കുമാർ എം. ആർ, സ്വാഗതവും എറണാകുളം ഡിവിഷൻ സെക്രട്ടറി പ്രവീൺ ആർ.പി. നന്ദിയും പറഞ്ഞു.

# പഴയ പെൻഷൻ പദ്ധതി പുനഃസ്ഥാപിക്കണം

# ജന്തർമന്ദറിൽ ജി.ഇ.എൻ.സിയുടെ നേതൃത്വത്തിൽ വൻ തൊഴിലാളി പ്രകടനം

**ന്യൂദൽഹി:** നാഷണൽ പെൻഷൻ സ്കീം (എൻപിഎസ്) പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് ജന്തർ മന്ദിറിൽ ബി.എം.എസ്. നേതൃത്വത്തിൽ പതിനായിരങ്ങളുടെ പ്രതിഷേധം. പഴയ പെൻഷൻ സ്കീം പുനഃസ്ഥാപിക്കണമെന്ന് സമ്മേളനം സർക്കാരിനോട് ആവശ്യപ്പെട്ടു. ബി.എം.എസ്. ദേശീയ ജനറൽ സെക്രട്ടറി രവീന്ദ്രഹിംതെയുടെ നേതൃത്വത്തിലുള്ള പ്രതിനിധി സംഘം കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമനെ കണ്ട് നിവേദനം നൽകി.

ബി.എം.എസ്. നേതൃത്വത്തിലുള്ള ഗവൺമെന്റ് എംപ്ലോയീസ് നാഷണൽ കോൺഫെഡറേഷന്റെ (ജിഇഎൻസി) ആഹ്വാനമേറ്റെടുത്താണ് റെയിൽവെ, ഡിഫൻസ്, തപാൽ, മറ്റ് കേന്ദ്രസർക്കാർ സ്ഥാപനങ്ങൾ, തദ്ദേശസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് ആയിരക്കണക്കിന് ജീവനക്കാർ സമരത്തിൽ അണിനിരന്നത്. അവസാന അടിസ്ഥാന ശമ്പളത്തിന്റെ അമ്പത് ശതമാനമെങ്കിലും ഉറപ്പുള്ള പെൻഷനെന്ന രീതിയിൽ പുനഃസ്ഥാപിക്കുക. വിലനിലവാരത്തിന് അനുസരിച്ചുള്ള ക്ഷാമാശ്വാസം ഉറപ്പാക്കുക, കേന്ദ്ര ശമ്പളക്കമ്മീഷൻ ശിപാർശകൾക്ക് അനുസരിച്ച് പെൻഷൻ പരിഷ്കരിക്കുക എന്നീ മൂന്ന് കാര്യങ്ങളാണ് കേന്ദ്രസർക്കാരിൽനിന്ന് പ്രതീക്ഷിക്കുന്നതെന്ന് ബി.എം.എസ്. ദേശീയ ജനറൽ സെക്രട്ടറി രവീന്ദ്ര ഹിംതെ സമരത്തെ അഭിവാദ്യം ചെയ്ത് പറഞ്ഞു.

പെൻഷൻ ഉറപ്പില്ലാത്ത സാഹചര്യം വലിയ ആശങ്കകളാണ് ജീവനക്കാരിൽ സൃഷ്ടിക്കുന്നത്. ഇത് ഒഴിവാക്കണം. പഴയ പെൻഷൻ പദ്ധതി സ്ഥിരവും ഉറപ്പായതുമായിരുന്നു. എന്നാൽ 2004 ജനുവരി ഒന്ന് മുതൽ അന്നത്തെ കോൺഗ്രസ് സർക്കാരാണ് പഴയ പെൻഷൻ പദ്ധതി നിർത്തി പങ്കാളിത്ത പെൻഷൻ ആരംഭിച്ചത്. 2003 ഡിസംബർ 22ന് ഓർഡിനൻസിലൂടെ ആരംഭിച്ച നീക്കം 2013 സെപ്തംബറിൽ പെൻഷൻ ഫണ്ട് റെഗുലേറ്ററി ആൻഡ് ഡെവലപ്മെന്റ് അതോറിറ്റി (പിഎഫ്ആർഡിഎ) ബിൽ വഴി നിയമമാക്കുകയായിരുന്നുവെന്ന് നേതാക്കൾ ചൂണ്ടിക്കാട്ടി.പഴയ പെൻഷൻ പദ്ധതി ജീവനക്കാർക്ക് നൽകിവരുന്ന സുരക്ഷിതത്വമാണ് ഇത് വഴി ഇല്ലാതാവുന്നതെന്ന് അവർ ചൂണ്ടിക്കാട്ടി. കേരളമടക്കമുള്ള സംസ്ഥാനങ്ങളിൽ നിന്നാണ് ആയിരക്കണക്കിന് സർക്കാർ ജീവനക്കാർ പ്രതിഷേധത്തിൽ അണിനിരന്നത്.

ജിഇഎൻസി ഉപാധ്യക്ഷൻ വിപിൻകുമാർ ദോഗ്ര, ബി.എം.എസ്. ദേശീയ അധ്യക്ഷൻ ഹിരൺമയ് പാണ്ഡ്യ, നേതാക്കളായ സുഖ് വിന്ദർ സിങ് ഡിക്കി. എം.പി. സിങ്, അശോക് ശുക്ല തുടങ്ങിയവർ സംസാരിച്ചു.



കേരള എൻ.ജി.ഒ. സംഘ് കോഴിക്കോട് ജില്ലാ നേതൃശിബിരം ആർ.ആർ.കെ.എം.എസ്. ദേശീയ ഉപാദ്ധ്യക്ഷൻ പി.സുനിൽകുമാർ ഉദ്ഘാടനം ചെയ്യുന്നു.

# കലാരംഗത്തെ ആത്മീയ ചൈതന്യം ഇല്ലാതാക്കുന്നു

**തിരുവനന്തപുരം:** കലാപ്രതിഭകളിൽ കുടികൊള്ളുന്ന ആത്മീയ ചൈതന്യം കമ്മ്യൂണിസ്റ്റുകാർ ഇല്ലാതാക്കുന്നുവെന്ന് ബി.എം.എസ്. സംസ്ഥാന ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ശിവജി സുദർശനൻ, ഭാരതീയ ആർട്ട് വർക്കേഴ്സ് സംഘ് (ബി.എം.എസ്.) പ്രഥമ സംസ്ഥാന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കമ്മ്യൂണിസം എവിടെയൊക്കെയുണ്ടോ അവിടെയൊക്കെ സംസ്കാരത്തെ തകർക്കുക എന്നതാണ് അവരുടെ ആദ്യത്തെ ലക്ഷ്യം. കലയിലെ ആത്മീയതയെ തകർത്ത് കച്ചവടമാക്കി മാറ്റിയത് കമ്മ്യൂണിസ്റ്റികാരാണ്. അതുകൊണ്ടാണ് ഇന്ന് ഈ മേഖലയിലെ പത്ത് ശതമാനം ആൾക്കാരൊഴിച്ച് മറ്റാർക്കും കലകൊണ്ട് മാത്രം ഉപജീവനം നടത്താൻ സാധിക്കാത്തതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കൃഷ്ണകുമർ ജി. മുഖ്യാതിഥിയായി കലാരംഗത്ത് സമഗ്ര സംഭാവന നൽകിയ സോപാനം ശ്രീകുമാർ, ദർശൻ രാമൻ, വക്കം ഗോപൻ, മായാറാണി എന്നിവരെ ആദരിച്ചു. ഭാരതീയ ആർട്ട് വർക്കേഴ്സ് സംഘ് സംസ്ഥാന പ്രസിഡന്റ് തിട്ടമംഗലം ഹരി അധ്യക്ഷനായി. ബി.എം.എസ്. ജില്ലാ സെക്രട്ടറി ഇ.വി. ആനന്ദ്, പ്രഭാരി ടി.സി. സേതുമാധവൻ, സംസ്ഥാന സെക്രട്ടറി ജി. സതീഷ് കുമാർ, ജനറൽ കൺവീനർ സുനിൽ, കെ. ഭാസ്കർ തുടങ്ങിയവർ സംസാരിച്ചു. സംസ്ഥാന പ്രസിഡന്റ് സുരേഷ് മേനോൻ, ജനറൽ സെക്രട്ടറി സുനിൽ കെ. ഭാസ്കർ, തിട്ടമംഗലം ഹരി (ട്രഷറർ), സനൽ കലാനിലയം (വൈസ് പ്രസിഡന്റ്) ഷൈൻ ചൊവ്വര (സെക്രട്ടറി), കാരയ്ക്കാട് മധു, ഗോപൻ കുട്ടപ്പന, പ്രദീപ് അണിയരങ്ങ്, ജോജു പുന്നാട് എന്നിവരെ കമ്മിറ്റി അംഗങ്ങളായും തെരഞ്ഞെടുത്തു.




ബി.എം.എസ്. ഓമല്ലൂർ മേഖലാ സമ്മേളനം പത്തനംതിട്ട ജില്ലാ പ്രസിഡന്റ് ഹരികുമാർ ചുട്ടിയിൽ ഉദ്ഘാടനം ചെയ്യുന്നു.

# നാട്ടിക മേഖലാ സമ്മേളനം

**എങ്ങണ്ടിയൂർ:** ക്ഷേമ പെൻഷനുകൾ സമയബ ന്ധിതമായ കൊടുത്തു തീർക്കുവാൻ സംസ്ഥാന സർക്കാർ അടിയന്തിരമായി ഇടപെടണമെന്ന് ബി. എം.എസ്. ജില്ലാ സെക്രട്ടറി സേതു തിരുവെങ്കിടം ആവശ്യപ്പെട്ടു. നാട്ടിക മേഖലാ സമ്മേളനം ഉദ്ഘാ ടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

എങ്ങണ്ടിയൂർ സരസ്വതി വിദ്യാനികേതൻ സെൻട്രൽ സ്കൂളിൽ ചേർന്ന സമ്മേളനത്തിൽ മേഖലാ പ്രസിഡന്റ് എൻ.വി. സേതുനാഥൻ അധ്യ ക്ഷത വഹിച്ചു.

രാഷ്ട്രീയ സ്വയം സേവക സംഘം പ്രചാർ പ്രമുഖ് ഗിരീഷ് മാസ്റ്റർ ബി.എം.എസ്. ജില്ലാ വൈസ് പ്രസിഡന്റ് കെ.ബി. ജയശങ്കർ. ജില്ലാ ജോയിന്റ് സെക്രട്ടറികെ.ജെ. ജിജേഷ് കുമാർ, സംസ്ഥാന സമിതി അംഗം പി. ആനന്ദൻ മേഖലാ ഭാരവാഹിക ളായ കെ.എൽ. ജയപ്രകാശൻ, കെ. രമേശൻ മാരാർ, സി.എസ്. സുധീഷ്, ജയേഷ് ജയൻ, എം.എസ്. സന്ദീപ്, ജിഷ പ്രദീപ്., പി.എസ്. ലൈജു എന്നിവർ സംസാരിച്ചു. മേഖലാ പ്രസിഡന്റ് കെ. രമേശൻ മാരാർ, മേഖല സെക്രട്ടറി എൻ.വി. സേതുനാഥൻ, ട്രഷറർ സി.എസ്. സുധീഷ് എന്നിവരെ തെരഞ്ഞെ ടുത്തു.

### ചാലക്കുടി മേഖലാ സമ്മേളനം

ബി.എം.എസ്. ചാലക്കുടി മേഖലാ സമ്മേളനം ചാലക്കുടി വ്യാപാരഭവൻ ഹാളിൽ തൃശൂർ ജില്ലാ പ്രസിഡന്റ് കെ.വി. വിനോദ് ഉദ്ഘാടനം ചെയ്തു. മേഖലാ പ്രസിഡന്റ് സന്ദീപ് പി.എസ്. അധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി സേതു തിരുവെങ്കിടം, ജില്ലാ വൈസ് പ്രസിഡന്റ് എം.എസ്. സുനിൽ, ബി.എം.എ സ്. മേഖലാ സെക്രട്ടറി സി.ആർ.ജിനു, കെ.കെ. വാസു, ബെന്നി എന്നിവർ സംസാരിച്ചു. ബെന്നി റപ്പായി സ്വാഗ തവും സി.ആർ. ജിനു നന്ദിയും രേഖപ്പെടുത്തി.

**ഭാരവാഹികൾ** – പ്രസിഡന്റ് സന്ദീപ് പി.എസ്., സെക്രട്ടറി സി.ആർ. ജിനു, ഖജാൻജി വി.എസ്. ബിനിൽ, വൈസ് പ്രസിഡന്റുമാർ കെ.കെ. വാസു, എൽ.കെ. ശിവൻ, ബെന്നി റപ്പായി, എസ്.ജി. രാധാ കൃഷ്ണൻ, ലാലി ബാബു, ജോ. സെക്രട്ടറിമാർ വി.ജി. ബാബു, സി.ടി. ബെന്നി, സിബിൻ ബാബു, കെ.എസ്. സതീഷ്, ഗീത ബേബി.

# ആദ്യകാല പ്രവർത്തകരെ ആദരിച്ചു.

**തൃശൂർ:** ജില്ലാ ജനറൽ മസ്ദൂർ സംഘം ഗുരു വായൂർ പുന്നയൂർകുളം യൂണിറ്റ് വാർഷിക സമ്മേളനം ബി.എം.എസ്. ജില്ലാ സെക്രട്ടറി സേതു തിരുവെങ്കിടം ഉദ്ഘാടനം ചെയ്തു. യൂണിയൻ രൂപീകരണത്തിന് നേതൃത്വം നൽകിയ മുൻ ജില്ലാ സെക്രട്ടറി ടി.വി. ശങ്കരേ ട്ടന്റെ ഛായാചിത്രത്തിൽ പുഷ്പാർച്ചന നടത്തി യാണ് സമ്മേളനത്തിന് തുടക്കം കുറിച്ചത്. യൂണി യന്റെ ആദ്യകാല പ്രവർത്തകരെ സമ്മേളന ത്തിൽ ആദരിച്ചു. ബി.എം.എസ്. ഗുരുവായൂർ മേഖല പ്രസിഡന്റ് കെ.എ. ജയതിലകൻ, സെക്ര ട്ടറി പി.കെ. അറമുഖൻ, വൈസ് പ്രസിഡന്റ് വി. കെ. സുരേഷ് ബാബു, ട്രഷറർ സൂരജ് കോട്ടപ്പടി, ബി.എം.എസ്. പുന്നയൂർകുളം പഞ്ചായത്ത് പ്രസി ഡന്റ് ഇ.വി. സുനിൽ, സെക്രട്ടറി സുബിൻ, പി.വി. മണികണ്ഠൻ എന്നിവർ പ്രസംഗിച്ചു. യൂണിറ്റ് പ്രസിഡന്റ് ടി.ആർ. രാജേഷ് അധ്യക്ഷത വഹിച്ചു. പുതിയ ഭാരവാഹികളായി പ്രസിഡന്റ് വി.ആർ. മണികണ്ഠൻ, വൈസ് പ്രസിഡന്റ് എം.പി. തില കൻ, സെക്രട്ടറി പി.വി. സുബിൻ, ജോ. സെക്രട്ടറി ടി.ആർ. രാജേഷ്,ട്രഷറർ സി.എ. അഭിലാഷ് എന്നി വരെ തെരഞ്ഞെടുത്തു.

# മുടങ്ങി കിടക്കുന്ന ക്ഷേമപെൻഷൻ ഉടൻ വിതരണം ചെയ്യണം

**തൃശൂർ:** സംസ്ഥാന സർക്കാരി ന്റെ പിടിപ്പു കേടുമൂലം മുടങ്ങിക്കി ടക്കുന്ന ക്ഷേമപെൻഷനുകൾ ഉ ടൻ വിതരണം ചെയ്യണമെന്ന് ബി. എം.എസ്. ജില്ലാ പ്രസിഡന്റ് കെ. വി. വിനോദ് ആവശ്യപ്പെട്ടു. തൃശൂർ ജവഹർ ബാലഭവനിൽ നടന്ന ബി. എം.എസ്. തൃശൂർ മേഖല സമ്മേ ളനം ഉദ്ഘാടനം ചെയ്ത് സംസാ രിക്കുകയായിരുന്നു അദ്ദേഹം.

പുതിയ ഭാരവാഹികളായി എ. സി. കൃഷ്ണൻ (പ്രസിഡന്റ്) മു കേഷ് കുമാർ (സെക്രട്ടറി) ഫെനി ക്സ് ഫ്രാൻസിസ് ഖജാൻജി എ ന്നിവരെ തെരഞ്ഞെടുത്തു.

# ഓട്ടോറിക്ഷ തൊഴിലാളികൾക്ക് സ്റ്റാന്റ് നമ്പർ നൽകണം

**തൊടുപുഴ:** ഓട്ടോറിക്ഷകൾക്ക് സ്റ്റാന്റ് നമ്പർ നൽകി. അനധികൃത പാർക്കിംഗ് ഇല്ലാതാക്കി ഗതാഗതകുരുക്ക് ഒഴിവാക്കണമെന്ന് ബി.എം.എസ്. ജില്ലാ വൈസ് പ്രസിഡന്റ് എം.പി. റെജികുമാർ ആവശ്യപ്പെട്ടു. ഓട്ടോറിക്ഷാ മസ്ദൂർസംഘം തൊടുപുഴ നഗരസഭ ഓഫീസിലേക്ക് നടത്തിയ മാർച്ചും ധർണ്ണയും ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഉപജീവനത്തിനായി കിടപ്പാടം പണയപ്പെടുത്തി ഓട്ടോറിക്ഷകൾ വാങ്ങി സർവ്വീസ് നടത്താൻ വരുമ്പോൾ സ്റ്റാന്റുകളിൽ കയറാനാകാത്ത അവസ്ഥയും എന്നാൽ ചിലയിടങ്ങളിൽ പോലീസിന്റെയും നഗരസഭ അധികാരികളുടെയും ഒത്താശയോടെ സ്റ്റാന്റുകൾ ഉണ്ടാക്കിയിരിക്കുകയാണ്. ഇത് പലപ്പോഴും സംഘർഷത്തിന് ഇടയാകാറുണ്ട്. രണ്ടായിരത്തി മുന്നൂറോളം ഓട്ടോറിക്ഷകൾ സർവ്വീസ് നടത്തിയിരുന്നത് ഇപ്പോൾ ആയിരത്തിൽ താഴെ വാഹനങ്ങൾ മാത്രമായി. ഇപ്രകാരം കുറവു വന്നിട്ടുള്ള ഓട്ടോറിക്ഷകൾക്ക് പകരം പുതിയ വണ്ടികൾക്ക് സ്റ്റാന്റ് നമ്പർ നൽകുവാൻ ട്രേഡ് യൂണിയനുകളെ ഉൾപ്പെടുത്തി അടിയന്തിരമായി ട്രാഫിക് കമ്മറ്റി വിളിച്ച് ചേർക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

ബി.എം.എസ്. മേഖലാ സെക്രട്ടറി എ.പി.സഞ്ചു,ജില്ലാ വൈസ് പ്രസിഡന്റ് സി. രാജേഷ്, യൂണിയൻ ഭാരവാഹികളായ എം.വി. വിജയൻ, ഷാജു ഗോപാലൻ, സി.എം. ശ്രീകുമാരൻ, പി.എസ്. ശ്രീനിവാസൻ, എ.ആർ. ഹരി എന്നിവർ പ്രസംഗിച്ചു.




**ഓട്ടോറിക്ഷ മസ്ദൂർ സംഘം തൊടുപുഴ നഗരസഭ ഓഫീസിലേക്ക് നടത്തിയ മാർച്ച് ബി.എം.എസ്. ഇടുക്കി ജില്ലാ വൈസ് പ്രസിഡന്റ് എം.പി. റെജികുമാർ ഉദ്ഘാടനം ചെയ്യുന്നു.**

# കർഷക തൊഴിലാളികൾ ധർണ്ണ നടത്തി

**തൃശൂർ:** കർഷക തൊഴിലാളികൾക്ക് ലഭിക്കേണ്ടതായ ആനുകൂല്യങ്ങളും പെൻഷനും യഥാസമയം നൽകാത്ത നടപടികൾ അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തൃശൂർ ജില്ലാ കാർഷിക മസ്ദൂർസംഘം (ബി.എം.എസ്.) ചേലക്കര പഞ്ചായത്ത് കമ്മിറ്റിയുടെ നേതൃത്വത്തിൽ പഞ്ചായത്ത് ഓഫീസിനു മുൻപിൽ ധർണ നടത്തി. ബി.എം.എസ്. ചേലക്കര പഞ്ചായത്ത് പ്രസിഡന്റ് പി.എൻ. സനോജ് അധ്യക്ഷത വഹിച്ചു. യൂണിയൻ ജില്ലാ ജനറൽ സെക്രട്ടറി കെ.കെ. തിലകൻ ഉദ്ഘാടനം ചെയ്തു. ബി.എം.എസ്. ജില്ലാ ട്രഷറർ വിപിൻ മംഗലം മുഖ്യപ്രഭാഷണം നടത്തി. ബി.എം.എസ്. മേഖലാ സെക്രട്ടറി പി.കെ. ഉണ്ണികൃഷ്ണൻ പ്രസിഡന്റ് കെ. മാധവൻ, കെ.കെ. സുന്ദരൻ, പി.സി. കൃഷ്ണൻ, എൻ. പ്രകാശൻ എന്നിവർ സംസാരിച്ചു. ബി.എം.എസ്. പഞ്ചായത്ത് പ്രസിഡന്റ് കെ. ഉണ്ണി സ്വാഗതവും പി. രാജഗോപാൽ നന്ദിയും പറഞ്ഞു.

**ആലപ്പുഴ:** കുട്ടനാട് പുളിംങ്കുന്ന് ഗ്രാമപഞ്ചായത്തിലേക്ക് നടത്തിയ മാർച്ചും ധർണ്ണയും കർഷക തൊഴിലാളി ഫെഡറേഷൻ പ്രസിഡന്റ് ബി. രാജശേഖരൻ ഉദ്ഘാടനം ചെയ്തു. കർഷക തൊഴിലാളി ക്ഷേമ ബോർഡിൽനിന്നും 2017 മുതൽ അതിവർഷാനുകൂല്യവും, ചികിത്സാ - വിവാഹ - പ്രസവാനുകൂല്യം ഉൾപ്പെടെയുള്ള ധന സഹായം ഉടൻ നൽകണമെന്നും, ക്ഷേമനിധി ബോർഡിൽ അംഗങ്ങളായി 60 വയസ്സുവരെ അംശാദായം അടച്ച എല്ലാവർക്കും യാതൊരു ഉപാധികളും കൂടാതെ ക്ഷേമനിധി ബോർഡ് നേരിട്ട് പെൻഷൻ നൽകുക. ക്ഷേമബോർഡ് നൽകുന്ന ആനുകൂല്യങ്ങൾ കാലോചിതമായി വർധിപ്പിക്കുക, ആനുകൂല്യം നൽകുന്ന കാലതാമസം ഒഴിവാക്കുക,പെൻഷൻ 5000 രൂപയായി വർദ്ധിപ്പിക്കുക, ഇ.എസ്.ഐ., പി.എഫ്, ഗ്രാറ്റുവിറ്റി പദ്ധതി നടപ്പിലാക്കുക, കർഷകർ നൽകുന്ന നെല്ലിന്റെ വില കാലതാമസം കൂടാതെ നൽകുക. കർഷകരേയും തൊഴിലാളികളേയും സംരക്ഷിച്ചു കൃഷിമേഖലയിൽതന്നെ നിലനിറുത്തുവാനുള്ള പദ്ധതി സർക്കാർ നടപ്പിലാക്കുക, ക്ഷേമ ബോർഡിൽ ബി.എം.എസ്സിന്റെ പ്രതിനിധിയെ ഉൾപ്പെടുത്തുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചു. സുരേഷ്കുമാർ അധ്യക്ഷത വഹിച്ചു. ബി.എം.എസ്. മേഖല സെക്രട്ടറി പി.എം. ബിജു, മേഖല വൈസ് പ്രസിഡന്റ് എം.കെ. സിനു രാജ്, സുനീഷ് തുടങ്ങിയവർ സംസാരിച്ചു.

**കാസറഗോഡ്:** കേരളത്തിലെ കാർഷിക മേഖലയിൽ പാടത്തും പറമ്പിലും പണിയെടുത്ത് കേരള ജനതയെ അന്നമൂട്ടിയ കർഷക തൊഴിലാളികളുടെ പെൻഷനും ആനുകൂല്യങ്ങളും നൽകാത്ത കേരള സർക്കാരിന് എങ്ങനെയാണ് നവകേരളത്തെക്കുറിച്ച് സംസാരിക്കാൻ സാധിക്കുന്നതെന്ന് ബി.എം.എസ്. കാസറഗോഡ് ജില്ലാ വൈസ് പ്രസി




**ആലപ്പുഴ ജില്ലാ സെപ്റ്റിക് ടാങ്ക് ക്ളീനേഴ്സ് മസ്ദൂർ സംഘ് കളക്ട്രേറ്റ് മാർച്ച് ബി.എം.എസ്. ജില്ലാ പ്രസിഡന്റ് എൻ.ദേവദാസ് ഉദ്ഘാടനം ചെയ്യുന്നു.**

ഡന്റ് കെ.എ. ശ്രീനിവാസൻ ചോദിച്ചു. കർഷക തൊഴിലാളി സംഘം ചെങ്കള പഞ്ചായത്ത് കമ്മറ്റി സംഘടിപ്പിച്ച ധർണ്ണ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ബാബുമോൻ ചെങ്കള അധ്യക്ഷത വഹിച്ചു. ബി.എം.എസ്. ജില്ലാ ഭാരവാഹികളായ പി. ദിനേശ്, അനിൽ ബി. നായർ ഫെഡറേഷൻ സംസ്ഥാന സെക്രട്ടറി വി.ബി. സത്യനാഥ്, മേഖലാ സെക്രട്ടറി റിജേഷ് ജെ.പി. നഗർ, ലളിത മാവിനകട്ട, പുഷ്പരാജ് കൊറക്കോട് എന്നിവർ സംസാരിച്ചു. യശോദ ചൂരിപ്പള്ള, ലീല കെ.കെ. പുറം, എസ്.കെ. ഉമേഷ്, ഗണേഷ് പാടി എന്നിവർ നേതൃത്വം നൽകി. രഞ്ജിത്ത് ടി സ്വാഗതവും ഗുരുപ്രസാദ് വൈ നന്ദിയും പറഞ്ഞു.

**കാസറഗോഡ്:** കാസർഗോഡ് മുനിസിപ്പൽ ഓഫീസിനു മുന്നിൽ നടത്തിയ ധർണ്ണ ബി.എം.എസ്. ജില്ലാ ഉപാധ്യക്ഷൻ അനിൽ ബി. നായർ ഉദ്ഘാടനം ചെയ്തു. കർഷക തൊഴിലാളി ഫെഡറേഷൻ ഉപാധ്യക്ഷൻ പുഷ്പരാജ് കൊറക്കോട് അധ്യക്ഷത വഹിച്ചു. ബി.എം.എസ്. ജില്ലാ ഉപാധ്യക്ഷൻ ഗോവിന്ദൻ മടിക്കൈ, ജില്ലാ ജോയിന്റ് സെക്രട്ടറി ദിനേശ് ബംബ്രാണ മേഖലാ പ്രസിഡന്റ് ബാലകൃഷ്ണൻ നെല്ലിക്കുന്ന്, മേഖലാ സെക്രട്ടറി റിജേഷ് ജെ.പി. നഗർ, ശാന്തകുമാരി ജെ.പി. നഗർ, ശിവപ്രസാദ് താളിപ്പടപ്പ്, എസ്.കെ. ഉമേഷ്, രഞ്ജിത്ത് ചെർക്കള, വീണ നെല്ലിക്കുന്ന്, ബാബുമോൻ എന്നിവർ സംസാരിച്ചു.




**കർഷക തൊഴിലാളി ഫെഡറേഷൻ പെരിയ പഞ്ചായത്ത് ഓഫീസിലേക്ക് നടത്തിയ ധർണ്ണ ബി.എം.എസ്. ജില്ലാ സെക്രട്ടറി കെ.വി.ബാബു ഉദ്ഘാടനം ചെയ്യുന്നു.**

# സംസ്ഥാനസർക്കാറിന്റേത് തൊഴിലാളികളെ കൊള്ളയടിക്കുന്ന സമീപനം

**കൊളത്തൂർ:** വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് മൂർക്കനാട് പഞ്ചായത്ത് ഓഫീസിനു മുന്നിൽ നടത്തിയ കർഷകത്തൊഴിലാളികളുടെ ധർണ ബി.എം.എസ്. ജില്ലാ പ്രസിഡന്റ് എൽ. സതീഷ് ഉദ്ഘാടനം ചെയ്തു. സംസ്ഥാന സർക്കാർ തൊഴിലാളികളെ കൊള്ളയടിക്കുന്ന സമീപനമാണ് കൈക്കൊള്ളുന്നതെന്ന് അദ്ദേഹം ആരോപിച്ചു.

പഞ്ചായത്ത് സെക്രട്ടറി പി. മനോജ് കുമാർ അധ്യക്ഷത വഹിച്ചു. കർഷക തൊഴിലാളി യൂണിയൻ ജില്ലാ സെക്രട്ടറി ഒ.ഗോപാലൻ, ബി.എം.എസ്. മേഖലാ പ്രസിഡന്റ് എം. ഉണ്ണികൃഷ്ണൻ, സെക്രട്ടറി വിശ്വനാഥൻ പാലൂർ, പി കണക്കറായി, പഞ്ചായത്ത് പ്രസിഡന്റ് വാസു കുന്നത്ത്, പി.സതീദേവി തുടങ്ങിയവർ സംസാരിച്ചു. കർഷക തൊഴിലാളികളുടെ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള നിവേദനം പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറി.




**മൂർക്കനാട് പഞ്ചായത്ത് ഓഫീസിലേക്ക് നടത്തിയ മാർച്ച് ബി.എം.എസ് മലപ്പുറം ജില്ലാ സെക്രട്ടറി എൽ.സതീഷ് ഉദ്ഘാടനം ചെയ്യുന്നു.**

# ഫെറ്റോ പ്രതിഷേധിച്ചു

**തൃശൂർ:** നവകേരള സദസ്സിന്റെ മറവിൽ ഭരണ കക്ഷിയുടെ പി.ആർ വർക്കിന് സർക്കാർ ജീവനക്കാരെയും അധ്യാപകരെയും നിർബന്ധിതമായി ഉപയോഗിക്കുന്നതിൽ ഫെഡറേഷൻ ഓഫ് എംപ്ലോയീസ് & ടീച്ചേഴ്സ് ഓർഗനൈസേഷൻ (ഫെറ്റോ) തൃശൂർ ജില്ലാ സമിതി പ്രതിഷേധിച്ചു. യോഗം ബി.എം.എസ്. ജില്ലാ പ്രസിഡന്റ് കെ.വി. വിനോദ് ഉദ്ഘാടനം ചെയ്തു. ബി.എം.എസ്. സംസ്ഥാനസമിതിയംഗം എ.സി. കൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തി. ഫെറ്റോ ജില്ലാ പ്രസിഡന്റ് ആർ. ശ്രീജിത്ത് അധ്യക്ഷത വഹിച്ച യോഗത്തിൽ ജില്ലാ സെക്രട്ടറി ജയൻ പൂമംഗലം, അനൂപ് ശങ്കരപ്പിള്ള, വി. വിശ്വകുമാർ, എം.കെ. നരേന്ദ്രൻ തുടങ്ങിയവർ സംസാരിച്ചു. ജനുവരി 24ന് നടക്കുന്ന പണിമുടക്ക് വിജയിപ്പിക്കുവാനും ജില്ലാ സമിതി യോഗം ആഹ്വാനം ചെയ്തു.

# ആത്മാക്കളുടെ പോലും ശാപമേറ്റ സർക്കാരാണ് കേരളം ഭരിക്കുന്നത് – ഫെറ്റോ

**പത്തനംതിട്ട:** ജനദ്രോഹ നടപടികളാലും വഞ്ചനാപരമായ സമീപനങ്ങളാലും ജീവൻ വെടിയേണ്ടിവന്ന പാവപ്പെട്ട മനുഷ്യരുടെ ആത്മാക്കളുടെ പോലും ശാപമേറ്റ സർക്കാരാണ് കേരളം ഭരിക്കുന്നതെന്ന് ഫെഡറേഷൻ ഓഫ് എംപ്ലോയീസ് ആന്റ് ടീച്ചേഴ്സ് ഓർഗനൈസേഷൻ - ഫെറ്റോ സംസ്ഥാന ജനറൽ സെക്രട്ടറി പി.എസ്. ഗോപകുമാർ പറഞ്ഞു. വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ജനുവരി 24ന് സംസ്ഥാന സർക്കാർ ജീവനക്കാരും അധ്യാപകരും നടത്തുന്ന സൂചനാ പണിമുടക്കിന് മുന്നോടിയായി സംഘടിപ്പിച്ച ജില്ലാതല സമര പ്രഖ്യാപന കൺവെൻഷൻ പത്തനംതിട്ടയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഫെറ്റോ ജില്ലാ പ്രസിഡന്റ് മനോജ് ബി. നായർ അധ്യക്ഷത വഹിച്ചു.

കേരള എൻ.ജി.ഒ. സംഘ് സംസ്ഥാന ഡെപ്യൂട്ടി ജനറൽ സെക്രട്ടറി എസ്. രാജേഷ്, സംസ്ഥാന സമിതി അംഗം കെ.ജി. അശോക് കുമാർ, വനിതാ വിഭാഗം സംസ്ഥാന സെക്രട്ടറി പി.സി. സിന്ധുമോൾ,, എൻ.റ്റി.യു. സംസ്ഥാന സമിതി അംഗം ജെ. രാജേന്ദ്രൻ, ജില്ലാ പ്രസിഡന്റ് അനിത ജി. നായർ എന്നിവർ പ്രസംഗിച്ചു. കേരള സ്റ്റേറ്റ് പെൻഷനേഴ്സ് സംഘ് ജില്ലാ പ്രസിഡന്റ് ആർ. മോഹനൻ എന്നിവർ പ്രസംഗിച്ചു. ജില്ലാ സെക്രട്ടറി എസ്. ഗിരീഷ് സ്വാഗതവും ജില്ലാ കമ്മിറ്റി അംഗം എം. രാജേഷ് നന്ദിയും പറഞ്ഞു.



**ബി.എം.എസ്. തൃശൂർ മേഖലയിലെ ആമ്പക്കാടൻ ജംഗ്ഷൻ പമ്പിലെ തൊഴിലാളി ബിജിയുടെ ഭർത്താവിന്റെ ചികിത്സ ധനസഹായം ജില്ലാ സെക്രട്ടറി സേതു തിരുവെങ്കിടം കൈമാറുന്നു.**

# ജീവനക്കാരോട് സർക്കാർ കാണിക്കുന്നത് കടുത്ത വഞ്ചന: എസ്.കെ. ജയകുമാർ

## ജനുവരി 24 സൂചനാ പണിമുടക്ക്

**കോഴിക്കോട്**: സംസ്ഥാന ജീവനക്കാരോടും അധ്യാപകരോടും പിണറായി സർക്കാർ കാണിക്കുന്നത് കടുത്ത വഞ്ചന ആണെന്നും അതിനെതിരെ ജനുവരി 24ന് പണിമുടക്കി പ്രതിഷേധിക്കുമെന്നും ഫെറ്റോ സംസ്ഥാന പ്രസിഡന്റ് എസ്.കെ. ജയകുമാർ പറഞ്ഞു. 2024 ജനുവരി 24ന് ഫെറ്റോ നടത്തുന്ന പണിമുടക്കിന്റെ മുന്നോടിയായുള്ള സമരപ്രഖ്യാപന കൺവെൻഷൻ കേസരി ഭവനിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഇന്ത്യയിൽ ഒരു സംസ്ഥാനത്തും ജീവനക്കാർ നേരിടാത്ത പ്രതിസന്ധിയാണ് ഇന്ന് സംസ്ഥാനത്ത് ജീവനക്കാർ അനുഭവിക്കേണ്ടി വരുന്നത്. പണിമുടക്ക് അല്ലാതെ മറ്റ് മാർഗ്ഗമില്ലാത്ത അവസ്ഥയിൽ കേരളത്തിലെ സിവിൽ സർവ്വീസ് മേഖലയെ എത്തിച്ചിരിക്കുകയാണെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

ജില്ലാ അധ്യക്ഷൻ എം. സുനിൽ അധ്യക്ഷനായി. ബി.എം.എസ്. ജില്ലാ അധ്യക്ഷൻ സി.പി. രാജേഷ്, എൻ.ജി.ഒ. സംഘ് സംസ്ഥാന ട്രഷറർ ടി. ദേവാനന്ദൻ, ദേശീയ അധ്യാപക പരിഷത്ത് ഉത്തരമേഖലാ സെക്രട്ടറി കെ. ഷാജി മോൻ, പെൻഷനേഴ്സ് സംഘ് സംസ്ഥാന ട്രഷറർ പി. ജയഭാനു, ഗസറ്റഡ് ഓഫീസേഴ്സ് സംഘ് ജില്ലാ അധ്യക്ഷൻ എസ്. മനോജ് കുമാർ, എൻജിഒ സംഘ് സംസ്ഥാന കമ്മറ്റി അംഗം പി.പി. സുരേഷ് ബാബു, സംസ്ഥാന ജോ. സെക്രട്ടറി പി.കെ. ഷാജി, എം. പ്രശാന്ത് ബാബു, സി. ബൈജു, പി. സുരേന്ദ്രൻ, ടി. ജ്യോതികുമാർ, പി. അനിൽ കുമാർ, ഇ. ബിന്ദു എന്നിവർ സംസാരിച്ചു.




**ഫെറ്റോ സമരപ്രഖ്യാപന കൺവെൻഷൻ കോഴിക്കോട്ട് സംസ്ഥാന പ്രസിഡന്റ് എസ്.കെ.ജയകുമാർ ഉദ്ഘാടനം ചെയ്യുന്നു.**

# തൊഴിലാളി വിരുദ്ധ നടപടികൾക്കെതിരെ

## ഏഷ്യാനെറ്റ് എംപ്ലോയീസ് സംഘ് ധർണ്ണ നടത്തി

**കോഴിക്കോട്:** ഏഷ്യാനെറ്റ് മാനേജ്മെന്റിന്റെ തൊഴിലാളി വിരുദ്ധ നടപടികൾക്കെതിരെ സംസ്ഥാന വ്യാപകമായി നടത്തുന്ന പ്രതിഷേധത്തിന്റെ ഭാഗമായി കോഴിക്കോട് റീജിയണിലെ ധർണ്ണ ബി.എം.എസ്. സംസ്ഥാന സമിതി അംഗം പി. പരമേശ്വരൻ ഉദ്ഘാടനം ചെയ്തു.

ഏഷ്യാനെറ്റ് എംപ്ലോയീസ് സംഘ് സംസ്ഥാന സെക്രട്ടറി സഞ്ജയ് പി. അധ്യക്ഷത വഹിച്ചു. ഏഷ്യാനെറ്റ് ഓഫീസേഴ്സ് വെൽഫെയർ സംഘ് സംസ്ഥാന ജനറൽ സെക്രട്ടറി മനോജ്, സംസ്ഥാന ജനറൽ സെക്രട്ടറി ദീപക് കെ.എം., സംസ്ഥാന സെക്രട്ടറി രാകേഷ്, സംസ്ഥാന വർക്കിംഗ് പ്രസിഡന്റ് അഭിലാഷ് ചന്ദ്രമോഹൻ, ഏഷ്യാനെറ്റ് ഓഫീസേഴ്സ് വെൽഫെയർ സംഘ് സംസ്ഥാന പ്രസിഡന്റ് ഷൈജു. എൻ.കെ. എന്നിവർ സംസാരിച്ചു. സുരേഷ്കുമാർ സ്വാഗതവും നിഷാന്ത് എം.പി. നന്ദിയും പറഞ്ഞു.



ഏഷ്യാനെറ്റ് എംപ്ലോയീസ് സംഘിന്റെ ആഭിമുഖ്യത്തിൽ നടത്തിയ ധർണ്ണ ബി.എം.എസ്. സംസ്ഥാന സമിതിയംഗം പി.പരമേശ്വരൻ ഉദ്ഘാടനം ചെയ്യുന്നു.

# പി.എം. വിശ്വകർമ്മ യോജന: രജിസ്ട്രേഷൻ ക്യാമ്പ് സംഘടിപ്പിച്ചു

**കോഴിക്കോട്:** സിറ്റി സൗത്ത് മേഖലയുടെ ആഭിമുഖ്യത്തിൽ പി.എം. വിശ്വകർമ്മ യോജന രജിസ്ട്രേഷൻ ക്യാമ്പ് സംഘടിപ്പിച്ചു. പന്നിയങ്കര സിഎസ്സി സെന്ററിൽ സംഘടിപ്പിച്ച ക്യാമ്പ് ബി.എം.എസ്. കോഴിക്കോട് ജില്ല ട്രഷറർ അഖിൽ ചന്ദ്രൻ കെ.പി. ഉദ്ഘാടനം ചെയ്തു. ബിസിഎസ്സിഡബ്ല്യുഎസ് കോഴിക്കോട് ജില്ല സെക്രട്ടറി ഷാബു.പി.കെ.,ബി.എം.എസ്. സിറ്റി സൗത്ത് മേഖലാ സെക്രട്ടറി ശരത് കുമാർ എ., സിഎസ്സി വിഎൽഇ പ്രിയ. ബി.എം.എസ്. സിറ്റി സൗത്ത്മേഖല പ്രസിഡന്റ് അഡ്വ. ജയഭാനു പി., ട്രഷറർ അനിത ഹരിദാസ്, ജിജേഷ്ലാൽ വി. എന്നിവർ പങ്കെടുത്തു.



കോഴിക്കോട് സിറ്റി സൗത്ത് മേഖലയുടെ ആഭിമുഖ്യത്തിൽ പി.എം.വിശ്വകർമ്മ യോജന രജിസ്ട്രേഷൻ ക്യാമ്പ് ബി.എം.എസ്. ജില്ലാ ട്രഷറർ കെ.പി.അഖിൽ ചന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു.

# പട്ടിണിയും അരാജകത്വവും സൃഷ്ടിക്കലാണ് കമ്മ്യൂണിസം

## ജി.കെ. അജിത്

**കോഴിക്കോട്** - മാർക്സ് സ്വപ്നം കണ്ടിരുന്ന കമ്യൂണിസവും മാർക്സിസവും ലോകത്ത് ഒരിടത്തും നടപ്പാക്കാൻ കഴിഞ്ഞിട്ടില്ലെന്നും പട്ടിണിപ്പാവങ്ങളെയും അരാചകത്വവും സൃഷ്ടിക്കുന്നതിലാണ് കമ്യൂണിസ്റ്റുകൾക്ക് താല്പര്യമെന്നും ബി.എം.എസ്. സംസ്ഥാന ജനറൽ സെക്രട്ടറി ജി.കെ. അജിത് അഭിപ്രായപ്പെട്ടു. കോഴിക്കോട് നളന്ദ ഓഡിറ്റോറിയത്തിൽ ബി.എം.എസ്. കോഴിക്കോട് ജില്ലാ സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

കേരളം മാതൃകയാണെന്ന് അവകാശപ്പെടുന്നവർ തൊഴിലാളികളുടെയും സാധാരണ ജനങ്ങളുടെയും ജീവിത പ്രയാസങ്ങൾ കണ്ടില്ലെന്ന് നടിക്കുന്നു. നെല്ലിന്റെ വില ലഭിക്കാതെ കടക്കെണിയിൽപെട്ട നെൽകർഷകൻ ആത്മഹത്യ ചെയ്തു. ഇരുപത് രൂപയ്ക്ക് ഭക്ഷണം നൽകിയ കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകേണ്ട സഹായം കിട്ടാതെ സെക്രട്ടറിയേറ്റ് ധർണ്ണ നടത്തുന്നു. സ്കൂൾ കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകിയ അധ്യാപകർക്ക് പണം നൽകിയിട്ടില്ല. സാമൂഹ്യ സുരക്ഷാ പെൻഷനുകൾ മാസങ്ങളായി വിതരണം ചെയ്യുന്നില്ല. അടിമാലിയിലെ വയോവൃദ്ധരായ സ്ത്രീകൾ മൺചട്ടിയുമായി ഭിക്ഷാടനം നടത്തി പ്രതിഷേധിക്കുന്നു.

സംസ്ഥാനത്തെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമായ കെഎസ്ആർടിസി ജീവനക്കാർക്ക് കൃത്യമായി ശമ്പളം ലഭിക്കാതെ കോടതിയെ സമീപിക്കേണ്ടിവന്നു. പെൻഷൻകാർക്ക് നാല് മാസമായി പെൻഷൻ ലഭിക്കുന്നില്ല. കുടുംബം പോറ്റാൻ നിവൃത്തിയില്ലാതെ കെഎസ്ആർടിസി ജീവനക്കാർ മാനസികമായി തകരുകയും നിരവധിപേർ ആത്മഹത്യ ചെയ്യേണ്ടതായും വന്നു.



ബി.എം.എസ്.ജില്ലാ സമ്മേളനത്തിൽ ആർ.എസ്.എസ്. കോഴിക്കോട് വിഭാഗ് പ്രചാർ പ്രമുഖ് ടി.സുധീഷ് സംസാരിക്കുന്നു.



പ്രസിഡന്റ്
സി.പി.രാജേഷ്.



സെക്രട്ടറി
ടി.എം.പ്രശാന്ത്.



ട്രഷറർ
കെ.പി.അഖിൽ ചന്ദ്രൻ.

വാട്ടർ അതോറിറ്റി ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി ലഭിക്കുന്നില്ല. സർക്കാർ ജീവനക്കാർക്ക് നാല്ഗഡു ക്ഷാമബത്ത കുടിശ്ശിക ലഭിച്ചിട്ടില്ല. സർക്കാർ ആശുപത്രികളിൽ കഴിഞ്ഞ ഇരുപത് വർഷക്കാലമായി സ്ഥിര നിയമനം നടക്കുന്നില്ല. പിൻവാതിൽ നിയമനവും സ്വജന പക്ഷപാതവും അഴിമതിയും മുഖമുദ്രയാക്കിയ കേരള സർക്കാർ മാതൃകയാണോ എന്ന് തൊഴിലാളികൾ തിരിച്ചറിയണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു.

ജില്ലാ പ്രസിഡന്റ് പി. ശശിധരന്റെ അധ്യക്ഷതയിൽ ചേർന്ന പ്രതിനിധി സമ്മേളനം മുതിർന്ന പ്രചാരകൻ ആർ. ഹരിയുടെ ദേഹവിയോഗത്തിൽ ആദരാഞ്ജലികളർപ്പിച്ചുകൊണ്ടാണ് നടപടികൾ ആരംഭിച്ചത്.

ആർ.എസ്.എസ്. കോഴിക്കോട് വിഭാഗ് പ്രചാർ പ്രമുഖ് ടി. സുധീഷ് ആശംസാപ്രസംഗം നടത്തുകയുണ്ടായി. ദീപാവലി ദിനത്തിൽ ചേരുന്ന സമ്മേളനം വളരെ പ്രാധാന്യമർഹിക്കുന്നതായി അദ്ദേഹം പറഞ്ഞു. ജനുവരി 22ന് അയോധ്യയിൽ നടക്കുന്ന പ്രാണപ്രതിഷ്ഠയുടെ മുന്നോടിയായി ഇന്ന് ദീപാലങ്കാരം നടക്കുമെന്നും യഥാർഥ ഭാരതത്തെ കണ്ടെത്തുകയാണ് മോദിസർക്കാർ ചെയ്യുന്നതെന്നും അദ്ദേഹം പറഞ്ഞു. ഠേംഗ്ഡിജി ബി.എം.എസ്സിന്റെ ആരംഭത്തിൽതന്നെ ഭാരതത്തിന്റെ സ്വത്വത്തിലധിഷ്ഠിതമായ ആശയങ്ങളാണ് മുന്നോട്ടുവച്ചത്. അത്തരം ആശയങ്ങൾ നിലനിർത്തിക്കൊണ്ട് സംഖ്യാപരമായ വർധനവിനൊപ്പം ഗുണപരമായ വർധനയും നേടാൻ കഴിയട്ടെ എന്ന് അദ്ദേഹം ആശംസിച്ചു.

മുതിർന്ന സംഘപ്രചാരകനും ബി.എം.എസ്സിന്റെ മുൻ സംസ്ഥാന ഉപാധ്യക്ഷനുമായ കെ. ഗംഗാധരനെ സമ്മേളനത്തിൽ പ്രത്യേകം ആദരിക്കുകയുണ്ടായി.

ജില്ലാ സെക്രട്ടറി ടി.എം. പ്രശാന്ത് പ്രവർത്തനറിപ്പോർട്ടും ട്രഷറർ കെ. ഷൈനു വരവ് ചെലവ് കണക്കുകളും അവതരിപ്പിച്ചു. തുടർന്ന് നടന്ന സംഘടനാ ചർച്ചക്ക് ദക്ഷിണക്ഷേത്ര സഹസംഘടനാ സെക്രട്ടറി എം.പി. രാജീവൻ നേതൃത്വം നൽകി. സംസ്ഥാന സംഘടനാ സെക്രട്ടറി കെ. മഹേഷ്, സെക്രട്ടറി അഡ്വ. പി. മുരളീധരൻ, വൈസ് പ്രസിഡന്റ് ഇ. ദിവാകരൻ എന്നിവർ വിവിധ വിഷയങ്ങളെക്കുറിച്ച് സംസാരിച്ചു.

പൂട്ടിക്കിടക്കുന്ന വ്യവസായ ശാലകൾ തുറന്നു പ്രവർത്തിക്കുക, അവശ്യസാധനങ്ങളുടെ വില നിയന്ത്രിക്കുക, തൊഴിലുറപ്പ് തൊഴിലാളികളുടെ തൊഴിൽദിനവും, വേതനവും വർധിപ്പിക്കുക, പെട്രോളിയം ഉൽപ്പന്നങ്ങൾ ജി.എസ്.ടിയിൽ ഉൾപ്പെടുത്തുക തുടങ്ങിയ പ്രമേയങ്ങൾ സമ്മേളനം അംഗീകരിച്ചു.

കെ.വി. സെൽവരാജ് സ്വാഗതവും ടി.എം. പ്രശാന്ത് നന്ദിയും പറഞ്ഞു.

**ഭാരവാഹികൾ**

സി.പി. രാജേഷ് (പ്രസിഡന്റ്), അഡ്വ. പ്രമീള, കെ.വി. സെൽവരാജ്, കെ.പി. പ്രകാശൻ, സി.പി. ദിലീപ്, പി. ബിന്ദു (വൈസ് പ്രസിഡന്റുമാർ) ടി.എം. പ്രശാന്ത് (ജില്ലാ സെക്രട്ടറി) കെ.കെ. വിനയൻ, ഷാജി എടക്കാട്, വിനോദ് ചേളന്നൂർ, സുധീർ ഓർക്കാട്ടേരി, എൻ.കെ. രാജേഷ്, ഷീബ കുന്ദമംഗലം (ജോ. സെക്രട്ടറിമാർ), കെ.പി. അഖിൽ ചന്ദ്രൻ (ട്രഷറർ).

# നവകേരള സദസ്സിന്റെ പേരിലുള്ള ധൂർത്ത് അവസാനിപ്പിക്കണം

## സി. ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ

**എറണാകുളം:** സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം പോലും മുടങ്ങി ജനങ്ങൾ ദുരിതമനുഭവിക്കുമ്പോൾ നവകേരള സദസ്സിന്റെ പേരിൽ നടത്തുന്ന ധൂർത്ത് അവസാനിപ്പിക്കമെന്നും ജില്ലയിൽ പ്രതിസന്ധിയിലായിരിക്കുന്ന വ്യവസായ സ്ഥാപനങ്ങളെ സംരക്ഷിക്കാൻ സംസ്ഥാന സർക്കാർ പ്രത്യേക സാമ്പത്തിക പാക്കേജ് പ്രഖ്യാപിക്കണമെന്നും ബി.എം. എസ്. സംസ്ഥാന പ്രസിഡന്റ് സി. ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ ആവശ്യപ്പെട്ടു.

എറണാകുളം ജില്ലയിൽ പതിനായിരക്കണക്കിന് തൊഴിലാളികൾക്ക് തൊഴിൽ നൽകുന്ന വ്യവസായ സ്ഥാപനങ്ങൾ വലിയ സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് കടന്നു പോകുന്നത്. അവ സംരക്ഷിച്ച് നിലനിർത്താൻ വേണ്ടി ജില്ലയിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് നികുതി ഇളവ് നൽകിയും വൈദ്യുതി നിരക്ക് കറുച്ചുകൊടുക്കുകയും ചെയ്യണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ബി.എം.എസ്. എറണാകുളം ജില്ലാ സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ജില്ലാ പ്രസിഡന്റ് കെ. വിനോദ്കുമാർ അധ്യക്ഷത വഹിച്ചു.

ഇ.എസ്.ഐ. ശമ്പള പരിധി ഉയർത്തുക, പൊതുമേഖല സ്ഥാപനങ്ങളെ സംരക്ഷിക്കുക, ജില്ലയിൽ മണൽവാരൽ പുനരാരംഭിക്കുക, ക്ഷേമനിധി ആനുകൂല്യം വർദ്ധിപ്പിക്കുക, ജില്ലയിലെ വ്യവസായ സ്ഥാപനങ്ങളെ സംരക്ഷിക്കുക, മത്സ്യതൊഴിലാളികളുടെ ജോലിയും കൂലിയും ഉറപ്പുവരുത്തുക, തൊഴിലുറപ്പ് തൊഴിലാളികൾക്ക് സംസ്ഥാന സർക്കാർ വിഹിതം അനുവദിക്കുക എന്നീ പ്രമേയങ്ങൾ സമ്മേളനം പാസ്സാക്കി.

സംസ്ഥാന ജനറൽ സെക്രട്ടറി ജി.കെ. അജിത്ത്, ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ബി. ശിവജി സുദർശൻ, സംഘടനാ സെക്രട്ടറി കെ. മഹേഷ്, സംസ്ഥാന സെക്രട്ടറി കെ.വി. മധുകുമാർ, ജില്ലാ



ബി.എം.എസ്. എറണാകുളം ജില്ലാ സമ്മേളനത്തിലെ പ്രതിനിധികൾ

സെക്രട്ടറി ധനീഷ് നീറിക്കോട്, ട്രഷറർ കെ.എസ്. ശ്യാംജിത്ത് എന്നിവർ സംസാരിച്ചു.

**ഭാരവാഹികൾ**

സതീഷ് ആർ പൈ (ജില്ലാ പ്രസിഡന്റ്) എം.എൽ. സെൽവൻ, എച്ച്. വിനോദ്, ഷൈല മോഹനൻ, ഷിബി തങ്കപ്പൻ, എസ്. സജികുമാർ (വൈസ് പ്രസിഡന്റുമാർ) ധനീഷ് നീറിക്കോട് (ജില്ലാ സെക്രട്ടറി) എം.പി. പ്രദീപ് കുമാർ, സുമേഷ് വലിയനല്ലൂർ, സംഗീത രമീഷ്, പി.വി. റെജിമോൻ, കെ.എസ്. ഷിബു, സി.എസ്. സുബിൻ, എം. രാജേഷ് കുമാർ, അനുരാജ് പായിപ്ര (ജോ. സെക്രട്ടറിമാർ) കെ.എസ്. ശ്യാംജിത്ത് (ജില്ലാ ട്രഷറർ). എന്നിവരെ തെരഞ്ഞെടുത്തു.



പ്രസിഡൻറ്
**സതീഷ് ആർ. പൈ**



സെക്രട്ടറി
**ധനീഷ് നീറിക്കോട്**



ട്രഷറർ
**കെ.എസ്.ശ്യാംജിത്ത്**

# എറണാകുളം ജില്ലയിലെ വ്യവസായ സ്ഥാപനങ്ങളെയും തൊഴിലാളികളെയും സംരക്ഷിക്കണം

കേരളത്തിന്റെ വ്യവസായ തലസ്ഥാനമായി അറിയപ്പെടുന്ന ജില്ലയാണ് എറണാകുളം. സ്വകാര്യ വ്യവസായസ്ഥാപനങ്ങളാൽ സമ്പന്നമായിരുന്ന എറണാകുളം ജില്ല പതിയെ വ്യവസായങ്ങളുടെ ശവപ്പറമ്പായി മാറുന്ന കാഴ്ചയാണ് കണ്ടുവരുന്നത്. പ്രധാനപ്പെട്ട തുണിമില്ലുകളായ അശോക, കാത്തായി, ചാക്കോള, ജിടിഎൻ, ശ്രീചിത്തിര എന്നീ കമ്പനികളാൽ സമ്പന്നമായിരുന്നു എറണാകുളം ജില്ലയിലെ തുണിമിൽ വ്യവസായം. എന്നാൽ, മാറി മാറി ഭരിച്ച സർക്കാരുകളുടെ വികലമായ നയത്തിന്റെ ഭാഗമായി നിലനിൽക്കാൻ പറ്റാതെ ഓരോന്നോരോന്നായി പൂട്ടുകയായിരുന്നു. 2022ൽ ജില്ലയിലെ അവസാന തുണിമില്ലായ ജിടിഎൻ ടെക്സ്റ്റയിൽസും അടച്ചുപൂട്ടിയതോടെ തുണിമില്ലുകൾ ഇല്ലാത്ത വ്യവസായ തലസ്ഥാനമായി എറണാകുളം ജില്ല മാറി. ഇവ കൂടാതെ ജില്ലയിൽ ആയിരക്കണക്കിന് ആളുകൾക്ക് തൊഴിൽ നൽകിയിരുന്ന കമ്പനികളായ ബിനാനിസിങ്ക്, മെർക്കം, ട്രാവൻകൂർ റയോൺസ്, ശ്രീശക്തി പേപ്പർ മിൽസ്, തോഷിബ ആനന്ദ്, ടി.സി.എം, ട്രാവൻകൂർ ഒഗാലെ ഗ്ലാസ് ഫാക്ടറി എന്നിവയെല്ലാം അടച്ചുപൂട്ടിപോയ പ്രധാന വ്യവസായ സ്ഥാപനങ്ങളാണ്. രാജ്യത്തെ മറ്റ് സംസ്ഥാനങ്ങൾ വ്യവസായ സ്ഥാപനങ്ങളെ സംരക്ഷിക്കുവാനും പുതിയവ തുടങ്ങുവാനും വേണ്ടിയുള്ള പാക്കേജുകളും, പദ്ധതികളും ആവിഷ്കരിക്കുമ്പോൾ നമ്മുടെ സർക്കാർ വ്യവസായങ്ങളെ

ആട്ടിയോടിക്കുന്ന സമീപനമാണ് സ്വീകരിക്കുന്നത്. അതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് കിറ്റെക്സ് കമ്പനിക്ക് കേരളം വിട്ട് തെലുങ്കാനയിലെ വാറങ്കലിലേക്ക് ചേക്കേറേണ്ടിവന്നത്. ഏകദേശം 35,000 പേർക്ക് തൊഴിൽ ലഭിക്കേണ്ട ആ സ്ഥാപനത്തെ നാടുകടത്തിയത് വഴി കേരളത്തിൽ തൊഴിൽ തേടി അലയുന്ന യുവാക്കളെയാണ് ഈ സർക്കാർ വഞ്ചിച്ചിരിക്കുന്നത്. വരും ദിവസങ്ങളിൽ ജില്ലയിലെ തൊഴിലാളികൾ നേരിടാൻ പോകുന്ന ഏറ്റവും വലിയ പ്രതിസന്ധി സീഫുഡ് കമ്പനികളുടെ മറ്റു സംസ്ഥാനങ്ങളിലേക്കുള്ള ചുവടുമാറ്റമായിരിക്കും. ജില്ലയിലെ പ്രധാന സീഫുഡ് കമ്പനികളെല്ലാം ആന്ധ്രാപ്രദേശിലേക്ക് അവരുടെ ഉല്പാദനകേന്ദ്രങ്ങൾ മാറ്റുവാനുള്ള തയ്യാറെടുപ്പിലാണ്. ഇതെല്ലാം സൂചിപ്പിക്കുന്നത് വ്യവസായങ്ങളെ സംരക്ഷിക്കുവാൻ സർക്കാർ യാതൊരുവിധ പദ്ധതികളും ആസൂത്രണം ചെയ്യുന്നില്ല എന്നതാണ്. സംസ്ഥാനത്തിന്റെ പ്രധാന സാമ്പത്തിക സ്രോതസ്സുകളിൽ ഒന്നാണ് എറണാകുളം ജില്ലയിലെ വ്യവസായ സംരംഭങ്ങൾ. അവ സംരക്ഷിച്ചില്ലായെങ്കിൽ ഇപ്പോൾതന്നെ സാമ്പത്തിക പ്രതിസന്ധിയിലായ സംസ്ഥാന സർക്കാർ വരും നാളുകളിൽ കൂടുതൽ തകർച്ചയിലേക്കായിരിക്കും പോവുക എന്ന് ഓർക്കണം. ആയതിനാൽ സംസ്ഥാനത്തെ ലക്ഷക്കണക്കിന് ആളുകൾക്ക് തൊഴിൽ നൽകുകയും അതോടൊപ്പം സംസ്ഥാന ഖജനാവിലേക്ക് കോടികൾ നികുതി വരുമാനവും നൽകുന്ന സംസ്ഥാനത്തെ സ്വകാര്യ വ്യവസായ സ്ഥാപനങ്ങളെ സംരക്ഷിക്കുവാൻ കുറഞ്ഞ നിരക്കിൽ വൈദ്യുതി ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളും, നികുതി ഇളവുകളും ഉൾപ്പെടെയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണമെന്നും, വ്യവസായ ശാലകളിലെ തൊഴിലാളികളുടെ ക്ഷേമത്തിനും സുരക്ഷയ്ക്കും വേണ്ടിയുള്ള പദ്ധതികളും നടപ്പിലാക്കണമെന്നും ബി.എം.എസ്. എറണാകുളം ജില്ലാ പ്രതിനിധി സമ്മേളനം സംസ്ഥാന സർക്കാരിനോട് പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു.

കൂടാതെ ഇഎസ്ഐ ശമ്പളപരിധി മുപ്പതിനായിരം രൂപയായി ഉയർത്തുക, മണൽ വാരൽ പുനരാരംഭിക്കുക, കേന്ദ്ര സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ സംരക്ഷിക്കുക, മത്സ്യതൊഴിലാളികളെ സംരക്ഷിക്കുക, ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക, തൊഴിലുറപ്പ് പദ്ധതിക്ക് സംസ്ഥാന സർക്കാർ വിഹിതം അനുവദിക്കുക തുടങ്ങിയ പ്രമേയങ്ങളും സമ്മേളനം അംഗീകരിച്ചു.




**ബി.എം.എസ്. കൊടുങ്ങല്ലൂർ മേഖലാ സമ്മേളനം തൃശ്ശൂർ ജില്ലാ പ്രസിഡന്റ് കെ.വി വിനോദ് ഉദ്ഘാടനം ചെയ്യുന്നു.**

# പെരുമ്പാവൂർ ഡിപ്പോയിൽ അയ്യപ്പഭക്തന്മാർക്ക് സൗകര്യങ്ങൾ ഒരുക്കണം

**പെരുമ്പാവൂർ** - കെ.എസ്.ടി. എംപ്ലോയീസ് സംഘ് (ബി.എം.എസ്.) പെരുമ്പാവൂർ യൂണിറ്റ് വാർഷിക സമ്മേളനം ബി.എം.എസ്. പെരുമ്പാവൂർ മേഖല ഓഫീസിൽ യൂണിറ്റ് പ്രസിഡന്റ് കെ. ആർ. അനിൽകുമാറിന്റെ അധ്യക്ഷതയിൽ സംസ്ഥാന സെക്രട്ടറി എം.ആർ. രമേശ് കുമാർ ഉദ്ഘാടനം ചെയ്തു. ജില്ലാ സെക്രട്ടറി ടി. ബി. സുധീർ സമാപന പ്രഭാഷണവും ഭാരവാഹി പ്രഖ്യാപനവും നടത്തി. ജില്ലാ ട്രഷറർ അനീഷ് എ ശശി യൂണിറ്റ് സെക്രട്ടറി കെ.ജി. സിനോജ്, സന്തോഷ് ജി നായർ, കെ.എ. രവികുമാർ എന്നിവർ പങ്കെടുത്തു. പെരുമ്പാവൂർ ധർമ്മശാസ്താക്ഷേത്രത്തിൽനിന്നും മുൻ വർഷങ്ങളിലെ പോലെ പമ്പയിലേക്ക് കെഎസ്ആർടിസി സർവീസ് നടത്തുക, പെരുമ്പാവൂർ കെഎസ്ആർടിസി ഡിപ്പോയിൽ അയ്യപ്പഭക്തർക്ക് വിശ്രമിക്കാനും വിരിവെക്കുവാനുള്ള സൗകര്യം ഏർപ്പാടാക്കുക എന്നീ പ്രമേയം പാസാക്കി.

# കെ.എസ്.ആർ.ടി.സി: ശമ്പളത്തിന് പ്രാമുഖ്യം നൽകണം

**പത്തനംതിട്ട:** കെഎസ്ആർടിസിയുടെ വരുമാനത്തിൽ ജീവനക്കാരുടെ ശമ്പളത്തിന് പ്രാമുഖ്യം നൽകണമെന്ന് കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് എംപ്ലോയീസ് സംഘ് (ബി.എം.എസ്.) സംസ്ഥാന ഡെപ്യൂട്ടി ജനറൽ സെക്രട്ടറി പ്രദീപ് വി. നായർ ആവശ്യപ്പെട്ടു. എല്ലാമാസവും അഞ്ചാം തീയതിക്ക് മുൻപ് ശമ്പളം നൽകണമെന്ന് മുഖ്യമന്ത്രി നൽകിയ ഉറപ്പ് പാലിക്കാൻ തയ്യാറാകണം. പൊതുവിദ്യാഭ്യാസത്തിനും പൊതുജനാരോഗ്യത്തിനും നൽകുന്ന പ്രാധാന്യം പൊതു ഗതാഗതത്തിനും നൽകി കെഎസ്ആർടിസിയെ സർക്കാർ വകുപ്പാക്കി സംരക്ഷിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. കെഎസ്ടിഇഎസ് - ബി.എം.എസ്. പത്തനംതിട്ട ജില്ലാ സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ജില്ലാ പ്രസിഡന്റ് എ.എസ്. രഘുനാഥിന്റെ അധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ ബി.എം.എസ്. ജില്ലാ സെക്രട്ടറി എ.കെ. ഗിരീഷ്, എൻ.ജി.ഒ. സംഘ് ജില്ലാ പ്രസിഡന്റ് എസ്. ഗിരീഷ്, കെഎസ്ടിഇഎസ്-ബി.എം.എസ്. സംസ്ഥാന വൈസ് പ്രസിഡന്റ് കെ. എൽ. യമുനാദേവി സംസ്ഥാന സെക്രട്ടറി ടി. അശോക് കുമാർ, സംസ്ഥാന സമിതി അംഗം സിമി എസ്. നായർ, ജില്ലാ വർക്കിംഗ് പ്രസിഡന്റ് സി.എ. ഗോപാലകൃഷ്ണൻ നായർ, വൈസ് പ്രസിഡന്റ് പി. ബിനീഷ് എന്നിവർ പ്രസംഗിച്ചു. ജില്ലാ സെക്രട്ടറി എം.കെ. പ്രമോദ് വാർഷിക റിപ്പോർട്ടും ജില്ലാ ട്രഷറർ ആർ. വിനോദ്കുമാർ സാമ്പത്തിക റിപ്പോർട്ടും അവതരിപ്പിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി എസ്. അജയകുമാർ സമാരോപ് നിർവഹിച്ചു. പുതിയ ഭാരവാഹികളായി എ.കെ. ഗിരീഷ് (ജില്ലാ പ്രസിഡന്റ്) എം.കെ. പ്രമോദ് (വർക്കിംഗ് പ്രസിഡന്റ്), എം.ആർ. രാജേഷ്, സന്ധ്യ ആർ. നായർ (വൈസ് പ്രസിഡന്റുമാർ), ജി മനോജ് (ജില്ലാ സെക്രട്ടറി), എം. ജി. മഹേഷ്, ടി.ആർ. രാജേഷ്, ഇ. ജി. രാജശ്രീ (ജോ. സെക്രട്ടറിമാർ), ആർ. വിനോദ്കുമാർ (ജില്ലാ ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു.




കെ.എസ്.ടി. എംപ്ലോയീസ് സംഘ് പത്തനംതിട്ട ജില്ലാ സമ്മേളനം യൂണിയൻ സംസ്ഥാന ഡപ്യൂട്ടി ജനറൽ സെക്രട്ടറി പ്രദീപ് വി.നായർ ഉദ്ഘാടനം ചെയ്യുന്നു.

# ദീർഘദൂര റൂട്ടുകൾ സ്വകാര്യവത്ക്കരിക്കാനുള്ള നീക്കം ഉപേക്ഷിക്കണം

**പാലക്കാട്:** കെഎസ്ആർടിസിയുടെ ദീർഘദൂര സർവ്വീസുകൾ കെ-സ്വിഫ്റ്റിന്റെ മറവിൽ സ്വകാര്യ മേഖലയ്ക്ക് നൽകാനുള്ള നീക്കംസർക്കാർ ഉപേക്ഷിക്കണമെന്നും പൊതുമേഖലയെ തകർക്കുന്ന ഇത്തരത്തിലുള്ള നടപടികൾ സർക്കാർ അവസാനിപ്പിക്കണമെന്നും കെഎസ്ടി എംപ്ലോയീസ് സംഘ് ജില്ലാ സെക്രട്ടറി ടി.വി. രമേഷ്കുമാർ ആവശ്യപ്പെട്ടു. സംഘടനയുടെ പാലക്കാട് യൂണിറ്റ് സമ്മേളനം ബി.എം.എസ്. ജില്ലാ കാര്യാലയത്തിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേം. യൂണിറ്റ് പ്രസിഡന്റ് കെ.പി. രാധാകൃഷ്ണൻ അധ്യക്ഷത വഹിച്ച യോഗത്തിൽ സെക്രട്ടറി എം. മുരുകേശൻ സംഘടനാ റിപ്പോർട്ടും, ആർ. ശിവകുമാർ സാമ്പത്തിക റിപ്പോർട്ടും അവതരിപ്പിച്ചു. സി. സുമതി സ്വാഗതം പറഞ്ഞ സമ്മേളനത്തിൽ യൂണിറ്റ് പ്രഭാരി എൻ. കാളിദാസ്, ജില്ലാ വർക്കിംഗ് പ്രസിഡന്റ് കെ. സുരേഷ് കൃഷ്ണൻ,




**കെ.എസ്.ടി. എംപ്ലോയീസ് സംഘ് പാലക്കാട് യൂണിറ്റ് സമ്മേളനം യൂണിയൻ ജില്ലാ സെക്രട്ടറി ടി.വി.രമേഷ് കുമാർ ഉദ്ഘാടനം ചെയ്യുന്നു.**

കെ. അനിൽകുമാർ എന്നിവർ സംസാരിച്ചു. പുതിയ ഭാരവാഹികളെ യോഗം ഐക്യകണ്ഠ്യേന തെരഞ്ഞെടുത്തു. പ്രസിഡന്റ് കെ. പി. രാധാകൃഷ്ണൻ, സെക്രട്ടറി - എം. മുരുകേഷൻ, ട്രഷറർ - ആർ. ശിവകുമാർ, വൈസ് പ്രസിഡന്റുമാർ: എസ്. സരേഷ്, എൽ. രവി പ്രകാശ്, എ. വിനോദ്, കെ. വിനോദ്, സികെ. സുകുമാരൻ, ഇ. ശശി, ജോ. സെക്രട്ടറിമാർ - എം. അരുൺകുമാർ, കെ. അനിൽകുമാർ, നാഗനന്ദകുമാർ, വി. രാജഗോപാൽ.

# അസൗകര്യങ്ങൾക്കു പിന്നിൽ അഴിമതിയോ?

**പാലക്കാട്:** പുതിയതായി നിർമ്മിച്ച കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റ് അഴിമതിയുടെ ഒന്നാം വാർഷികം ആഘോഷിക്കുകയാണെന്ന് കെഎസ്ടി എംപ്ലോയീസ് സംഘ് പാലക്കാട് ജില്ലാ സെക്രട്ടറി ടി.വി. രമേഷ്കുമാർ ആരോപിച്ചു. ഒരു ശുചിമുറി പോലും പണിയാൻ കഴിയാത്ത എം.എൽ.എയാണ് പാലക്കാടിന്റേത് എന്ന് തങ്ങൾ വിശ്വസിക്കുന്നില്ലെന്നും മറിച്ച് കെട്ടിടം പണിയിലെ അഴിമതിയാണ് ഇതിലൂടെ പുറത്തുവന്നതെന്നും അദ്ദേഹം പറഞ്ഞു. പുതിയ ബസ് സ്റ്റാന്റിലെ അസൗകര്യങ്ങൾ പരിഹരിക്കണമെന്നും നിർമ്മാണ അഴിമതി അന്വേഷിക്കണമെന്നും ആവശ്യപ്പെട്ട്

കെഎസ്ടി എംപ്ലോയീസ് സംഘ് പാലക്കാട് ഡിപ്പോയിൽ നടത്തിയ പ്രതിഷേധം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഉദ്ഘാടനം കഴിഞ്ഞ് ഒരു വർഷമായിട്ടും കെട്ടിടത്തിലെ ശുചി മുറികൾ ജീവനക്കാർക്കോ യാത്രക്കാർക്കോ തുറന്നു കൊടുക്കാൻ സാധിച്ചിട്ടില്ല. ഇതിനു പിന്നിൽ നിർമ്മാണത്തിലെ ക്രമക്കേടുകളാണ്. ടെൻഡർ നടപടി പൂർത്തിയായി ഒരു വർഷമാകാറായിട്ടും കാന്റീൻ തുറന്നു പ്രവർത്തിക്കാനോ അല്ലാത്ത പക്ഷം റീ ടെൻഡർ നടത്താനോ തയ്യാറായിട്ടില്ല. ഇത് പരിസരത്തുള്ള വൻകിട ഹോട്ടലുകളെ സഹായിക്കാനാണ്. സ്ത്രീകളുടെ വിശ്രമമുറി, ഫീഡിംഗ് റൂം എന്നിവ പൊതുജനങ്ങൾക്ക് ഇതുവരെ തുറന്നു കൊടുത്തിട്ടില്ല. എം.എൽ.എയുടെ പേര് പരസ്യം ചെയ്യാനുള്ള വെറുമൊരു കോൺക്രീറ്റ് നിർമ്മിതി മാത്രമായി മാറിയിരിക്കുകയാണ് ഈ കെട്ടിടമെന്നും ടി.വി. രമേശ്കുമാർ പറഞ്ഞു. ഈ അഴിമതികൾ ബഹു. എം.എൽ.എയുടെ അറിവോടെയാണോ എന്ന് വ്യക്തമാക്കാൻ അദ്ദേഹം തയ്യാറാവണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

ജില്ലാ ട്രാൻസ്പോർട്ട് ഓഫീസിനു മുമ്പിൽ നടന്ന ധർണ്ണയിൽ ജില്ലാ വൈസ് പ്രസിഡന്റ് പി.ആർ. മഹേഷ് അധ്യക്ഷത വഹിച്ചു. ജില്ലാ ഭാരവാഹികളായ വി. ശിവദാസ്, കെ. സുധീഷ്, സി. ശശാങ്കൻ, എൻ. കാളിദാസ്, എം. കണ്ണൻ, എൽ. മധു എന്നിവർ സംസാരിച്ചു. പ്രതിഷേധ പ്രകടനത്തിന് ജില്ലാ കമ്മിറ്റി അംഗങ്ങളായ യു. തുളസീദാസ്, വി. കണ്ണൻ, എ. ചന്ദ്രപ്രകാശ്, പി.സി. ഷാജി, എം. മുരുകേശൻ എന്നിവർ നേതൃത്വം നൽകി.

# സൗജന്യ നേത്രപരിശോധന ക്യാമ്പ്

**കൊടുങ്ങല്ലൂർ:** ബി.എം.എസ്. കൊടുങ്ങല്ലൂർ മേഖല കമ്മിറ്റി പാലാരിവട്ടം ചൈതന്യ കണ്ണാശുപത്രിയുടെ സഹകരണത്തോടെ സൗജന്യ നേത്ര പരിശോധനയും തിമിരശസ്ത്രക്രിയ ക്യാമ്പും സംഘടിപ്പിച്ചു. ബി.എം.എസ്. സംസ്ഥാന സമിതി അംഗം ടി.സി. സേതുമാധവൻ ഉദ്ഘാടനം ചെയ്തു. കൗൺസിലർമാരായ ശാലിനി വെങ്കിടേഷ്, രശ്മി ബാബു, റീന അനിൽ കുമാർ എന്നിവർ ആശംസകൾ അർപ്പിച്ചു. ബി.എം.എസ്. ജില്ലാ ജോയിന്റ് സെക്രട്ടറി കെ. ഹരീഷ്, ജില്ലാ വൈസ് പ്രസിഡന്റ് കെ.ബി. ജയശങ്കർ, മേഖല സെക്രട്ടറി എ.എസ്. രാധാകൃഷ്ണൻ, പ്രസിഡന്റ് കെ.എസ്. ലാലൻ, ശ്രീജിത്ത് നാലുമാക്കൽ, വി.ജി. ഉണ്ണികൃഷ്ണൻ എന്നിവർ നേതൃത്വം നൽകി.



**നിർമ്മാണ തൊഴിലാളി സംഘം പാലക്കാട് ജില്ലാ പ്രവർത്തക സമിതി യോഗം ബി.എം.എസ്. ജില്ലാ സെക്രട്ടറി കെ.രാജേഷ് ഉദ്ഘാടനം ചെയ്യുന്നു.**

### ജീവനക്കാരുടെ അവകാശങ്ങൾ നിഷേധിക്കാനാവില്ല:

# സർക്കാർ ജീവനക്കാരും അധ്യാപകരും ജനുവരി 24ന് പണിമുടക്കും

**തിരുവനന്തപുരം:** കാലങ്ങളായി സർക്കാർ ജീവനക്കാർക്ക് ലഭ്യമായിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ ഓരോന്നായി കഴിഞ്ഞ ഏഴര വർഷക്കാലത്തെ പിണറായിയുടെ ഭരണത്തിൽ കവർന്നെടുത്തതായി ബി.എം.എസ്. സംസ്ഥാന പ്രസിഡന്റ് സി.ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ പ്രസ്താവിച്ചു. ഫെറ്റോയുടെ ആഭിമുഖ്യത്തിൽ സംസ്ഥാന ജീവനക്കാരുടെയും അധ്യാപകരുടെയും പണിമുടക്കിനോടനുബന്ധിച്ച് സമരപ്രഖ്യാപന കൺവെൻഷൻ തിരുവനന്തപുരം അധ്യാപക ഭവനിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സംസ്ഥാനം സമ്പൂർണ്ണ തകർച്ചയുടെ വക്കിലാണ്. കെ.എസ്.ആർ.ടി.സിയെയും കെ.എസ്.എഫ്.ഇയെയും പോലെ യൂണിവേഴ്സിറ്റികളും തകർച്ചയുടെ വക്കിലാണ്. സർക്കാർ ജീവനക്കാർക്ക് 18 ശതമാനം ക്ഷാമബത്തയാണ് കുടിശ്ശികയായിരിക്കുന്നത്. എന്നാൽ സംസ്ഥാനത്ത് പിരിച്ചെടുക്കാനുള്ള കോടികളുടെ നികുതി കുടിശ്ശികയാണ്. ഇത് സർക്കാരിന്റെ വീഴ്ചയാണെന്നും അദ്ദേഹം പറഞ്ഞു.

നികുതി പിരിച്ചെടുക്കാൻ ചുമതലപ്പെട്ട ജി.എസ്.ടി. മേധാവിയെ നവകേരള സദസിന് സ്പോൺസർമാരെ കണ്ടെത്താനുള്ള ചുമതലയാണ് നൽകിയിരിക്കുന്നത്. ഇതിലൊന്നും പ്രതിഷേധിക്കാൻ ഇടതു സർവ്വീസ് സംഘടനകൾക്കാകുന്നില്ല. ദൽഹിയിൽ കർഷക സമരത്തിന് പോയവർ കേരളത്തിൽ കർഷകർ ആത്മഹത്യ ചെയ്യുന്നത് കണ്ടതായിപ്പോലും നടിക്കുന്നില്ല. ആത്മഹത്യ ചെയ്യുന്ന കർഷകരും പെൻഷനുവേണ്ടി സമരം ചെയ്യുന്ന വൃദ്ധരുമാണ് പിണറായി സർക്കാരിന്റെ കാലത്തെ കേരളത്തിന്റെ യഥാർത്ഥ പരിച്ഛേദമെന്നും സി.ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ പറഞ്ഞു.

ഫെറ്റോ സംസ്ഥാന പ്രസിഡന്റ് എസ്.കെ. ജയകുമാർ അധ്യക്ഷത വഹിച്ചു. സംസ്ഥാനത്തിന്റെ സർവീസ് ചരിത്രത്തിൽ ഇന്നുവരെ ഉണ്ടായിട്ടില്ലാത്തവിധം പ്രതിസന്ധിയാണ് പിണറായി സർക്കാരിന്റെ ഭരണകാലത്ത് ഉണ്ടായിരിക്കുന്നതെന്ന് ജയകുമാർ പറഞ്ഞു. ആർ.ആർ.കെ.എം.എസ്. ദേശീയ വൈസ് പ്രസിഡന്റ് പി. സുനിൽ കുമാർ, എൻ.ടി.യു. സംസ്ഥാന പ്രസിഡന്റ് പി.എസ്. ഗോപകുമാർ, എൻ.ജി.ഒ. സംഘ് സംസ്ഥാന പ്രസിഡന്റ് ടി.എൻ. രമേശ്, ജനറൽ സെക്രട്ടറി പ്രകാശ് എ., പ്രസ്സ് വർക്കേഴ്സ് സംഘ് സംസ്ഥാന ജനറൽ സെക്രട്ടറി സി.കെ. ജയപ്രസാദ്, കെ.ജി.ഒ. സംഘ് സംസ്ഥാന പ്രസിഡന്റ് ബി. മനു, പി.എസ്.സി. എംപ്ലോയീസ് സംഘ് സംസ്ഥാന പ്രസിഡന്റ് ടി.എൻ. പ്രദീപ്കുമാർ, ജനറൽ സെക്രട്ടറി ആർ. ഹരികൃഷ്ണൻ, എൻ.ടി.യു. വൈസ് പ്രസിഡന്റ് എസ്. ശ്യാംലാൽ, യൂണിവേഴ്സിറ്റി എംപ്ലോയിസ് സംഘ് സംസ്ഥാന ജനറൽ സെക്രട്ടറി അരുൺകുമാർ, ഫെറ്റോ ജില്ലാ പ്രസിഡന്റ് എസ്. വിനോദ്കുമാർ തുടങ്ങിയവർ സംസാരിച്ചു.



**തിരുവനന്തപുരത്ത് ചേർന്ന ഫെറ്റോ സമരപ്രഖ്യാപന കൺവെൻഷൻ ബി.എം.എസ്. സംസ്ഥാന പ്രസിഡന്റ് സി.ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ ഉദ്ഘാടനം ചെയ്യുന്നു.**

# ഫാം വർക്കേഴ്സ് സംഘിനോടുള്ള വിവേചനത്തിനെതിരെ പരാതി നൽകി

**മണ്ണുത്തി:** കേരള കാർഷിക സർവകലാശാല ഫാം വർക്കേഴ്സ് സംഘിനോടുള്ള അധികൃതരുടെ വിവേചനത്തിനെതിരെ സർവകലാശാല രജിസ്ട്രാർക്ക് പരാതി നൽകി. ആവശ്യമായ സംഘടനാബലം ഉണ്ടായിട്ടും നിയമാനുസൃതമായി പ്രവർത്തിക്കുന്ന സംഘടനയെ ചർച്ചകളിൽ വിലക്കുന്നതും, സംഘടനാ സ്വാതന്ത്ര്യം നിഷേധിക്കുന്നതും ജനാധിപത്യവിരുദ്ധമാണെന്ന് രജിസ്ട്രാറുമായി ചർച്ച നടത്തിയ ഫെറ്റോയുടെയും ബി.എം.എസ്സിന്റെയും നേതാക്കൾ പറഞ്ഞു. വിഷയം പരിശോധിച്ച് ഉടൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് രജിസ്ട്രാർ ഉറപ്പു നൽകി.

ബി.എം.എസ്. ജില്ലാ സെക്രട്ടറി സേതു തിരുവെങ്കിടം, സംസ്ഥാന സമിതിയംഗം എ.സി. കൃഷ്ണൻ, ഫെറ്റോ ജില്ലാ സെക്രട്ടറി ജയൻ പൂമംഗലം, കേരള അഗ്രി. യൂണിവേഴ്സിറ്റി എംപ്ലോയിസ് സംഘ് സംസ്ഥാന ജനറൽ സെക്രട്ടറി അനൂപ് എസ്. പിള്ള എന്നിവർ പങ്കെടുത്തു.

# കോഴിക്കോട് വലിയങ്ങാടിയിൽ ചുമട് യൂണിറ്റ് രൂപീകരിച്ചു

**കോഴിക്കോട്:** വലിയങ്ങാടിയിൽ അടുക്ക്-മറിപ്പ് ചുമട്ട് തൊഴിൽ മേഖലയിൽ ചുമട് മസ്ദൂർ സംഘത്തിന്റെ യൂണിറ്റ് ആരംഭിച്ചു. വിവിധ യൂണിയനുകളിൽ നിന്ന് രാജിവെച്ച ഏഴ് തൊഴിലാളികളാണ് ബി.എം.എസ്. യൂണിയനിൽ ചേർന്നത്. ബി.എം.എസ്. ജില്ലാ പ്രസിഡന്റ് സി.പി. രാജേഷ് തൊഴിലാളികളെ ഷാൾ അണിയിച്ച് സ്വീകരിച്ചു. യൂണിയൻ ജില്ലാ ജനറൽ സെക്രട്ടറി പി. പരമേശ്വരൻ, ബി.എം.എസ്. ജില്ലാ വൈസ് പ്രസിഡന്റ് കെ.വി. സെൽവരാജ്, ബി.എം.എസ്. നോർത്ത് മേഖല സെക്രട്ടറി രതീഷ് ബാബു, ബി.എം.എസ്. സൗത്ത് മേഖലാ ജോ. സെക്രട്ടറി നിഖിൽ എന്നിവർ സംസാരിച്ചു.



ചുമട് മസ്ദൂർ സംഘം കോഴിക്കോട് വലിയങ്ങാടി യൂണിറ്റ് രൂപീകരണ യോഗം.

# ആഭരണ തൊഴിലാളികളെ സംരക്ഷിക്കണം



**കേരള പ്രദേശ് ആഭരണ നിർമ്മാണ തൊഴിലാളി ഫെഡറേഷൻ സംസ്ഥാന പ്രതിനിധി സമ്മേളനം ബി.എം.എസ്. സംസ്ഥാന സെക്രട്ടറി അഡ്വ. പി.മുരളീധരൻ ഉദ്ഘാടനം ചെയ്യുന്നു**

**കോഴിക്കോട്:** ആഭരണ നിർമ്മാണ മേഖലയിൽ പണിയെടുക്കുന്ന പരമ്പരാഗത തൊഴിലാളികളെ സംരക്ഷിക്കണമെന്ന് ബി.എം.എസ്. സംസ്ഥാന സെക്രട്ടറി അഡ്വ. പി. മുരളീധരൻ പറഞ്ഞു. കേരള പ്രദേശ് ആഭരണ നിർമ്മാണ തൊഴിലാളി ഫെഡറേഷൻ സംസ്ഥാന പ്രതിനിധി സമ്മേളനം നളന്ദ ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. സാധാരണക്കാരേയും തൊഴിലാളികളേയും അവഗണിക്കുന്ന നിലപാട് ഇടതുമുന്നണി സർക്കാർ സ്വീകരിക്കുന്നതെന്ന് അദ്ദേഹം ആരോപിച്ചു. ഫെഡറേഷൻ പ്രസിഡന്റ് ദേവുഉണ്ണി അധ്യക്ഷത വഹിച്ചു.

ബി.എം.എസ്. സംസ്ഥാന പ്രസിഡന്റ് ഇ. ദിവാകരൻ കോഴിക്കോട് ജില്ലാ പ്രസിഡന്റ് സി.പി. രാജേഷ്, സെക്രട്ടറി ടി.എം. പ്രശാന്ത്, കോമൺ സർവ്വീസ് സെന്റർ വർക്കേഴ്സ് സംഘ് സംസ്ഥാന സെക്രട്ടറി അഖിൽ ചന്ദ്രൻ, പി. ബിന്ദു, സെൽവരാജ്, രാജേന്ദ്രൻ എന്നിവർ സംസാരിച്ചു.

സെസ്സ് കലക്ഷൻ ഊർജ്ജിതപ്പെടുത്തി ക്ഷേമനിധി പ്ര വർത്തനം കാര്യക്ഷമമാക്കുക, ആഭരണ തൊഴിൽമേഖലയിലെ പരമ്പരാഗത തൊഴിലാളികളെ സംരക്ഷിക്കുക എന്നീ പ്രമേയങ്ങൾ സമ്മേളനം പാസ്സാക്കി വിവിധ ജില്ലകളിൽനിന്ന് ഇരുനൂറിൽപരം പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുക്കുകയുണ്ടായി.

**ഭാരവാഹികൾ**

സി. ദേവു ഉണ്ണി പ്രസിഡന്റ് (മലപ്പുറം), വൈസ് പ്രസിഡന്റുമാർ ഗുരുദാസ് (കാസർഗോഡ്), അനിൽകുമാർ (പത്തനംതിട്ട), ഷൺമുഖൻ (പാലക്കാട്), ജനറൽ സെക്രട്ടറി എസ്. രാജേന്ദ്രൻ (പാലക്കാട്), സെക്രട്ടറിമാർ അരുൺ എം.വി. (വയനാട്), ജയശങ്കർ (തൃശൂർ), സജിത് ബോൾഗാട്ടി (എറണാകുളം), ട്രഷറർ പി. ബിന്ദു (കോഴിക്കോട്)



**സി. ദേവു ഉണ്ണി**
പ്രസിഡന്റ്



**എസ്. രാജേന്ദ്രൻ**
ജനറൽ സെക്രട്ടറി



**പി. ബിന്ദു**
ട്രഷറർ

# ആദരാഞ്ജലികൾ



മലയാള ചെറുകഥാകൃത്തും, നോവലിസ്റ്റുമായ പി.വത്സല.



സുപ്രീം കോടതി ആദ്യ വനിതാ ജഡ്ജിയും തമിഴ്നാട് ഗവർണറുമായിരുന്ന എം.ഫാത്തിമാ ബീബി.



കർണാടക സംഗീതജ്ഞയും അഭിനേത്രിയുമായിരുന്ന ആർ.സുബ്ബലക്ഷ്മി.



ബി.എം.എസ്. അങ്കമാലി മേഖലാ പ്രസിഡന്റ് കെ.എസ്.സേതു

## ഉപഭോക്തൃവില സൂചിക

കേരളത്തിലെ വിവിധ കേന്ദ്രങ്ങളിലെ 2023 ഓഗസ്റ്റ്,സെപ്റ്റംബർ മാസങ്ങളിലെ വില സൂചിക ഔദ്യോഗികമായി പ്രഖ്യാപിച്ച പട്ടികയാണ് ചുവടെ ചേർക്കുന്നത്. Department of economics and statistics Trivandrum Dated 13-11-2023 അടിസ്ഥാനവർഷം 1998 – 99 = 100

പഴയ സീരീസ് അനുസരിച്ച്

| Sl. No. | സെന്റർ | ലിങ്കിങ് ഫാക്ടർ | വിലസൂചിക അടിസ്ഥാനവർഷം: 2011-12=100 | | വിലസൂചിക അടിസ്ഥാനവർഷം: 1998-99=100 | |
|---|---|---|---|---|---|---|
| | | | 2023 ഓഗസ്റ്റ് | 2023 സെപ്റ്റംബർ | 2023 ഓഗസ്റ്റ് | 2023 സെപ്റ്റംബർ |
| 1. | തിരുവനന്തപുരം | 2.11 | 200 | 198 | 422 | 418 |
| 2. | കൊല്ലം | 2.09 | 195 | 193 | 408 | 403 |
| 3. | പുനലൂർ | 2.10 | 194 | 193 | 407 | 405 |
| 4. | പത്തനംതിട്ട | 2.03 | 211 | 211 | 428 | 428 |
| 5. | ആലപ്പുഴ | 2.05 | 201 | 198 | 412 | 406 |
| 6. | കോട്ടയം | 2.08 | 206 | 206 | 428 | 428 |
| 7. | മുണ്ടക്കയം | 2.17 | 199 | 197 | 432 | 427 |
| 8. | ഇടുക്കി | 1.97 | 201 | 199 | 396 | 392 |
| 9. | എറണാകുളം | 2.03 | 196 | 196 | 398 | 398 |
| 10. | ചാലക്കുടി | 2.00 | 215 | 214 | 430 | 428 |
| 11. | തൃശൂർ | 1.87 | 209 | 207 | 391 | 387 |
| 12. | പാലക്കാട് | 2.09 | 193 | 192 | 403 | 401 |
| 13. | മലപ്പുറം | 2.00 | 200 | 196 | 400 | 392 |
| 14. | കോഴിക്കോട് | 2.02 | 207 | 205 | 418 | 414 |
| 15. | വയനാട് | 1.93 | 200 | 197 | 386 | 380 |
| 16. | കണ്ണൂർ | 2.02 | 207 | 207 | 418 | 418 |
| 17. | കാസർഗോഡ് | 2.05 | 213 | 211 | 437 | 433 |

# ഭാരതത്തെ വളരെയധികം ബഹുമാനിക്കുന്നു

**എറണാകുളം** : തേയില മേഖലയെക്കുറിച്ച് റിസർച്ച് നടത്തുന്നതിന്റെ ഭാഗമായി എറണാകുളം തൊഴിലാളി പഠന പരിശീലന ഗവേഷണ കേന്ദ്രം സന്ദർശിച്ച സ്വീഡനിലെ ചരിത്ര വിദ്യാർത്ഥിനി മിസ് ക്ലാരി ലിന്റ് ക്വിവിസ്ക്കി (Miss.Klari Lind Quiwisky) ഭാരതത്തോടുള്ള ബഹുമാനം അറിയിക്കുകയുണ്ടായി. സ്വീഡനിലേയും ഭാരതത്തിലേയും സാമൂഹിക സാംസ്കാരിക മേഖലകളിലെ സവിശേഷതകൾ പങ്കുവെച്ചുകൊണ്ട് സംസാരിക്കുകയായിരുന്നു അവർ.

ഓക്സ്ഫോഡ് ടീ കമ്പനിയിലെ ജീവനക്കാരികൂടിയായ അവർ തേയില തോട്ടം തൊഴിലാളികളുടെ തൊഴിൽ സാഹചര്യം, വേതന വ്യവസ്ഥകൾ, ജീവിത നിലവാരം,താമസം, സാമൂഹ്യ സുരക്ഷാ പദ്ധതികൾ,ട്രേഡ് യൂണിയൻ പ്രവർത്തനം, തൊഴിലാളികളുടെ ആവശ്യങ്ങൾ നേടിയെടുക്കൽ, തേയിലയുടെ ഗുണനിലവാരം (Social Standard), സംഭരണം,ലേലം,വിതരണം തുടങ്ങിയ നിരവധി കാര്യങ്ങളടങ്ങിയ ചോദ്യാവലി ആയിരുന്നു തയ്യാറാക്കിയിരുന്നത്. എല്ലാ ചോദ്യങ്ങൾക്കും വ്യക്തമായ വിവരങ്ങൾ നൽകിയതിന് ഭാരതീയ മസ്ദൂർ സംഘത്തെ പ്രത്യേകം അഭിനന്ദിക്കുന്നതായും അവർ പറഞ്ഞു.

ബി.എം.എസ്. ദേശീയ സെക്രട്ടറി വി.രാധാകൃഷ്ണൻ,ദക്ഷിണ ക്ഷേത്ര സംഘടനാ സെക്രട്ടറി എസ്.ദുരൈരാജ്, സംസ്ഥാന സംഘടനാ സെക്രട്ടറി കെ.മഹേഷ്, സംസ്ഥാന സെക്രട്ടറി സിബി വർഗ്ഗീസ് എന്നിവർ സംബന്ധിച്ചു.



**തൊഴിലാളി പഠന പരിശീലന ഗവേഷണ കേന്ദ്രം സന്ദർശിച്ച സ്വീഡനിലെ ചരിത്ര വിദ്യാർത്ഥിനി മിസ് ക്ലാരി ലിന്റ് ക്വിവിസ്ക്കിയെ ബി.എം.എസ്. നേതാക്കൾ പൂച്ചെണ്ട് നൽകി സ്വീകരിക്കുന്നു.**

## അഭിനന്ദനങ്ങൾ



**ഡൽഹിയിൽ നടന്ന കിക്ക് ബോക്സിങ് ചാമ്പ്യൻഷിപ്പിൽ സ്വർണ്ണമെഡൽ നേടിയ വിഷ്ണു കോഴിക്കോട്. (ബി.എം.എസ്. കുന്ദമംഗലം മേഖലാ വൈസ് പ്രസിഡന്റ് വിശ്വനാഥന്റെ മകനാണ്.)**



**ബി.എച്ച്.എം.എസ്. പരീക്ഷയിൽ ഉന്നത വിജയം നേടിയ ഡോ.കൃഷ്ണേന്ദുവിന് ഭാരതീയ ജോതിഷ വിചാര സംഘം പത്തനംതിട്ട ജില്ലാ സമിതി പ്രസിഡന്റ് രജീഷ് കൃഷ്ണയും സംസ്ഥാന ട്രഷറർ സോമശേഖരനും ചേർന്ന് ആദരിക്കുന്നു.**




ബി.എം.എസ് കോട്ടയം ജില്ലാ ഏകദിന ശില്പശാല ദേശീയ നിർവാഹക സമിതിയംഗം കെ.കെ.വിജയകുമാർ ഉദ്ഘാടനം ചെയ്യുന്നു.



ബി.എം.എസ്. കാർത്തികപ്പള്ളി മേഖലാ ഓഫീസ് ഉദ്ഘാടനം സംസ്ഥാന സെക്രട്ടറി കെ.വി. മധുകുമാർ നിർവഹിക്കുന്നു.



ഫെറ്റോ സമരപ്രഖ്യാപന കൺവെൻഷൻ തൃശ്ശൂരിൽ എൻ.ടി.യു. സംസ്ഥാന വൈസ് പ്രസിഡന്റ് കെ.സ്മിത ഉദ്ഘാടനം ചെയ്യുന്നു.



ബി.എം.എസ്. കോഴിക്കോട് ജില്ലാ സമ്മേളനം സംസ്ഥാന ജനറൽ സെക്രട്ടറി ജി.കെ. അജിത്ത് ഉദ്ഘാടനം ചെയ്യുന്നു.




ഷിപ്‌യാർഡ് എംപ്ലോയീസ് സംഘ് വാർഷിക പൊതുയോഗം ബി.എം.എസ്. ദക്ഷിണ ക്ഷേത്ര സഹ സംഘടനാ സെക്രട്ടറി എം.പി. രാജീവൻ ഉദ്ഘാടനം ചെയ്യുന്നു.



ഭാരതീയ ആർട്ട് വർക്കേഴ്സ് സംഘ് പ്രഥമ സംസ്ഥാന സമ്മേളനം ബി.എം.എസ്. ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ബി. ശിവജി സുദർശൻ ഉദ്ഘാടനം ചെയ്യുന്നു.

MAZDOOR BHARATHI
R.N.I.NO 29578/79 REGISTERED NO. KL/CT/103/2021-23 LICENCED TO POST WITHOUT PREPAYMENT LICENCE NO. KL/PMG/NR/WPP/17/KKD/2021-23 | POSTED AT KOZHIKODE RMS Price Rs. 15/-
Publishing Date: 16th DECEMBER 2023




Printed and Published by K. Gangadharan Mazdoor Bharathi Office, Kallai Road, Kozhikode,Kerala-673 002 and Printed at Geethanjali Offset Prints Kundayithode, Kolathara P.O., Kozhikode, Kerala- 673 655. Editor : K.K. Vijayakumar (Editor responsible for selection of news under the PRB Act) E-mail:mazdoorbharathi@gmail.com. PH: 0495 2305040.